# രാവണവിജയം

## (ആട്ടക്കഥ)

വിദ്വാൻ:

കിളിമാനൂർ രാജരാജവർമ്മ കോയിത്തമ്പുരാൻ

വ്യാഖ്യാതാ

**വട്ടപ്പറമ്പിൽ ഗോപിനാഥൻപിള്ള**

എം. ഏ: ബി. എഡ്

(ബിഷപ്പ് മൂർ കോളേജ്-മാവേലിക്കര)

പ്രസാധകർ

**എസ്സ്. എച്ച്. ബുക്ക് ഡിപ്പോ**

ചങ്ങനാശേരി.

# രാവണ വിജയം

48109

വ്യാഖ്യാതാ

**വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള**

എം. ഏ: ബി. എഡ്.

(ബിഷപ്പ് മൂർ കോളേജ് - മാവേലിക്കര)

പ്രസാധകർ

എസ്സ്. എച്ച്. ബുക്ക് ഡിപ്പോ

ചങ്ങനാശേരി.

NATIONAL BOOK ... SPCS LTD

(Malayalam)

# RAVANAVIJAYAM

Commentary by

MAS

Vattapparampil

**Gopinatha Pillai. M. A; B. Ed**

(Bishop Moore College, Mavelikkara)

First Published-October 1970

Printed at S. V. Press, Changanacherry

Copy right Reserved

Price Rs, 2-50

Publishers,

S. H. BOOK DEPOT

Changanacherry.

KOTTAYAM.

# ആമുഖം.

പൗരസ്ത്യർ കലാസാമാന്യത്തെ ദൃശ്യം, ശ്രാവ്യം എന്നു രണ്ടായിത്തിരിച്ചിട്ടുണ്ടു്. നേത്രദ്വാരാ മനസ്സിനാനന്ദം നല്കുന്നവ ദൃശ്യകലകളും ശ്രോത്രമാർഗ്ഗേണ രസിക്കേണ്ടവ ശ്രാവ്യകലകളുമാകുന്നു

ദൃശ്യകലാപ്രസ്ഥാനത്തെ നാട്യം, നൃത്തം, നൃത്യം എന്നു മൂന്നായി വിഭജിച്ചിരിക്കുന്നു. വാക്യാർത്ഥാഭിനയവും തന്മൂലം രസാശ്രയവുമായിട്ടുള്ളതു് നാട്യം; നാടകാദി രൂപകങ്ങളും, ചാക്യാർകൂത്തു്, പാഠകം മുതലായവയും നാട്യത്തിൽ പെടും. പദാർത്ഥാഭിനയ പ്രധാനവും അതുകൊണ്ടു് ഭാവാശ്രയവുമാണു് നൃത്യ; നടന്മാർ രംഗത്തു വേഷമണിഞ്ഞു വന്നു് പാട്ടിന്റെ അർത്ഥം വ്യക്തമാകത്തക്കവണ്ണം പദംപ്രതി ഹസ്തമുദ്ര കാട്ടുകയും സ്ഥായിഭാവം വിടാതെ സന്ദർഭാനുസരണമായി ഭാവരസങ്ങളെ സ്ഫുരിപ്പിക്കുകയും പാദംകൊണ്ടു താളം ചവിട്ടുകയും ഏകകാലത്തിൽ ചെയ്യണമെന്നാണു് നൃത്യത്തിന്റെ വ്യവസ്ഥ. കഥകളി നൃത്യവിഭാഗത്തിൽപെട്ട ഒരു കലയാണു്. കരചരണ വിക്ഷേപങ്ങൾ വഴിയായി നിർവഹിക്കുന്ന താളലയാശ്രയമായ നർത്തനമാണു് നൃത്തം; മയൂര നൃത്തം, വ്യാധനൃത്തം മുതലായ നൃത്ത വിശേഷങ്ങൾ ഇതിൽ പെടും.

ചില ആട്ടക്കഥാകർത്താക്കൾ കഥകളിയെ, 'നാടകം', നാട്യപ്രബന്ധം', എന്നിങ്ങനെയാണു് വ്യവഹരിക്കുന്നതു്. "ദക്ഷയാഗ നാട്യ പ്രബന്ധമുദിതം," "ധ്രുവചരിതാഭിധമദ്യ നാടകം," "പ്രലംബദൈതേയ വധ പ്രബന്ധം," "കൃഷ്ണാജ്ഞ

നീയ വിജയം നടന പ്രബന്ധം," മത്സ്യവല്ലഭജയാഖ്യ നാടകം" മുതലായവ നോക്കുക. നാട്യ നൃത്യങ്ങൾക്ക് അഭിന്നത്വം കല്പിച്ചുകൊണ്ടുള്ള പ്രസ്താവങ്ങളാണിവയെന്നു കരുതിയാൽ മതി

അഭിനയത്തിനും ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്നു നലു വിഭാഗങ്ങളുണ്ട്. അംഗപ്രത്യംഗങ്ങളുടെ സഹായത്തോടെ നിർവഹിക്കുന്ന അഭിനയരീതി ആംഗികം; വാക്കുകൾകൊണ്ട് ആശയ പ്രകാശനം നിർവഹിച്ചുകൊണ്ടു നടത്തുന്ന അഭിനയം 'വാചികം'; സ്ഥായിരസങ്ങളെക്കൊണ്ടും, സഞ്ചാരിഭാവങ്ങളെക്കൊണ്ടും ആശയങ്ങൾ സ്ഫുരിപ്പിച്ചുകൊണ്ടഭിനയിക്കുന്നതു് 'സാത്വികം', വേഷഭൂഷാദികൾ നല്ലവണ്ണമണിഞ്ഞു് സ്വന്തരൂപം മാറ്റുകൊണ്ടുള്ള അഭിനയം' ആഹാര്യം'.

കഥകളിയുടെ ഉത്പത്തിദശയിൽ അതു് വാചികാഭിനയപ്രാധാന്യമായിരുന്നത്രെ. ആംഗികസാത്വികാഭിനയങ്ങൾക്കു് മികവും തികവും വരുത്തുന്നതിനുവേണ്ടി കാലക്രമേണ, വാചികം പിന്നണിയിലേയ്ക്കു മാററപ്പെട്ടു? അങ്ങനെ ആംഗ്യഭാഷ ആശയവിനിമയത്തിനും രസഭാവാദികളുടെ പരിസ്ഫുരണത്തിനും വഴിതെളിച്ചു.

അതിപ്രാചീന കാലം മുതൽ തന്നെ കേരളത്തിൽ പല കലകളും അഭിനയരൂപത്തിൽ ആവിർഭവിച്ചിട്ടുണ്ടു്. ഭദ്രകാളിപ്പാട്ടു്, തമ്പുരാൻ പാട്ടു്, തീയാട്ടു്, ഗരുഡൻ പറക്കൽ, പാവക്കൂത്തു്, കുറവർ കളി, തിരുവാതിരക്കളി, മാർഗ്ഗംകളി, ഐവർ നാടകം, തിറയാട്ടം, പടയണി, മുടിയേററു്, കോലം തുള്ളൽ, മോഹിനിയാട്ടം, മുതലായവ ഒരു കാലത്തു് കേരളത്തിൽ പ്രചുരപ്രചാരത്തിലിരുന്ന ദൃശ്യകലകളാണു്.

കേരളത്തിൽ നിലവിലിരുന്നിരുന്ന പല പ്രാചീനദൃശ്യകലകളും കഥകളിയുടെ ഉത്പത്തി വികാസങ്ങൾക്കു സഹാ

യിച്ചിട്ടുണ്ട്. ചാക്യാർകൂത്ത്, കൂടിയാട്ടം, അഷ്ടപദി എന്നീ കലകളോട് കഥകളിക്കുള്ള ആധമർണ്യം വളരെയാണ്. "അഭിനയം, നൃത്തം, മുദ്ര, വേഷം, മുതലായവയെല്ലാം കൂടിയാട്ടത്തിനോടാണാധമർണ്യം........ കഥകളിയിലെ വേഷങ്ങളുടെ മട്ടും അഭിനയരീതിയും കൈമുദ്രകളും മററു സകല ചടങ്ങുകളും, കൂടിയാട്ടം എന്ന നാടകാഭിനയത്തിന്റെ ഒരു നേർപകർപ്പാണെന്നു പറയാം". കഥകളിയോട് അത്യന്തം സാദൃശ്യമുള്ള ഒരു നൃത്യകലയാണ് കർണ്ണാടകദേശത്തു നടപ്പുള്ള യക്ഷഗാനം." യക്ഷഗാനം ചുരുങ്ങിയതു നാനൂറുകൊല്ലങ്ങൾക്കു മുമ്പ് നിലവിലുണ്ടായിരുന്നതായി ലക്ഷ്യങ്ങളുണ്ട്. വേഷവിധാനത്തിലും അഭിനയ സമ്പ്രദായത്തിലും, ഇതും കഥകളിയും ഒന്നു തന്നെയാണെന്നു വേണം പറയുവാൻ" (a)

"ഇന്നു നാം കഥകളിയിൽ കാണുന്ന കലാവിശേഷങ്ങളോരോന്നും അക്കാലത്ത് നമ്മുടെ നാട്ടിലുണ്ടായിരുന്ന ഓരോ മാതൃകകളിൽനിന്നു പോന്നു വന്നതാണ്. നൃത്തം, നാടൻ നൃത്തങ്ങളിൽനിന്നു; വാദ്യവും അവിടെ നിന്നുതന്നെ; വേഷം നാടോടി നാടകങ്ങളായ മുടിയേററ്, തിറയാട്ടം കോലംതുള്ളൽ തുടങ്ങിയവയിൽനിന്നു; നൃത്യവും നാട്യവും കേരളത്തിലെ സംസ്കൃത നാടകാഭിനയമായ കൂടിയാട്ടത്തിൽ നിന്നും; ഗീതം അഷ്ടപദി സമ്പ്രദായത്തെ അനുകരിച്ചു; സാഹിത്യം അതുവരെയുണ്ടായിരുന്ന മണിപ്രവാള ശാഖയെയും പാട്ടുസമ്പ്രദായത്തെയും കൂട്ടിക്കലർത്തിക്കൊണ്ടു; ഇങ്ങനെ ഏതംശത്തിനും കഥകളി, ഒരു ജാതി കലയോട് അല്ലെങ്കിൽ മറെറാന്നിനോട്, കടപ്പെട്ടാണു നില്ക്കുന്നതു" (b)

---

(a) കേരളത്തിലെ നടനകല
പി എം. കുട്ടിക്കൃഷ്ണമേനോൻ (പേജ് 72)

(b) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ
ഡാ. എസ്. കെ. നായർ (പേജ് 555)

രാമനാട്ടം.

മഹാപുരുഷന്മാരുടെയും കലാ പ്രസ്ഥാനങ്ങളുടെയും ഉത്പത്തിക്കു പിന്നിൽ ഐതിഹ്യത്തിന്റെ ഒരു പരിവേഷം സൃഷ്ടിച്ച് മഹത്വം കൂട്ടാനുള്ള ഒരു പ്രവണത ലോകസാധാരണമാണ്., കേരളീയരിൽ ഈ പ്രവണത കുറേ കൂടുതൽ കാണാം. കഥകളിയുടെ പിന്നിലും ഒരൈതിഹ്യം സ്ഥലം പിടിച്ചിട്ടുണ്ട്

കോഴിക്കോട്ടു സാമൂതിരി കൊട്ടാരക്കര രാജാവിന്റെ ആവശ്യപ്രകാരം കൃഷ്ണനാട്ടം അയച്ചുകൊടുത്തില്ല. അതിനാൽ കൃഷ്ണനാട്ടത്തിനു ബദലായി കൊട്ടാരക്കര രാജാവു നിർമ്മിച്ചതാണത്രേ രാമനാട്ടം. രാമനാട്ടത്തിന്റെ വികസിത രൂപമാണ് കഥകളിയെന്നത്രേ പലരുടെയും അഭിപ്രായം.

കഥകളിയുടെ ഉത്പത്തിയെക്കുറിച്ച് ശ്രീ വി എം. കുട്ടിക്കൃഷ്ണമേനോൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം ഇങ്ങനെയാണ്. "രാമനാട്ടം" കൃഷ്ണനാട്ടത്തിനു പിമ്പുണ്ടായതാണെന്നതിനു വിശ്വാസയോഗ്യമായ തെളിവ് ഇതേവരെയും ആരും ഹാജരാക്കിയിട്ടില്ല .......അഷ്ടപദിയാട്ടത്തിൽനിന്നു കൃഷ്ണനാട്ടമുണ്ടായെന്നു പറയുന്നതുപോലെതന്നെ അസംബന്ധമായ അഭ്യൂഹമാണ് കൃഷ്ണനാട്ടത്തിൽനിന്നു കഥകളിയുണ്ടായി എന്നതും. അതിനാൽ 'ആട്ട'മെന്നു പറഞ്ഞു വന്നിരുന്ന താണ്ഡവനൃത്യം കേരളത്തിൽ പ്രാചീനകാലം മുതല്ക്കു ഉണ്ടായിരുന്നുവെന്നും, അർവാചീന സാഹിത്യഗ്രന്ഥങ്ങളുടെ ആവിർഭാവത്തോടുകൂടി പണ്ടു കാലത്ത് അതിനായി ഉപയോഗിച്ചിരുന്ന നാട്യസാഹിത്യം നമുക്കു നഷ്ടമായിപ്പോയെന്നും മാത്രമേ ഊഹിക്കുവാൻ വഴിയുള്ളൂ. മുമ്പുണ്ടായിരുന്ന ആട്ടത്തിൽ കൃഷ്ണകഥ കൂട്ടിച്ചേർത്തപ്പോൾ കൃഷ്ണനാട്ടവും, രാമകഥ ചേർത്തപ്പോൾ രാമനാട്ടവും; അഷ്ടപദിയായപ്പോൾ അഷ്ട

പദിയാട്ടവും ഉണ്ടായി എന്നു മാത്രം.........ഒരു പ്രത്യേക ഗ്രന്ഥ സമ്പുടത്തെ സംബന്ധിച്ചല്ലാതെ പലരും പല കഥകളും കൂട്ടിച്ചേർത്തപ്പോഠം 'ആട്ടക്കഥ' അല്ലെങ്കിൽ 'കഥകളി' എന്നു സാമാന്യനാമവുമായി" (a)

കൊല്ലവർഷം 840-നും 845-നും ഇടയ്ക്കാകണം രാമായണം ആട്ടക്കഥ അഥവാ രാമനാട്ടത്തിൻെറ സാഹിത്യസ്വരൂപം ഉടലെടുത്തതു്. കൊ. വ. 829-ധനു 20-ാം തീയതി കോഴിക്കോട്ട മാനവേദരാജാവു 'കൃഷ്ണഗീതി' (കൃഷ്ണനാട്ടത്തിൻെറ സാഹിത്യരൂപം)പൂർത്തിയാക്കിയതായി ഗ്രന്ഥാവസാനത്തിൽ കാണുന്ന "ഗ്രാഹ്യസ്തുതിർഗാഥകൈഃ" എന്ന കലിദിന സൂചനകൊണ്ടു മനസ്സിലാക്കാം. സംസ്കൃതഭാഷയിൽ രചിച്ച 'കൃഷ്ണഗീതി' അവതാരം, കാളിയമർദ്ദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിദവധം, സ്വർഗ്ഗാരോഹണം എന്നിങ്ങനെ എട്ടു കഥകളാക്കി വിഭജിച്ചിരിക്കുന്നു. കഥയുടെ വിഭജനക്രമത്തിൽ ഈ രീതിയാണു് രാമായണം ആട്ടക്കഥയിലും കാണുന്നതു്. (പുത്രകാമേഷ്ടി, സീതാസ്വയംവരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധനം, യുദ്ധം) കൃഷ്ണനാട്ടത്തിലെ ഭാഷ സംസ്കൃതവും, രാമായണം ആട്ടക്കഥയിലേതു് മണിപ്രവാളവുമാണു്.

രാമായണം ആട്ടക്കഥയുടെ കർത്താവു്:-

വഞ്ചിരാജാവായ ഒരു വീര കേരളവർമ്മയുടെ അനന്തരവനായ ഒരു ബാലവീര കേരളവർമ്മയാണു് രാമനാട്ടത്തിൻെറ കർത്താവെന്നു' പുത്രകാമേഷ്ടിയിലെ ഒരു ശ്ലോകത്തിൽനിന്നു മനസ്സിലാക്കാം

(a) കേരളത്തിലെ നടനകല-72, 73, 74

"പ്രാപ്താനന്തഫലനശ്രീയഃ പ്രിയതമ
 ശ്രീരോഹിണീജന്മനോ
വഞ്ചിക്ഷ്മാവര വീരകേരള വിഭോ–
 രാജ്ഞസ്വസുസ്സൂനനാ
ശിഷ്യേണ പ്രവണേന ശങ്കരകവേ–
 രാമായണം വർണ്യതേ
കാരുണ്യേന കഥാഗ്രണേന കവയഃ
 കുർവന്തു തൽ കർണ്ണയോഃ

ഇതിൽനിന്നു് ആട്ടക്കഥാകർത്താവു് 'പ്രാപ്താനന്തഫലനശ്രീയോടുകൂടി, രോഹിണീജന്മാവായ വഞ്ചിക്ഷ്മാവര വീരകേരളവർമ്മയുടെ സഹോദരീപുത്രനും ശങ്കര കവിയുടെ ശിഷ്യനു'മാണെന്നു മനസ്സിലാക്കാം. കൊ. വ. 852–ൽ ഉമയമ്മറാണിയോടു പടവെട്ടിയ ഒരു വീരകേരളവർമ്മ ഇളയിടത്തു സ്വരൂപത്തിലുണ്ടായിരുന്നു. "വഞ്ചിരാജവംശത്തിൻെറ ഒരു ശാഖയാണു് ഇളയിടത്തു സ്വരൂപം" ആ സ്വരൂപം രണ്ടായിപ്പിരിഞ്ഞതിൽ ഒന്നാണു് കൊട്ടാരക്കര; മറേറതു് പേരകത്താവഴിയും. രാമനാട്ടത്തിൽ സ്മരിക്കുന്ന രോഹിണിതിരുനാൾ വീര കേരളവർമ്മ പേരകത്താവഴിയിലെ രാജാവാണു്. അദ്ദേഹത്തിൻെറ ഭാഗിനേയനാണു്. രാമനാട്ടകർത്താവെന്നു് കിട്ടിയേടത്തോളം ലക്ഷ്യങ്ങൾ വച്ചു് തീർത്തു പറയാവുന്നതാണു്" (a)

രാമനാട്ടകർത്താവായ കേരളവർമ്മയെക്കുറിച്ചും കഥകളിയുടെ ഉപജ്ഞാതാവിനെക്കുറിച്ചും ശ്രീ ആറന്മുള കൃഷ്ണപ്പിഷാരടി പുറപ്പെടുവിച്ചിട്ടുള്ള നൂതനാഭിപ്രായവും ഇത്തരുണത്തിൽ

---

(a) സാം. ച. പ്രസ്ഥാനങ്ങളിലൂടെ
 ഡാ. എസ്. കെ. നായർ (പേജ് 569)

ശ്രദ്ധേയമാണ്. അദ്ദേഹത്തിൻെറ അഭിപ്രായം ഇങ്ങനെ സംഗ്രഹിക്കാം.

ഉമയമ്മറാണിയെ സഹായിക്കാൻ വേണാട്ടിലെത്തിയ വടക്കൻ കോട്ടയത്തെ കേരളവർമ്മരാജാവിൻെറ ഉപദേശപ്രകാരം കോലത്തിരി രാജവംശത്തിൻെറ ആസ്പദമായ ചിറയ്ക്കൽ രാജകുടുംബത്തിൽ നിന്നു റാണി രണ്ടു രാജകുമാരന്മാരെയും രണ്ടു രാജകുമാരിമാരെയും വഞ്ചിരാജ കുടുംബത്തിലേയ്ക്കു ദത്തെടുത്തു അങ്ങനെ ദത്തെടുത്ത രാജ്ഞിമാരിൽ മൂത്ത രാജ്ഞിയുടെ പുത്രനാണു് കൊട്ടാരക്കര പ്രദേശത്തെ രാജാവായിത്തീന്നതു്. ഇദ്ദേഹമായിരിക്കണം രാമനാട്ടകത്താവായ കൊട്ടാരക്കര രാജാവു്. പുരുഷന്മാരിൽ മൂത്ത ആളാണു് "വീരകേരളവിഭു" എന്നു്, "പ്രാപ്താനന്താഘനശ്രിയഃ" എന്ന ശ്ലോകത്തിൽ പ്രസ്തുതനായ ഉണ്ണിക്കേരളവർമ്മ. ആ രാജാവിൻെറ രാജ്യഭാരം കൊ. വ 893 മുതൽ 899 വരെ ആയിരിക്കണം. അതുകൊണ്ടു് രാമനാട്ടത്തിൻെറ നിർമ്മാണകാലം കൊ. വ. 894-നും 899-നും ഇടയ്ക്കായിരിക്കണം എന്നാണു് ആറന്മുരിൻെറ മതം.

"ഏതെങ്കിലും ഒരു പ്രസ്ഥാനവിശേഷത്തെ മററുള്ളവർ അനുകരിക്കണമെങ്കിൽ ആ പ്രസ്ഥാനം ആദ്യമായി ഏർപ്പെടുത്തിയ ആളുടെ കൃതികൾക്കു് അതിനെ അനുകരിച്ചുണ്ടാക്കുന്ന കൃതികളെക്കാളധികം മേന്മയുണ്ടായിരിക്കുമെന്നുള്ളതാണു് സാമാന്യേന സ്വാഭാവികമായിട്ടുള്ളതു്......കഥകളിയുടെ കാര്യത്തിലും അങ്ങനെയല്ലാതെ വ്യത്യസ്തമായിട്ടാണെന്നു വിചാരിപ്പാൻതക്ക തെളിവുമില്ല...കോട്ടയത്തുതമ്പുരാൻെറ നാലുകൃതികളെ കടന്നു നില്ക്കാനെന്നുമാത്രമല്ല, അവയോടു് അടുക്കുവാൻപോലും വേറെ ഒരു കഥകളിഗ്രന്ഥവും ഇതുവരെ ഉണ്ടായിട്ടില്ലെന്നു തീർത്തുപറയാം......ഇതെല്ലാം കൂടി ആലോചിച്ചുനോക്കുമ്പോഴും കഥകളി എന്ന വിശിഷ്ട കലയുടെ ഉപ

ജ്ഞാതാവു് ആ കോട്ടയത്തുതമ്പുരാൻ തന്നെയാണെന്നു് തീർച്ചപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്” (a)

ശ്രീ ആററൂരിൻെറ ഈ യുക്തി അത്ര വേഗം തള്ളിക്കളയാവുന്ന ഒന്നല്ല "കഥകളിയുടെ ഉപജ്ഞാതൃത്വത്തിനുള്ള യുക്തി ഇതാണെങ്കിൽ ഉണ്ണായിവാര്യരെയും കഥകളിയുടെ ഉപജ്ഞാതാവാക്കി മാററാം” എന്നൊക്കെ ചിലർ വാദിക്കുന്നുണ്ടു്. എന്നാൽ നളചരിതം ആട്ടക്കഥയ്ക്കു് കോട്ടയം കൃതികളേക്കാൾ സാഹിത്യ മൂല്യമേറുതലുള്ളു. കഥകളി എന്ന നിലയിൽ നിരവധി വൈകല്യങ്ങൾ നളചരിതത്തിനുണ്ടു്. (ശ്രീ കുമ്മിണി വാസുദേവൻ നമ്പൂതിരിയുടെ 'പാപ്പാടു്'' എന്ന പുസ്തകത്തിലെ 'നളചരിതം അരങ്ങത്തു്'' എന്നലേഖനം നോക്കുക.

ശങ്കരകവി.

മേൽ കൊടുത്ത ശ്ലോകത്തിലെ ശങ്കരകവി ആരാണെന്നു നോക്കാം. കൊ. വ. ഏഴാം ശതകത്തിൽ കോലത്തുനാട്ടിൽ ജീവിച്ചിരുന്ന പുനത്തിൻെറ സമകാലികനായ ശങ്കരകവിയാണു് "ഈ ശങ്കരകവി”—എന്നാണു് ശിരോമണി പി. കൃഷ്ണൻനായരുടെ അഭിപ്രായം. (a) ആ ശങ്കരകവിയുടെ കാലം രാമായണം ആട്ടക്കഥയുടെ നിമ്മാണകാലത്തിനും ചത്തിരുനൂറവർഷം മുമ്പാണു്. അതുകൊണ്ടു് ശ്രീ. കൃഷ്ണൻനായരുടെ വാദം അംഗീകരിക്കാൻ വിഷമമുണ്ടു്.

എളയിടത്തു സ്വരൂപത്തിലെ കുടുംബഗുരുക്കന്മാരായ വെങ്കലത്താശാന്മാരിൽ പെട്ട ഒരു ശങ്കരനാശാനാണു് ഈ ശങ്കരകവിയെന്നു് ആ കുടുംബത്തിലെ ഇപ്പോഴത്തെ ഒരംഗമായ ശ്രീ. പത്മനാഭപിള്ളയിൽനിന്നു കിട്ടിയ തെളിവുദ്ധരിച്ചു

---

(a) കോട്ടയം കഥകൾ—അവതാരിക (ആററൂർ) (പേജ്. 19)

കൊണ്ടു് ശ്രീ. മാവേലിക്കര ജി. കൃഷ്ണപിള്ള തന്റെ കഥകളി എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാട്ടുന്നു. വെങ്കലത്താശാന്മാർ പരമ്പരയാ സംസ്കൃതപണ്ഡിതന്മാരും മഹാവിദ്വാന്മാരുമായിരുന്ന ശ്രീ കൃഷ്ണപിള്ളയുടെ അഭിപ്രായം ഏറെക്കുറെ യുക്തിഭദ്രമായിത്തോന്നുന്നു. (a)

കഥകളിയുടെ വളർച്ച:-

കേരളത്തിൽ അക്കാലത്തു നടപ്പിലിരുന്ന ദൃശ്യകലകളിൽ നിന്നു് ആവശ്യമുള്ളതൊക്കെ കൊട്ടാരക്കരത്തമ്പുരാൻ സ്വീകരിച്ചു. രാമനാട്ടത്തിന്റെ ഉത്ഭവദശയിൽ അതു് വാചികാഭിനയ പ്രധാനമായിരുന്നു. ഇന്നത്തെപ്പോലെ ആംഗികാഭിനയത്തിനു് ചിട്ടപ്പെടുത്തിയ ഹസ്തമുദ്രകളും അന്നില്ലായിരുന്നു.

രാമനാട്ടത്തെ പരിഷ്കരിച്ചു് ഇന്നത്തെ കഥകളിയുടെ ഏകദേശ രൂപത്തിലാക്കിയതു് വെട്ടത്തുനാട്ടു രാജാവാണു്. മുഖത്തു് മനയോല തേയ്ക്കുക, കിരീടം കുപ്പായം എന്നിവ ആഹാര്യശോഭാ സംവർദ്ധകമായ രീതിയിൽ മാററുക, മേളത്തിനു് ചെണ്ട ഉപയോഗിക്കുക, കൂടിയാട്ടത്തിലെ ചാക്യാന്മാരുടെ മുദ്രകൾ പദാർത്ഥാഭിനയത്തിനു് സന്ദർഭാനുസരണം ഉപയോഗിക്കുക, പിന്നണിയിൽനിന്നു പാടാൻ ഭാഗവതരെ ഏർപ്പെടുത്തുക, തുടങ്ങി നിരവധി പരിഷ്കാരങ്ങൾ വെട്ടത്തുനാട്ടുരാജാവു വരുത്തി. കോട്ടമട്ടെന്നും, വെട്ടത്തു സമ്പ്രദായമെന്നും ഈ പരിഷ്കാരങ്ങളറിയപ്പെടുന്നു.

വെട്ടത്തു സമ്പ്രദായത്തെ കാലോചിതമാംവണ്ണം പരിഷ്കരിച്ചു് കഥകളിയെ നൃത്യകലയോടടുപ്പിച്ചതു് കപ്ലിങ്ങാട്ടു നമ്പൂതിരിയാണു്. അദ്ദേഹത്തിന്റെ പ്രധാനപരി

(a) കഥകളി–മാവേലിക്കര ജി കൃഷ്ണപിള്ള (പേജ് 69–73)

ഷ്കാരങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം- 'വേഷത്തിനനുസരിച്ച കുപ്പായങ്ങൾ നടപ്പിലാക്കി. തോടയം, പുറപ്പാട്, മഞ്ജുതര, എന്നീ ചടങ്ങുകൾ കൂടിയാട്ടം കൃഷ്ണനാട്ടം എന്നിവയെ അനുകരിച്ച നടപ്പാക്കി. കത്തിവേഷത്തെ കുറംകത്തി, നെടുംകത്തി എന്നു രണ്ടായിത്തിരിച്ചു; കലാശം പരിഷ്കരിച്ചു. കൂടിയാട്ടക്കാരുടെ മുദ്രകൾ സ്വീകരിച്ച് കഥകളി പദാത്ഥാഭിനയമാക്കി മാററി'.

കല്ലടിക്കോടൻ രീതിയെന്നറിയപ്പെടുന്ന പരിഷ്കാരമാണടുത്തതു്. നാളിതുവരെ എല്ലാവരും ധരിച്ചിരുന്നതുപോലെ കല്ലടിക്കോടെന്നു് ഒരില്ലമോ കല്ലടിക്കോട്ടു നമ്പൂതിരിയെന്നു് ഒരാളോ ഇല്ലായിരുന്നുവെന്നു് ഗവേഷണഫലമായി തെളിഞ്ഞിട്ടുണ്ടെന്നു് ശ്രീ. കെ. പി. എസ്സ്. മേനോൻ 'കഥകളി രംഗം' എന്ന തൻെറ ഗ്രന്ഥത്തിൽ അസന്ദിഗ്ദ്ധമായി പ്രതിപാദിച്ചിരിക്കുന്നു. കല്ലടിക്കോടൻ രീതിയെപ്പററി ശ്രീ. കെ. പി. എസ്സ് മേനോൻെറ അഭിപ്രായം ശ്രീ. കെ. ആർ. പിഷാരൊടി 'നമ്മുടെ ദൃശ്യകല' എന്ന ഗ്രന്ഥത്തിൽച്ചേത്തിരിക്കുന്നതു് താഴെക്കൊടുക്കുന്നു.

"കോട്ടയം കഥകളികളുടെ കത്താവായ തമ്പുരാൻെറ കാലത്തു് ഏററവും പ്രസിദ്ധനായ നടൻ പെരുമ്പടപ്പുമൂപ്പിലെ രാമനാട്ടം കളിയോഗത്തിലെ ആദ്യവസാന വേഷക്കാരനും ആശാനുമായിരുന്ന വെള്ളാട്ടു ചാത്തുപ്പണിക്കരായിരുന്നു. കോട്ടയംതമ്പുരാൻ ആവശ്യപ്പെട്ടപ്രകാരം പണിക്കരെ അങ്ങോട്ടയച്ചുകൊടുത്തു. കവിശിരോമണിയായ തമ്പുരാനും നടനകോവിദനായ പണിക്കരും ചേന്നതിൻെറ പരിണതഫലമാണു് ഇന്നു നിലവിലിരിക്കുന്നതും കല്ലടിക്കോടനെന്നു് അറിയപ്പെടുന്നതുമായ കഥകളി രീതി.

കോട്ടയം തമ്പുരാൻെറ കാലശേഷം പണിക്കർ കുതിരവട്ടത്തു നായരുടെ ആശ്രിതനായി കല്ലടിക്കോട്ടു താമസിച്ചിരുന്നപ്പോഴാണ്, ശിഷ്യരെ പുതുതായാവിഷ്കരിച്ച രീതിയിൽ അഭ്യസിപ്പിച്ചതു്. ആ ശിഷ്യരും അവരുടെ പരമ്പരയുമാണ് പ്രസ്തുത രീതിക്കു് പ്രചാരവും പ്രസിദ്ധിയും വരുത്തി കല്ലടിക്കോടൻ രീതിയെന്ന പേരുണ്ടാക്കിയതു്.

തമ്പുരാനും പണിക്കരുംകൂടി, നിലവ്ലുണ്ടായിരുന്ന വെട്ടത്തു രീതിയിൽ വരുത്തിയ മാററങ്ങൾ, വേഷവിധാനത്തെയും പ്രയോഗത്തെയും സ്പർശിച്ചിട്ടുണ്ടു്. കിരീടത്തെ അധികമാകർഷകമാക്കിത്തീർക്കുക, കൃഷ്ണൻെറ കിരീടം കൃഷ്ണനാട്ടത്തിലെപ്പോലെയാക്കുക, അതുതന്നെ രാമലക്ഷ്മണന്മാർക്കും കുശലവന്മാർക്കും മതിയെന്നു നിശ്ചയിക്കുക, വെളുത്ത ഉത്തരീയത്തിനു പുറമേ ചുവന്ന ഉത്തരീയം കൂടി വേണമെന്നേർപ്പെടുത്തുക, ബാലിക്കു്—ഇതായിരുന്നു പണിക്കരുടെ ഒന്നാംതരം വേഷം—ചുവന്നതാടി വേണമെന്നു തീരുമാനിക്കുക എന്നിവയായിരുന്നു വേഷത്തെ സംബന്ധിച്ചിടത്തോളമുള്ള മാററങ്ങൾ. പ്രയോഗപരമായി വെട്ടത്തുസമ്പ്രദായത്തെ പുഷ്ടിപ്പെടുത്തി; താളമേളസഹിതമുള്ള നൃത്ത നൃത്യങ്ങളെ അഭിനയത്തിനു സഹകാരികളാക്കി ഭാവാഭിനയത്തിനു വൈശദ്യവും ആകർഷകതയും വർദ്ധിപ്പിച്ചു. അംഗപ്രത്യംഗോപാംഗാഭിനയത്തെയാകട്ടെ ശാസ്ത്രീയരീതിയിൽ ഘടിപ്പിക്കുകയും ചെയ്തു. ഇതിൻെറയെല്ലാം ഫലമായി രാമനാട്ടക്കളി പരിണമിക്കുകയും ചെയ്തു" (a)

കൊല്ലവർഷം പത്തും പതിനൊന്നും ശതകങ്ങൾ കഥകളിയുടെ സുവർണ്ണദശയായിരുന്നു. അക്കാലത്തെ മഹാരാജാക്കന്മാരും പ്രഭുക്കന്മാരും കളിബ്ഭ്രാന്തന്മാരായി, കഥകളിയുടെ

(a) നമ്മുടെ ദൃശ്യകല-കെ. ആർ. പിഷാരടി (പേജ് 98)

വളർച്ചയ്ക്ക് പല തരത്തിൽ താങ്ങും തണലുമായി വർത്തിച്ച ഇടക്കാലത്ത് കഥകളിക്കുണ്ടായ തളർച്ച തീർത്തുദ്ധരിക്കാൻ ബദ്ധകങ്കണനായി മുമ്പോട്ടുവന്നതു് മഹാകവി വള്ളത്തോളായിരുന്നു. മഹാകവിയും കലാമണ്ഡലവും കൂടി കഥകളിക്കു് ലോകാന്തര പ്രശസ്തിനേടിക്കൊടുത്തു; ശ്രീ. എം. കെ. കെ. നായർ കഥകളിക്കു് രാഷ്ട്രാന്തര പ്രശസ്തി നേടിക്കൊടുക്കുന്നതിലനുഷ്ഠിച്ച സേവനവും ഇത്തരുണത്തിൽ സ്മരണീയമാണു്. കേരള സംസ്കാരപരിപോഷണത്തിനു് മുൻതൂക്കം കൊടുത്തുകൊണ്ടു് സംസ്ഥാപിതമായ കേരള സർവ്വകലാശാല കഥകളിയോടു കാണിക്കുന്ന 'അലസതാവിലസിതം' കേരളീയർക്കാകമാനം അപമാനകരമാണു്.

## സാഹിത്യസ്വരൂപം.

കഥകളി എന്ന ദൃശ്യകലയ്ക്കു വേണ്ടി രൂപംകൊണ്ട സാഹിത്യരൂപമാണു് ആട്ടക്കഥ. എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും ഗ്രന്ഥനംതികഞ്ഞവ നന്നേ കുറവാണു്. ശ്ലോകങ്ങൾ, പദങ്ങൾ, ദണ്ഡകങ്ങൾ എന്നിവ ഇടകലർന്നതാണു് ആട്ടക്കഥയുടെ സ്വരൂപം. ഭൂത ഭാവി കഥകളെ ബന്ധിപ്പിക്കുന്നതിനും, രംഗനിർദ്ദേശം ചെയ്യുന്നതിനും, കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിനും കഥകളിയിൽ ശ്ലോകങ്ങളുപയോഗിക്കുന്നു. ചില ശ്ലോകങ്ങൾ അഭിനയിക്കാനുമുണ്ടാവും. മിക്കവാറും ശ്ലോകങ്ങൾ കവിവാക്യങ്ങളായിരിക്കും. പ്രായേണ, മണിപ്രവാളമോ സംസ്കൃതമോ ആയിരിക്കും ശ്ലോകങ്ങൾ.

പദങ്ങളെല്ലാം കഥാപാത്രങ്ങളുടെ സംഭാഷണങ്ങളായിരിക്കും. വളരെ അപൂർവ്വമായി ചില പദങ്ങൾ കവി വാക്യമയും നളചരിതം (മൂന്നാംദിവസം), നരകാസുരവധം, പാഞ്ചാലീ സ്വയംവരം എന്നീ ആട്ടക്കഥകളിൽ കണ്ടിട്ടുണ്ടു് ഓരോ പദത്തിനും പല്ലവി, അനുപല്ലവി, ചരണം എന്നിങ്ങ

ന്നെ മൂന്നു വിഭാഗങ്ങളുണ്ടു്. പദം ഭാഗവതർ പാടുമ്പോഠം നടന്മാർ ഹസ്ത മുദ്രകാട്ടി അഭിനയിക്കുന്നു.

ഉഭയ ഭാഷാസമ്മിശ്രവും സംഗീതാത്മകവുമായ ഒരു തരം നീണ്ട പദ്യങ്ങളാണു് ദണ്ഡകങ്ങഠം. അനവധി സംവത്സരങ്ങളിൽ നടന്ന കഥയുടെ സംക്ഷേപ കഥനം, വർണ്ണന, ചില സംഭവങ്ങളുടെ വിവരണം, മുതലായവ ദണ്ഡകരൂപത്തിലാണവതരിപ്പിക്കുന്നതു്. ചില ദണ്ഡകങ്ങഠം അഭിനയ പ്രധാനങ്ങളാണു്.

നളചരിതം, സുന്ദരീസ്വയംവരം മുതലായ ചില കഥകഥകളിൽ ചൂർണ്ണികാ രീതിയിലുള്ള സംസ്കൃതവാക്യങ്ങളും കാണാം. സംസ്കൃത നാടകങ്ങളിൽ മദ്ധ്യമ നീച കഥാപാത്രങ്ങഠം പ്രാകൃതഭാഷ ഉപയോഗിക്കുന്ന രീതി ചില ആട്ടക്കഥാകർത്താക്കഠം സ്വീകരിച്ചിട്ടുണ്ടു്. അംബരീഷചരിതം, ദുര്യോധനവധം, കാലകേയവധം മുതലായവയിൽ ഉദാഹരണങ്ങഠം കാണാം,

## കഥകളിച്ചടങ്ങുകഠം

കേളി:-

കഥകളി ഒരു സ്ഥലത്തുണ്ടെന്നു് മുന്നറിയിപ്പു നല്കുന്ന മേളമാണു കേളി:

അരങ്ങുകേളി:-

അരങ്ങത്തു വിളക്കു വച്ചതിനുശേഷം ചെണ്ടയൊഴിച്ചുള്ള വാദ്യോപകരണങ്ങഠംകൊണ്ടുള്ള മേളമാണു് അരങ്ങുകേളി. കേളിക്കൈ, ശുദ്ധമദ്ദളം, ഗണപതിക്കൊട്ടു്, മദ്ദളക്കേളി എന്നീ പേരുകളും ഇതിനുണ്ടു്.

തോടയം:-

അരങ്ങുകേളിക്കുശേഷം, തിരശ്ശീല പിടിച്ചു് കളിയുടെ

നിർവിഘ്നപരിസമാപ്തിക്കുള്ള ഈശ്വരപ്രാർത്ഥനയാണ് ഈ ചടങ്ങ്. കോട്ടയത്തു തമ്പുരാനും കാർത്തികതിരുനാളും രചിച്ച ഗാനങ്ങളാണ് തോടയത്തിനുപയോഗിക്കുന്നതു്. വേഷം ധരിച്ച രണ്ടു കുട്ടിത്തരം വേഷക്കാർ ഗാനത്തിനൊത്തു് തിരശ്ശീല പുള്ളിൽ നൃത്തംചെയ്തു് ഇഷ്ടദേവതാവന്ദനം നടത്തുന്നു. ഈ ചടങ്ങ് ഇപ്പോഠം അപൂർവ്വം ചില കഥകളിയരങ്ങുകളിലേ കാണുന്നുള്ളു:

വന്ദനശ്ലോകം:-

തോടയം കഴിഞ്ഞാലുടൻ പാട്ടുകാർ വന്ദനശ്ലോകം ചൊല്ലി സ്തുതിക്കുന്നു.

പുറപ്പാട്:-

വന്ദനശ്ലോകം കഴിഞ്ഞു് കഥയിലെ പ്രാരംഭപദ്യം ഭാഗവതർ ആലപിക്കുന്നതോടെ പ്രധാന കഥാപാത്രത്തിൻെറ പുറപ്പാടായി. മിക്കവാറും കഥകളിൽ നാനികാനായകന്മാരാണു പുറപ്പാടു നിർവഹിക്കുന്നതു്. പുറപ്പാടിൻെറ സമയം മുതൽ ചെണ്ട ഉപയോഗിച്ചു തുടങ്ങും. പുറപ്പാടിൻെറ രണ്ടാം ഘട്ടത്തിൽ കഥാനായകഗുണ പ്രകീർത്തനങ്ങഠം ഉഠംക്കൊള്ളുന്ന നിലപ്പദം ഭാഗവതർ ആലപിക്കുന്നു.

മഞ്ജുതര:-

പുറപ്പാടുനിർവ്വഹിക്കുന്നവേഷം മഞ്ജുതര എന്ന അഷ്ടപദി ഗീതം ഭാഗവതർ ആലപിക്കാനാരംഭിക്കുമ്പോഠം രംഗത്തുനിന്നു മറയുന്നു. അനന്തരം മഞ്ജുതര വിവിധരാഗങ്ങളിൽ ഭാഗവതർ ആലപിക്കുന്നു. ഈ സമയം മേളക്കാരുടെ വൈദഗ്ദ്ധ്യപ്രകടനത്തിനുകൂടിയുള്ളതാകയാൽ 'മേളപ്പദ'മെന്നും ഈ ചടങ്ങിനു പേരുണ്ടു്.

കഥാരംഭം:-

മഞ്ജുതരയ്ക്കുശേഷം കഥയ്ക്കനുസരിച്ചു് കഥാപാത്ര

ങ്ങൾ പ്രവേശിക്കുന്നു. കഥാപാത്രങ്ങളുടെ തിരനോട്ടത്തിന് മേലാപ്പ്, ആലവട്ടം, ശംഖനാദം എന്നിവയുണ്ടായിരിക്കും.

വേഷവിഭജനം:-

സത്വരജസ്തമോ ഗുണങ്ങളെ അടിസ്ഥാനമാക്കിയാണ് കഥകളിയിലെ വേഷ വിഭജനം. വേഷങ്ങളെ പൊതുവേ, തേപ്പ്, കരി, താടി, മിനുക്ക് എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

തേപ്പ്, പച്ചയെന്നും കത്തിയെന്നും രണ്ടു തരത്തിലുണ്ട്. സത്വഗുണപ്രാധാനികളായ വേഷങ്ങളുടേതാണ് പച്ച. ശ്രീരാമൻ, ശ്രീകൃഷ്ണൻ, അർജ്ജുനൻ, ഇന്ദ്രൻ, നളൻ മുതലായവരുടെ വേഷം പച്ചയാണ്

രജോഗുണ പ്രധാനികളും തമപ്രഭാവന്മാരുമായ കഥാപാത്രങ്ങൾക്ക് കത്തിവേഷമാണ്. കത്തിവേഷങ്ങളുടെ നാസികാഗ്രത്തും നെററിയിലും ഓരോ ചുട്ടിപ്പൂവ് പിടിപ്പിച്ചിരിക്കും.

കത്തിവേഷങ്ങളിൽ ശൃംഗാരപ്പദമുള്ളവയെ കുറും കത്തിയെന്നും, അല്ലാതുള്ളവയെ നെടുങ്കത്തിയെന്നും പറയും. ദുര്യോധനൻ, രാവണൻ, കീചകൻ മുതലായവർ കുറും കത്തിയും ദുശ്ശാസനൻ, ഘടോൽകചൻ, കാലകേയൻ, ഹിഡുംബൻ മുതലായവർ നെടുങ്കത്തിയുമാണ്. ഇപ്പോൾ വടക്കൻ രീതിയനുസരിച്ച് ദുശ്ശാസനന് ചുവന്ന താടിയാണു പതിവ്.

കനത്തിലും വീതിയിലുമുള്ള കൃത്രിമത്താടി വച്ചുകെട്ടുന്ന വേഷങ്ങൾക്കാണു താടിയെന്നു പറയുന്നതു് സത്വരജസ്തമോ ഗുണ പ്രകൃതികളനുസരിച്ച് വെള്ളത്താടി, ചുവന്നതാടി, കറുത്തതാടി എന്നു മൂന്നു വിഭാഗങ്ങൾ ഇതിനുണ്ട് ഹനുമാൻ നരസിംഹം മുതലായവർ വെള്ള താടിയും, ദുശ്ശാസനൻ, ത്രി

ഗത്തൻ, ബാലി, വീരഭദ്രൻ മുതലായവർ ചുവന്നതാടിയും, കലി കറുത്ത താടിയുമാണ്. ഹനുമാൻ, നന്ദികേശ്വരൻ മുതലായവർ കുററിച്ചാമരത്തിനുപകരം (കഥകളിയിലെ ഏററവും വലിയ കിരീടം) വട്ടമുടിയാണ ധരിക്കുന്നതു്.

തമോഗുണ പ്രധാനികളുടെ വേഷമാണ കരി. നക്രതുണ്ഡി, ശൂർപ്പണഖ, പൂതന, സിംഹിക, മുതലായ സ്ത്രീകളുടെയും കാട്ടാളൻെറയും വേഷം കരിയാണ്.

മുനിമാർ, സ്ത്രീവേഷക്കാർ, ബ്രാഹ്മണർ, ദൂതന്മാർ മുതലായവർ മിനുക്കവേഷങ്ങളാണ്.

ഭീരു, ഹംസം, ഗരുഡൻ, കൃത്യ, ഭദ്രകാളി മുതലായ വേഷങ്ങൾ ഈ വിഭജനക്രമത്തിൽ പെടാത്ത പ്രത്യേകതരം വേഷങ്ങളാണ്. കഥകളിയിലെ വിനോദ കഥാപാത്രമാണ ഭീരു. കൂടിയാട്ടത്തിലെ വിദൂഷകൻെറ സ്ഥാനമാണ ഭീരുവിനു് കഥകളിയിലുള്ളതു്.

ചെണ്ട, ശുദ്ധമദ്ദളം, ചേങ്കില, ഇലത്താളം എന്നീ വാദ്യങ്ങളാണ് കഥകളിക്കുപയോഗിക്കുന്നതു്. രാക്ഷസികളല്ലാതുള്ള സ്ത്രീ കഥാപാത്രങ്ങൾക്ക് ചെണ്ട ഉപയോഗിക്കാറില്ല. ചമ്പ, ചെമ്പട, ത്രിപുട, പഞ്ചാരി, അടന്ത, മുറിയടന്ത എന്നീ താളങ്ങളാണ് കഥകളിയിൽ സർവ്വസാധാരണമായുപയോഗിക്കുന്നതു്.

അഭിനയം:-

ഇളകിയാട്ടമെന്നും, ചൊല്ലിയാട്ടമെന്നും രണ്ടു രീതിയിലുണ്ടു് അഭിനയം; ഭാഗവതരുടെ പാട്ടിനനുസരിച്ചു് മുദ്രക്കൈ കാണിച്ചു് നടന്മാർ അഭിനയിക്കുന്നതു് ചൊല്ലിയാട്ടം. വിളംബകാലത്തിലുള്ള ചൊല്ലിയാട്ടത്തിനു് പതിഞ്ഞാട്ടമെന്നും, മദ്ധ്യകാലത്തിലുള്ളതിനു് ഇടത്തരാട്ടമെന്നും, ദ്രുതകാലത്തില്ല

ള്ളതിനു് മുറുകിയാട്ടമെന്നും പറയാം. ശൃംഗാരപ്പദങ്ങാം പതിഞ്ഞാട്ടത്തിനും, സംഭാഷണാദികൾ ഇടത്തരമാട്ടത്തിനും, യുദ്ധപ്പദം മുറുകിയാട്ടത്തിനും ഉദാഹരണങ്ങൾ. ചൊല്ലിയാട്ടത്തിനു് ഇടയ്ക്കും മുൻപും പിൻപും മനോധർമ്മമാടുന്നതാണു് ഇളകിയാട്ടം. യുദ്ധം, വനവർണ്ണന, ചന്ദ്രോദയം, വസന്തം, സൗന്ദര്യം തുടങ്ങി നിരവധി വിഷയങ്ങൾ ഇളകിയാട്ടത്തിനു പയോഗിക്കാറുണ്ടു്. പ്രസിദ്ധങ്ങളായ ചില ശ്ലോകങ്ങളും കാവ്യസന്ദർഭങ്ങളും ഇളകിയാട്ടത്തിനു വേണ്ടി നടന്മാർ ചിട്ടപ്പെടുത്തി വച്ചിരിക്കും.

കമലദളം, കേകി, തുശിക്കിടൽ, നിണം, അഷ്ടകലാശം രഥമൊരുക്കൽ, പടപ്പുറപ്പാടു്, ഏകലോചനം, സലജ്ജോഹം, അജഗരകബളിതം, മുതലായവ കഥകളിയിലെ അത്യന്തസുന്ദരങ്ങളായ പ്രകടന വൈചിത്ര്യങ്ങളാണു്.

## കഥകളി സംഗീതം.

സോപാനരീതിയിൽ ആലപിക്കേണ്ട ഒന്നാണു് കഥകളി സംഗീതം. നൃത്ത ഗീത വാദ്യരൂപമായ തൗര്യത്രികത്തിനു് സഹായകമായി ഇതു വർത്തിക്കുന്നു. "പദങ്ങളുടെ സാഹിത്യഭംഗിയും, ഭാവഗാംഭീര്യവും പൂർണ്ണമായി ആവിഷ്കരിക്കാൻ സോപാനരീതിയിൻ സൗകര്യം കൂടുതലുണ്ടു്. അതിന്റെ ശുദ്ധിയും വൃത്തിയും ഒന്നു വേറെതന്നെ:"......കഥകളിപ്പദങ്ങളെല്ലാം" അതാതു രസത്തിനു് അനുഗുണമായ രീതിയിൽ രാഗം, താളം, ശയ്യ, പാകം, മുതലായവയെ സമഞ്ജസമായി സംയോജിപ്പിച്ചു രചിക്കപ്പെട്ടിട്ടുള്ള മനോഹരങ്ങളായ അഭിനയഗാനങ്ങളാണു്" സോപാനമട്ടിൽ ആലപിച്ചെങ്കിലേ ഇവയുടെ ഭാവപ്രകാശകത്വം പൂർണ്ണമായി സാധിച്ചു നൃത്ത നൃത്യ

നാട്യങ്ങൾക്കും, താളമേളങ്ങൾക്കും പോഷകമായി വർത്തിക്കുന്ന ഒരു രീതിയാണ് സോപാനം. (a)

ആട്ടക്കഥയും നാടകവും.

കഥകളിയും നാടകവും ദൃശ്യകലയാണെന്ന കാര്യത്തിൽ മാത്രമേ ഇവയ്ക്കുതമ്മിൽ സാജാത്യമുള്ളു. നാടകം വാക്യാർത്ഥാഭിനയമായ നാട്യവും, കഥകളി പദാർത്ഥാഭിനയ പ്രധാനമായ നൃത്യവുമാണ്. കഥകളിയിൽ ഭാവാഭിനയത്തിനും നാടകത്തിൽ രസാഭിനയത്തിനുമാണ് പ്രസക്തി കഥകളി വാചികാഭിനയ ശൂന്യമാണെങ്കിൽ നാടകം അങ്ങനെയല്ല.

നാടകങ്ങളിൽ കഥ പ്രസിദ്ധമായിരിക്കണമെന്നും മുഖാദി പഞ്ചസന്ധികൾ ഘടിപ്പിച്ചിരിക്കണമെന്നും നിർബന്ധമുണ്ട്. കഥകളിയിലെ ഇതിവൃത്തം പുരാണേതിഹാസ പ്രസിദ്ധങ്ങളായിരിക്കും. നാടകങ്ങളിൽ അംഗിയായ രസം ശൃംഗാര വീരകരുണാദികളിൽ ഒന്നായിരിക്കണം. നിർവഹണ സന്ധിയിൽ അത്ഭുതം വേണം. അഞ്ചുമുതൽ പത്തുവരെ അങ്കങ്ങളുണ്ടായിരിക്കണം. 'നായകൻ' ധീരോദാത്തനും അതിപ്രതാപഗുണവാനും, വിഖ്യാതവംശനും ധരാപാലനുമായിരിക്കണം. ഈ വക കാര്യങ്ങളൊന്നും കഥകളിയിൽ നിർബന്ധമല്ല.

'ദൂരാഹ്വാനം, വധം, യുദ്ധം
രാജ്യദേശാദി വിപ്ലവം
വിവാഹം, ഭോജനം, ശാപം
മൃത്യുവുൽസർഗ്ഗ്വും രതം
ദന്തച്ഛേദം, നഖച്ഛേദം
ലജ്ജാകാരണമന്യവും

---

(a) കഥകളിനിരൂപണം-അമ്പലപ്പുഴ രാമവർമ്മ
പേജ് (54, 55, 56)

ശയനാധരപാനാദ്യം
നഗരാദ്യവരോധനം
രംഗങ്ങളുവർജ്ജ്യമാം സ്നാനം
കുറിക്കൂട്ടുകരം പാർത്തലും”

(സാഹിത്യദർപ്പണം VI-ാം പരിച്ഛേദം.

ഇങ്ങനെ നാടകത്തിൽ നിഷിദ്ധമെന്നു കല്പിച്ചിട്ടുള്ള കാര്യങ്ങൾ കഥകളിയിൽ വർജ്ജ്യവുമല്ല.

കഥകളി പരിഷ്കരണം.

കഥകളി പരിഷ്കരണത്തെ സംബന്ധിച്ച് വളരെ യധികം നിർദ്ദേശങ്ങൾ ഇതിനകം പുറത്തു വന്നിട്ടുണ്ട്. കഥകളിയുടെ ഇന്നേവരെയുള്ള ചരിത്രം പരിശോധിച്ചാൽ കാലാകലമായ നിരവധി പരിഷ്കാരങ്ങൾക്ക് അതു വിധേയമായിട്ടുണ്ടെന്നു കാണാം. കഥകളി ഓരോതവണ പരിഷ്കാരത്തിനു വിധേയമായപ്പോഴും അതെല്ലാം കഥകളിയെന്ന കലാരൂപത്തിന്ന് അഴകും മിഴിവും വർദ്ധിപ്പിക്കാൻ പോന്ന തരത്തിലായിരുന്നു കഥകളിയുടെ തനിമയെ വികൃതപ്പെടുത്താത്ത രീതിയിലുള്ള ഏതുതരം പരിഷ്കാരവും എന്നും സ്വീകാര്യമാണ്.

എല്ലാ ക്ലാസ്സിക് കലകൾക്കും ഒരു പ്രത്യേകതയുണ്ട്. ഒരു പരിധി കഴിഞ്ഞാൽ ഒരു തരത്തിലുള്ള പരിഷ്കാരത്തിനും അതു വഴങ്ങുകയില്ല. കഥകളി ഏറെക്കുറെ ഇന്ന് ആ ദശയിലാണ്. പരിഷ്കാരാധിക്യത്താൽ കഥകളിയുടെ സ്വത്വം നശിപ്പിച്ച് ആ വിശേഷത്തര കലയെ മറ്റൊന്നാക്കിത്തീർക്കുന്ന പ്രവണത എന്തുകൊണ്ടും ആശാസ്യമല്ല. കഥകളിയെ ബാലേയാക്കി മാററിക്കളയാം എന്നു വാദിക്കുന്നവർ കഥകളിയും ബാലേയും രണ്ടു വ്യത്യസ്ത കലാരൂപങ്ങളാണെന്നും, വിഭിന്ന സാംസ്കാരിക പശ്ചാത്തലമാണവയ്ക്കുള്ളതെന്നും സൗകര്യപൂർവം മറന്നുകളയുന്നു

മൂന്നുനാല്യ മണിക്കൂറായി ആട്ടം കുറയ്ക്കുക, സ്ത്രീകൾ തന്നെ സ്ത്രീവേഷം കെട്ടുക, നിലവിളക്കിനു പകരം വൈദ്യുതദീപം ഉപയോഗിക്കുക, കഥാപാകത്തിനനുയോജ്യമായ വിധത്തിൽ വേഷഭൂഷാദികളിൽ ചില ചില്ലറ വ്യത്യാസങ്ങൾ വരുത്തുക, കഥാസംഗ്രഹമടങ്ങിയ നോട്ടീസുകൾ നേരത്തേ വിതരണം ചെയ്തു് ദ്രഷ്ടാക്കളെ കൂടുതൽ ബോധവാന്മാരാക്കുക, പാട്ടെല്ലാവർക്കും കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണിഘടിപ്പിക്കുക, കഥകൾ നല്ലവണ്ണം സംവിധാനം ചെയ്തവതരിപ്പിക്കുക, പുതിയപുതിയ കഥകൾ അവതരിപ്പിക്കുക, സാഹിത്യഭംഗി നശിപ്പിക്കാതെ സംഗീതമാലപിക്കുക മുതലായവയൊക്കെയാണ് കഥകളിയിലെ അത്യാധുനിക പരിഷ്കാരങ്ങൾ തിരനോട്ടത്തിനും മററും വൈദ്യുതവിളക്കുകൾ പല അസൗകര്യങ്ങളും സൃഷ്ടിക്കുമെന്നാണ് പ്രാമാണികരായ നടന്മാരുടെ അഭിപ്രായം. മുഖത്തെ ചായക്കൂട്ടിനു് മിഴിവു നല്കാൻ നിലവിളക്കിൻെറ ദീപത്തിനേകഴിയൂ—വെളിച്ചവും ഛായയുംതമ്മിലുള്ള ബന്ധത്തെക്കുറിച്ചു് ശാസ്ത്രീയ വിജ്ഞാനം നേടിയിട്ടുള്ളവർ ശ്രദ്ധാപൂർവം ശ്രമിച്ചാൽ ഇതൊക്കെ കുറെ പരിഹരിക്കാം.

സമകാലിക പ്രശ്നങ്ങളുൾക്കൊള്ളുന്ന കഥകൾകൂടി കഥകളിയിൽപ്പെടുത്തണമെന്നു് ചിലർ വാദിച്ചുകേൾക്കാറുണ്ടു്. കഥകളിയിലെ വേഷം, രംഗസംവിധാനം, സാങ്കേതികത്വം, മുതലായവ, അത്തരം കഥകൾ കഥകളിരൂപത്തിലവതരിപ്പിക്കാൻ സഹായകമല്ല. കഥകളി പരിഷ്കാരത്തെക്കുറിച്ചു് സജീവമായ ചർച്ച ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

'ഒന്നിൻെറ തന്മ മാററുന്ന-
തെന്നായിന്നു പരിഷ്കൃതി' (a)

എന്നൊരു മഹാനടൻ വിലപിച്ചതുപോലെ പരിഷ്കാരം എന്നും സ്വാഗതാർഹം തന്നെയെങ്കിലും തന്മൂലം കഥകളിയുടെ തനിമ നഷ്ടപ്പെടാതിരുന്നാൽ മതി.

---

(a) മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കർ—കഥകളി പ്രകാശിക.

# രാവണവിജയം.

## കവി.

രാവണവിജയം ആട്ടക്കഥയുടെ കർത്താവായ വിദ്വാൻ കിളിമാന്നൂർ രാജരാജവർമ്മ കോയിത്തമ്പുരാൻ, വിഷ്ണുമായാചരിതം തുള്ളലിന്റെ കർത്ത്രിയായ ഉമാദേവിത്തമ്പുരാട്ടിയുടെയും ഭാഗവതതത്വാർത്ഥ കഥനത്തിൽ മഹാപണ്ഡിതനായ കിഴക്കാഞ്ചേരി നാരായണൻ നമ്പൂതിരിപ്പാട്ടിലെയും ഏകസന്താനമായി കൊ. വ. 987-ൽ ജനിച്ചു.

വിദ്വാൻ കോയിത്തമ്പുരാന്റെ യഥാർത്ഥനാമം രാജരാജവർമ്മ എന്നായിരുന്നെങ്കിലും 'ചെറുണ്ണി' എന്ന ഓമനപ്പേരിലാണറിയപ്പെട്ടിരുന്നതു്.

അച്ഛനായിരുന്നു കുമാരനെ ബാല്യത്തിൽ കാവ്യജ്ഞാനം അഭ്യസിപ്പിച്ചതു്. വളരെ ബാല്യത്തിലേ കഥാനായകൻ അതിബുദ്ധിമാനായിരുന്നു. പത്താമത്തെ വയസ്സിൽ, ഒരിക്കൽ, കിളിമാന്നൂർ കൊട്ടാരത്തിനടുത്തുള്ള വേട്ടയ്ക്കൊരുമകൻ കോവിലിൽ അമ്മയോടൊരുമിച്ചു് പ്രദക്ഷിണം വച്ചുകൊണ്ടിരിക്കുമ്പോൾ ആ ബാലൻ പെട്ടെന്നു് കിരാതരൂപപരമായി,

"വിതതകുടിലകേശം വിദ്യുമാനേന്ദുലേശം
കമലശരവിനാശം കാളമേഘപ്രകാശം
വനചരതനുമീശം വൈരിണാം കാലപാശം
ശുകഹരിണപുരേശം ഭാവയേ പാർവതീശം"

എന്നൊരു ശ്ലോകമുണ്ടാക്കി അമ്മയെ വിസ്മയിപ്പിപ്പിച്ചു

ആയിടയ്ക്കു് കിളിമാനൂർ കൊട്ടാരത്തിലെത്തിയ റീജൻറ് റാണിപാർവതീഭായി, സ്വാതിതിരുനാൾ മഹാരാജാവിൻെറ സതീർത്ഥ്യനാക്കുന്നതിനു് 'ചെറുണ്ണി'യെ തിരുവനന്തപുരത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അങ്ങനെ ബാല്യം മുതൽക്കേ മഹാരാജാവും കോയിത്തമ്പുരാനും സഖാക്കളായി വളന്നു.

തിരുവനന്തപുരത്തെ താമസം രാജരാജവർമ്മയെ ഒരു മഹാ സംസ്കൃതപണ്ഡിതനും വാഗ്മിയും ഗായകനുമാക്കി മാററാൻ വളരെയധികം സഹായിച്ചു. സ്വാതിതിരുനാൾ 1004-ൽ മഹാരാജാവായപ്പോൾ തൻെറ സ്നേഹിതനായ രാജരാജവർമ്മയ്ക്കു് പ്രതിമാസം 100 രൂപാ അടുത്തൂൺ അനുവദിച്ചു.

സ്വാതിതിരുനാൾ പലപ്പോഴും കോയിത്തമ്പുരാൻെറ ദ്രുതകവനസാമത്ഥ്യം പരീക്ഷിച്ചു് സംതൃപ്തിയടഞ്ഞിട്ടുണ്ടു്. 1015-ാമാണ്ടു് ഒരിക്കൽ ശ്രീപത്മനാഭസ്വാമിയെ കാഴ്ചശ്രീവേലിക്കു് എഴുന്നള്ളിച്ചപ്പോൾ സ്വാതിതിരുനാൾ,

"ശിബികായാം വിഭാത്യേഷ
ഭഗവാനംബുജേക്ഷണഃ"

എന്നൊരു ശ്ലോകത്തിൻെറ പൂർവാർദ്ധം ഉണ്ടാക്കിച്ചൊല്ലി, ഉത്തരാർദ്ധം കോയിത്തമ്പുരാനോടു പൂരിപ്പിക്കാനാജ്ഞാപിച്ചു. ഉടൻതന്നെ,

"കനകാദ്രിസമാരൂഢ
ഘനകാന്തിം വിഡംബയൻ"

എന്നു് വിദ്വാൻ കോയിത്തമ്പുരാൻ പൂരിപ്പിച്ചു് മഹാരാജാവിൽനിന്നു് ഒരു ജോഡി വൈരക്കടുക്കൻ സമ്മാനം നേടി. മറെറാരവസരത്തിൽ മഹാരാജാവു് മതിലകത്തെ ആറാട്ടിനു് കടപ്പുറത്തേയ്ക്കെഴുന്നള്ളിയപ്പോൾ വഴിയരികിലുള്ള മാളികകളിൽ നിന്നിരുന്ന സുന്ദരിമാരെക്കണ്ടു്,

"രാകാശശാങ്ക കലിതായത മാലികേവ
സീമന്തിനീവദനപംക്തിരിഹാ വിഭാതി"

എന്ന പൂർവാർദ്ധം നിർമ്മിച്ചു ചൊല്ലിയപ്പോൾ,

"കിഞ്ചാത്ര പങ്കജധിയാ മധുപാവലീവ
ദൂരാൽ സമാപതതി കാമിജനാക്ഷപംക്തി"

എന്നു് ഉത്തരാർദ്ധം സംശയലേശമെന്യേ കോയിത്തമ്പുരാൻ പൂരിപ്പിച്ചു. ഇതിൽ സന്തുഷ്ടനായ സ്വാതിതിരുനാൾ കോയിത്തമ്പുരാനു് 'വിദ്വാൻ' ബിരുദം പണ്ഡിതസദസ്സിൽ വച്ചു നല്കി. മററൊരിക്കൽ കടൽപ്പുറത്തുനിന്നും കൊട്ടാരത്തിൽ എത്തുന്നതിനു മുമ്പു് ശ്രീ പത്മനാഭനും, തനിക്കും ചേരുന്ന വിധത്തിൽ ദ്വയാർത്ഥമുള്ള ഒരു ശ്ലോകം നിർമ്മിക്കണമെന്നു് തന്റെ ചുററുമുള്ള ആസ്ഥാനവിദ്വാന്മാരോടു് കല്പിച്ചു. ഇരയിമ്മൻതമ്പിയും കോയിത്തമ്പുരാനും മാത്രമേ ഈ പരീക്ഷണത്തിൽ വിജയിച്ചുള്ളു കോയിത്തമ്പുരാൻ നിർമ്മിച്ച ശ്ലോകം താഴെച്ചേർക്കുന്നു

"വിശ്വാമിത്രോഗ്രകർമ്മ പ്രശമ രതസുബാ-
ഹുരുകണ്വപ്രദേശം
ധൃത്വാ യം സായകാഗ്ര്യം ഹരിവരപൃതനാ-
സംയുതസ്സാനുജന്മാ
ആയാതോ രാമരാജ സ്വയമിതി ജനതാ-
ഭാഷണേനൈവസിന്ധു-
സ്സന്ത്രസ്താത്മാ രരാസോത്തര തരള തരം-
ഗോച്ചലദ്ബാഹുരുച്ചൈഃ"

കൊല്ലവർഷം 1016-ൽ മഹാരാജാവു് ഇദംപ്രഥമമായി പുഷ്യരഥം ഉണ്ടാക്കിച്ചപ്പോൾ ആസ്ഥാനപണ്ഡിതന്മാരെല്ലാം യഥാശക്തി അതിനെ പ്രകീർത്തിച്ചു. കോയിത്തമ്പുരാൻ ആ വാഹനത്തെ മഹാരാജാവു്, ശ്രീകൃഷ്ണൻ, അർജ്ജുനൻ, ഭീ

മൻ, എന്നിവരോടുപമിച്ച് നാലൎത്ഥം വരുന്ന ഒരു ശ്ലോകം നിൎമ്മിച്ചു.

"യശംസന്തി സദാഗതി പ്രണയിനം
സൎവേ ജനാസ്സന്തതം
സ്വസ്ഥാനാദരിണാഗതം ഹി പുരതോ
യേനൈവ ഭോഗീശിതുഃ
സോയം പുഷ്യരഥോ ബിഭൎത്തി തുലനാം
ശ്രീവഞ്ചിഭൂമീഭൃതാ
കൃഷ്ണേനാപി ച ജിഷ്ണുനാ ബകജിതാ
ചിത്രാംഗദാമാശ്രിതഃ

രത്നഖചിതമായ ഒരു വീരശൃംഖലയാണ് ഈ ശ്ലോകത്തിനു സമ്മാനമായി ലഭിച്ചതു്.

കോയിത്തമ്പുരാൻെറ മേചകസ്നിഗ്ദ്ധമായ വൎണ്ണത്തേയും സ്പൃഹണീയമായ ശരീരദാൎഢ്യത്തേയും രമണീയമായ ഗതിവിശേഷത്തെയും ആസ്പദമാക്കി, 'കരീന്ദ്രൻ' എന്നൊരു ധൎമ്മസംജ്ഞ കൂടി മഹാരാജാവു് അദ്ദേഹത്തിനു നല്കി.

മാച്ചിപ്പുറത്തു നമ്പി എന്നൊരു ഏഷണിക്കാരൻെറ കുതന്ത്രങ്ങളിൽ കുടുങ്ങിയ സ്വാതിതിരുനാളിന് കരീന്ദ്രനോട് അപ്രീതിയുണ്ടായി തൻെറ ദൈന്യാവസ്ഥ സൂചിപ്പിച്ച് രണ്ടു ശ്ലോകങ്ങൾ കരീന്ദ്രൻ മഹാരാജാവിനു സമൎപ്പിക്കുകയും സന്തുഷ്ടനായ മഹാരാജാവു് കോയിത്തമ്പുരാനെ കൊട്ടാരത്തിലേക്കു വിളിപ്പിക്കുകയും ചെയ്തു. ശ്ലോകങ്ങൾ ഇതാണു്.

"ഇതോ മാമുദ്ധൎത്തും ശിവശിവ ചിരാദപ്യവഹിതാ-
സ്തടസ്ഥാനോശക്താസ്തരളമതയോ ഹന്ത സുഹൃദഃ
അയേ ഭൂമീനാഥ! പ്രചുരതര കാരുണ്യജലധേ!
കരീന്ദ്രേ കാരുണ്യം കലയിതുമയം ഖലുവസരഃ

48109
KOTTAYAM.

ദാനേ വാശയനേ കഥാപ്രഹസനേ ഗാനേപി
വാ യന്മയാ
ദീനേ നാകൃതബുദ്ധിനാ കൃതമഘം സർവം
സഹ സ്വപ്രഭോ!
ജാനേ നൈവ പരാങ്ഗതിം തദഖിലം ജാനാസി
സർവംസഹാ-
ജാനേ! കിം ബഹുനാ? ദയാപരവതാം ദീനാവനം
ഭോ ധനം.

കൊ. വ. 1013-ൽ കോയിത്തമ്പുരാൻ തിരുവനന്തപുരത്തു് ചെല്ലം കാര്യക്കാരന്മാരുടെ ഭവനമായ കല്ലമ്പള്ളിയിൽ ഒരു തങ്കച്ചിയെ വിവാഹം ചെയ്തു. 1020-മാണ്ടു് പ്രമേഹരോഗബാധിതനായ കവീന്ദ്രൻ 1021-ധനുവിൽ ചരമമടഞ്ഞു. സ്വാതിതിരുനാളിനേക്കാൾ ഒരു കൊല്ലത്തിനു മുമ്പേ ജനിക്കുകയും ഒരു കൊല്ലത്തിനു മുമ്പുതന്നെ ആ മഹാശയൻ ചരമമടയുകയും ചെയ്തു.

കൃതികൾ:

സംസ്കൃതത്തിലും മലയാളത്തിലും ഒന്നുപോലെ മഹാപണ്ഡിതനായിരുന്നു രാജരാജവൎമ്മകോയിത്തമ്പുരാൻ. സംസ്കൃതത്തിൽ കിരാതവിംശതി എന്ന സ്തോത്രവും രണ്ടു കീൎത്തനവും മാത്രമേ അദ്ദേഹം രചിച്ചിട്ടുള്ളൂ. രാവണവിജയം ആട്ടക്കഥയും, സന്താന ഗോപാലം ശീതങ്കൻ തുള്ളലുമാണു് അദ്ദേഹത്തിൻെറ ഭാഷാ കൃതികൾ. സന്താനഗോപാലം അപൂൎണ്ണമാണു്. പിന്നീടതു് ശ്രീ. കണ്ടിയൂർ കുഞ്ഞൻ വാര്യർ പൂരിപ്പിച്ചിട്ടുണ്ടു്. കവിതാരീതി മനസ്സിലാക്കാൻ കൃതികളിൽനിന്നു് ചില ഭാഗങ്ങളുദ്ധരിക്കാം.

“അഗാന്ധീവ താഡൈഡ രതാപിഞ്ചരചൂഡൈഡ-
രനാഖേട ഘോഷൈ രകാചാംഗ ഭൂഷൈഃ

അങ്കൈരാത ഭാവൈര ധൈര്യാന്ദഭാവൈ-
രനായാസ ഖേദൈ രലം ദേവമാദ്യൈഃ

(കിരാതവിംശതി)

"തോപ്പനാർപട്ടർ മധുരക്കറി വച്ചു
വാർപ്പിന്നരികേ സ്ഥലം പോട്ടുകൊണ്ടുടൻ
വീർപ്പുവിടാതവർ നാല്പതു കോരിക
പാൽപ്രഥമൻ ചെലുത്തീടിനാനക്ഷണം
വായ്പുള്ള മോഹം നിലച്ചാഞ്ഞു പിന്നെയും
ആർപ്പും വിളിച്ചു കുടിച്ചു തുടങ്ങി പോൽ."

(സന്താനഗോപാലം തുള്ളൽ)

"ശാരദേന്ദുരുചി രുചിര തനാന ഭാസം, കലിതജന-
ദുർന്നിവാര കലികാലജ കല്മഷ നിരാസം. തിലകുസുമ-
തോലന ശീല സമുന്നത സുന്ദര നാസം, രദന കുന്ദ-
വിന്ദമണി ദ്യുതികന്ദള മഞ്ജുള ഹാസം"

(സംസ്കൃത കീർത്തനം)

"പൊന്നിൻ പൂമാല ചൂടും, സുരനിധി! ഭവദീ-
യാസവം ഭാഗ്യമുള്ളോം
രന്നങ്ങൾക്കെന്നിയേ മററാളികുലകളഭ-
ങ്ങൾക്കു കിട്ടീടുവോന്നോ?
എന്നാലും ഞാനിരക്കുന്നതിനൊരു കുറവി-
ല്ലേതുമേ പാർത്തുകണ്ടാ-
ലന്യായം ന്യായമെന്നുള്ളറിവകതളിരിൽ
ക്കാണുമോ കാമുകാനാം?

(ഒരു ഭാഷാമുക്തകം)

രാക്ഷസകുല ചക്രവർത്തിയായ രാവണനെ കഥാനായക നാക്കിക്കൊണ്ടു രചിച്ച അതിസുന്ദരമായ ഒരാട്ടക്കഥയാണ് രാവണ വിജയം.

രാവണ വിജയം—മൂലകഥ:

വാല്മീകി രാമായണം ഉത്തരകാണ്ഡം 13, 14, 15, 16, 26 എന്നീ അദ്ധ്യായങ്ങളിൽനിന്നാണു് രാവണ വിജയത്തിലെ കഥ കവീന്ദ്രൻ തെരഞ്ഞെടുത്തതു് വാല്മീകി രാമായണത്തിലെ കഥ ഇങ്ങനെ സംഗ്രഹിക്കാം:-

തന്റെ സഹോദരനായ ദശമുഖന്റെ ദുർന്നയങ്ങളിൽ കുബേരൻ ദുഃഖിതനായി. രാവണൻ ദുർനടപടികളിൽ നിന്നു പിന്തിരിഞ്ഞു് സദാചാരനിരതമായ ജീവിതം നയിക്കണമെന്ന ഒരു സന്ദേശം കുബേരൻ ഒരു ദൂതൻ മുഖേന അറിയിക്കുന്നു. കോപാന്ധനായ രാവണൻ ദൂതനെ വെട്ടിക്കൊന്നു. അനന്തരം ലോകപാലന്മാരെയും മൂന്നു ലോകങ്ങളെയും കീഴടക്കുന്നതിനു വേണ്ടി സൈന്യസമേതം യാത്രയായി

യക്ഷന്മാരും രാക്ഷസന്മാരും തമ്മിലുള്ള യുദ്ധത്തിൽ യക്ഷസൈന്യാധിപനായ മാണിചരൻ തോററോടി. രാവണന്റെ ഗദാപ്രഹരമേററു് കുബേരൻ ബോധംകെട്ടു വീണു. നവനിധികളുടെ അധിഷ്ഠാന ദേവതമാർ കുബേരനെ നന്ദനോദ്യാനത്തിൽ എടുത്തുകൊണ്ടുപോയി രക്ഷിച്ചു. രാവണൻ പുഷ്പക വിമാനവും മററും അപഹരിച്ചുകൊണ്ടു് യാത്രയായി.

രാവണൻ സഞ്ചരിച്ചിരുന്ന പുഷ്പകം കൈലാസ പർവതത്തിനടുത്തെത്തിയപ്പോഠം ഗതിമുട്ടി നിന്നു. അപ്പോഠം ശങ്കരകിങ്കരനായ നന്ദികേശ്വരൻ പ്രത്യക്ഷപ്പെട്ടു്,

“തിരിച്ചു പോ ദശഗ്രീവ!
കളിപ്പൂഗിരിമേൽ ശിവൻ
ഭൂതങ്ങളാരുമേ ശൈലം
കേറൊല്ലെന്നാണു നിശ്ചയം”

"ആരാണീ ശിവൻ?" എന്നു ചോദിച്ചുകൊണ്ടു് രാവണൻ നിലത്തിറങ്ങി. വാനരാകൃതിയായ നന്ദികേശ്വരനെ കണ്ടു് രാവണൻ പൊട്ടിച്ചിരിച്ചു വാനരാകൃതിയായ തന്നെ പുച്ഛിച്ചതിനാൽ രാവണവംശം വാനരന്മാരാൽ നശിപ്പിക്കപ്പെടുമെന്നു് നന്ദികേശ്വരൻ ശപിച്ചു. അനന്തരം പുഷ്പകത്തിന്റെ ഗതി മുടക്കിയ കൈലാസം കുത്തിപ്പറിച്ചു ദൂരെക്കളയാൻ രാവണനൊരുങ്ങി. കൈലാസം കുത്തിയെടുത്തിയെടുത്തു് ദശകന്ധരൻ കരങ്ങളിലിട്ടു കുലുക്കി ശിവൻ തന്റെ കാല്‌വിരല്‌കൊണ്ടു് കൈലാസം ഉന്നമർത്തി; രാവണന്റെ കരങ്ങളിരുപതും പർവതത്തിനടിയിൽ പെട്ടു ഞെരുങ്ങി ആയിരം വർഷം അവിടെ നിന്നുകൊണ്ടു് രാവണൻ സാമഗാനത്താൽ ശിവസ്തുതി നടത്തി സന്തുഷ്ടനായ ശിവൻ പ്രത്യക്ഷനായി കൈ ഞെരിഞ്ഞ വേളയിൽ ലോകമെല്ലാം ഭയപ്പെട്ടുമാറുള്ള 'രവ'ത്തിൽ ഗർജ്ജനം ചെയ്തതുകൊണ്ടു് 'രാവണൻ' എന്ന പേരു് ശിവൻ ദശമുഖനു നല്‌കി (a) വേണ്ടത്ര വരങ്ങളും ചന്ദ്രഹാസമെന്ന ദിവ്യഖഡ്ഗവും ശിവൻ രാവണനു കൊടുത്തനുഗ്രഹിച്ചു.

അനന്തരം യമ വരുണാദികളെ ജയിച്ചു് ലങ്കയിലെത്തിയപ്പോഠം തന്റെ സഹോദരി (മാതൃസഹോദരീപുത്രി) യായ കുംഭീനസിയെ മധു എന്ന രാക്ഷസൻ അപഹരിച്ചുകൊണ്ടു പോയതായറിഞ്ഞു ഉടനേ മധുവിനെ വധിക്കാൻ രാവണൻ തിരിച്ചു. മധുവിനെക്കൊന്നാൽ താൻ വിധവയായിത്തീരുമെന്നു് കുംഭീനസി കരഞ്ഞു പറഞ്ഞതനുസരിച്ചു് മധു

---

a) വൻ ഘോരാരവമിട്ടല്ലോ-കുന്നിന്നടിയിലാണ്ട നീ
അതിൽപ്പേടിച്ചു മൂപ്പാരും—രാവമേററതുമില്ലയോ
അതിനാൽ, ത്തവ രാജാവേ-വരും രാവണനെന്ന പേർ
(വാല്‌മീകി രാമായണം 16-37, 38)

വിനെ രാവണൻ കൊന്നില്ല; അവനുമായി മൈത്രിയിലായി. അനന്തരം ഇന്ദ്രലോകം കീഴടക്കാൻ യാത്രയായി. കൈലാസാദ്രിയിലെത്തിയപ്പോഴേക്കും നേരമിരുട്ടി. അന്നവിടെ രാവണൻ പാളയമടിച്ചു. കാമോദ്ദീപകമായ പ്രകൃതി രാവണനെ നിർന്നിദ്രനും വികാരാധീനനുമാക്കി. അപ്പോഴാണ് സൈന്യമദ്ധ്യത്തിലൂടെ പോകുന്ന രംഭയെ രാവണൻ കാണുന്നത്.

"പോവതെങ്ങു വരാരോഹേ
ലാഭമാർക്കേകിടുന്നു നീ"

എന്നായി രാവണൻ.

"ധർമ്മത്താൽ നിന്റെ പുത്രനു
ഭാര്യ ഞാനാശരർഷഭ
നിൻ ഭ്രാതാവാം കുബേരന്റെ
പുത്രൻ പ്രാണാധിക പ്രിയൻ
.............................
ആ ലോകപാല പുത്രനായ്
സങ്കേതം ചെയ്തിരിപ്പു ഞാൻ"

ഇതായിരുന്നു രംഭയുടെ ഉത്തരം. സതിമാർക്കാണ് ഏകപതീ വ്രതമെന്നും സ്വർവേശ്യകളായ അപ്സര സ്ത്രീകൾക്ക് സതീത്വമൊന്നുമില്ലെന്നും മററും പറഞ്ഞു് രാവണൻ രംഭയെ ബലാല്ക്കാരം ചെയ്തു.

'കൊമ്പനിമ്പത്തിലുലച്ച പുഴ പോലവേ" തന്റെ മുമ്പിലെത്തിയ രംഭയിൽ നിന്നു് നളകൂബരൻ വിവരങ്ങളൊക്കെയറിഞ്ഞു. കോപ വിവശനായ കുബേരനന്ദനൻ.

"കാമാർത്ത്യാ കമമില്ലാത്ത-
മങ്കയെത്തീണ്ടുമെങ്കിലോ
ഏഴായ്പ്പൊട്ടിത്തെറിച്ചീടു-
മവന്റെ തലയപ്പൊഴേ"

എന്നു രാവണനെ ശപിച്ചു ഇത്രയുമാണ് വാല്മീകി രാമായണത്തിലെ കഥ.

## മൂലകഥയിൽനിന്നുള്ള വ്യതിയാനം.

കൈലാസോദ്ധാരണാനന്തരം യമൻ, വരുണൻ, സൂര്യൻ മുതലായവരെ ജയിച്ചിട്ടു്, ഇന്ദ്രലോകം കീഴടക്കാൻ പോകുന്ന വേളയിൽ, അളകാപുരിയുടെ അടുത്തുവച്ചു് രംഭാധർഷണം നടക്കുന്നതായിട്ടാണ് വാല്മീകിരാമായണത്തിൽ വിവരിച്ചിരിക്കുന്നതു്. ആട്ടക്കഥയിലാകട്ടെ ഈ സംഭവം നടക്കുന്നതു് കുബേരാക്രമണത്തിനു പോകുന്നതിനു മുമ്പു് അളകയുടെ സമീപത്തു വച്ചാണ്. നളകൂബരശാപവും ആട്ടക്കഥയിലില്ല. രാവണന്റെ ദുർന്നയങ്ങൾ നാരദൻ പറഞ്ഞറിഞ്ഞു് കുബേരൻ ദൂതനെ അനുജന്റെ യടുക്കൽ അയയ്ക്കുന്നതായാണ് രാവണവിജയത്തിൽ കാണുന്നതു്. മൂലകഥയിൽ നാരദനില്ല. കൈലാസാദ്രിയിലെത്തിയപ്പോൾ പുഷ്പകം ഇളകാതായ കഥ ആട്ടക്കഥയിൽ വിട്ടുകളഞ്ഞിരിക്കുന്നു. ദശാനനന്റെ ഇരുപതു കൈയും പർവതത്തിനടിയിൽ പെട്ടപ്പോൾ വിവശനായി ആയിരം കൊല്ലം തപസ്സുചെയ്യുന്ന കാര്യവും ആട്ടക്കഥാകാരൻ വിട്ടുകളഞ്ഞിരിക്കുന്നു. ആട്ടക്കഥയിൽ. ആയിരം വർഷത്തെ സ്തുതി, ഒററ ദിവസത്തെ സ്തുതിയാക്കി മാററി. ഇത്രയുമാണ് വിദ്വാൻ കോയിത്തമ്പുരാൻ മൂലകഥയിൽനിന്നു വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾ.

കഥകളിയിലെ വേഷവൈചിത്ര്യത്തിനാവാം ഒരു മിനുക്കുവേഷമായ നാരദനെ ആട്ടക്കഥാകർത്താവുരംഗത്തുകൊണ്ടുവരുന്നതു്. ആ കഥാപാത്രത്തിലൂടെ രാവണന്റെ കുചേഷ്ടിതങ്ങളുടെ ഒരു സുന്ദരചിത്രവും കാണികൾക്കു ലഭിക്കുന്നു. നളകൂബരശാപത്തിനു് ആട്ടക്കഥയിൽ വേണ്ടത്ര പ്രസക്തിയില്ലാത്തതിനാൽ അതുപേക്ഷിച്ചതും നന്നായി നായകനായ രാ

വണൻെറ ശൗര്യവീര്യാദിഗുണങ്ങൾക്ക യോജ്യമായ ഒന്നു രണ്ടു സംഭവങ്ങൾ മാത്രം തെരഞ്ഞെടുത്തു് അഭിനയ പ്രധാനമായ ഒരാട്ടക്കഥ നിർമ്മിക്കയായിരുന്നു കോയിത്തമ്പുരാൻെറ ഉദ്ദേശ്യം. രംഗപ്രവേശം, ആനുപൂർവി തെററിച്ചു് ആദ്യമാക്കിയതും തന്നായി. ഒരു നീചകർമ്മത്തിൽ കഥയവസാനിക്കുന്നതിനേക്കാൾ ശിവസ്തുതിയോടും ശിവാനുഗ്രഹത്തോടും അവസാനിക്കുന്നതിലാണല്ലോ കൂടുതൽ ഔചിത്യം.

## രാവണവിജയം-കഥകളി, ആട്ടക്കഥ എന്നീ നിലകളിൽ.

ശബ്ദാർത്ഥ വൈചിത്ര്യം, രസസ്ഫൂർത്തി, പാത്രസൃഷ്ടി, അലങ്കാരപ്രയോഗം എന്നിവയിൽ രാവണവിജയം ആട്ടക്കഥ മറെറാരാട്ടക്കഥയുടെയും പിന്നിലല്ല.

രാവണവിജയം വായിക്കുമ്പോൾ ഒരനുവാചകൻെറ ദൃഷ്ടിയിൽ പെട്ടെന്നു പതിയുന്നതു് അതിലെ അത്യന്ത സുന്ദരങ്ങളായ ശബ്ദാർത്ഥ വൈചിത്ര്യങ്ങളാണു്. ആട്ടക്കഥകൾ പൊതുവേ ശബ്ദാടോപ പ്രധാനങ്ങളാണു്. എന്നാൽ രാവണവിജയകർത്താവിനെപ്പോലെ ശബ്ദാർത്ഥങ്ങൾകൊണ്ടു്, അത്യന്ത ലളിതമായ രീതിയിൽ, ഇന്ദ്രജാലം കാണിക്കാൻ കഴിവുള്ളവർ നന്നേ ചുരുക്കമാണു്

“ആശേശാപി നിശാചരേശ്വര ശരാ-
വേശാ വശേ മന്ത്രിണോ-
പ്യാശാമാശു തദാശുഗാ ശിത ശരീ-
രാശ്ലേഷ ശക്ത്യാവിശൻ
ശശ്വത്തത് പിശിതാശ വംശ കലശാം-
ഭോരാശി നൈശാകര-
ച്ഛായാകാശ നികാശ പേശലയശോ-
രാശി സ്തതോ ജൃംഭതേ.

എന്ന ശ്ലോകം വൃത്യനുപ്രാസത്തിനു് ഒരൊന്നാന്തരമുദാഹരണമാണു്

"ആനീല നീരദ ദരാന്തരിതേന്ദുവിംബ-
ലീലാനുകാരി വദനം നിജമാദധാനാ
സഞ്ജാതവേപഥുമതിശ്ശിരസാ പ്രണമ്യ
മന്ദം ജഗാദ മുകുളീകൃത പാണിരേഷാ"

എന്ന ശ്ലോകത്തിൽ ഭയതരളയായ രംഭയുടെ ഭാവാദികൾക്കനുഗുണമായ പദങ്ങളാണു കവി തെരഞ്ഞെടുത്തിട്ടുള്ളതു്.

യമകാലങ്കാരത്തോടു് രാവണവിജയ കർത്താവിനു് ഒരു പക്ഷപാതം ഉള്ളതുപോലെ തോന്നുന്നു വെറും നിരർത്ഥകപദംകൊണ്ടുള്ള ചെപ്പടി വിദ്യയല്ല കോയിത്തമ്പുരാന്റെ യമകശ്ലോകങ്ങൾ

"വിഹായസം പ്രതി യതിതേ മുനീശ്വരേ
വിഹായ സമ്പ്രതി വിശയം ധനശിതുഃ
സമിത്സു നോ സമജനി താസ്സു ഹൃത്തയാ
സമുത്സുകം സമജനിതാ സുഹൃത്തയാ"
"പുരതോ നിയുജ്യ നിജ മന്ത്രിണശ്ശനൈഃ
പുരതോ യയൗ സ തു നിജാദ്ദശാനനഃ
സമരായ സമ്പ്രതി സമസ്ത സേനയാ
സമരായ മീശ സുഹൃദം മദാന്ധ ധീഃ"
"തസ്മിൻ സ മുദാ യുധിനാ
യത്പത്രം തേന താഞ്ച സമുദായുധിനാ
ഗിര മാമലകാ മധുരാ-
മധരയ്യുഗതം ദുരന്ത മല കാ മധുരാ"

മുതലായ ശ്ലോകങ്ങളിൽ അയത്നലളിതമായി പ്രയോഗിച്ചിരിക്കുന്ന യമകങ്ങൾ നോക്കുക, അർത്ഥാലങ്കാര പ്രയോഗത്തിലും തമ്പുരാൻ ആരുടെയും പിന്നിലല്ല.

"നീല നിചോളമേ നിഘ്നത മതെങ്കിലും
ചാലവേ കാണുന്നു ചാരുതരമംഗം
കാളിന്ദിവാരിയിൽ ഗാഹനം ചെയ്യൊരു-
കാഞ്ചന ശലാക തൻ കാന്തിയതു പോലവേ"

എന്ന പദം ഉത്പ്രേക്ഷയ്ക്കും,

"കലിത പുണ്യ ജനൈക സമാഗമാം
പൃഥു നിതംബവതീ മളകാഞ്ചിതാം
അലഘു പീന പയോധര മണ്ഡിതാ-
മചല ഭൂമിമസൗ സമുപാവിശത്"

എന്ന ശ്ലോകം സമാസോക്തിക്കും,

"അഞ്ജനൗഷധി തേടുമളവി ലപാര ദൈവ-
യോഗാൽ നിധി
കഞ്ജനേർമിഴി! കാലിലണഞ്ഞതു
കളയുന്നവരുണ്ടോ?"

എന്ന പദം; പ്രഹർഷണം, അപ്രസ്തുത പ്രശംസ എന്നിവ യ്ക്കും ഉദാഹരണങ്ങളാണ്.

പ്രതിപാദ്യ വസ്തുവിൻെറ പ്രസ്ഫുടമായ ചിത്രീകരണത്തിനാണല്ലോ അത്ഥാലങ്കാരങ്ങൾ പ്രതിഭാശാലികളായ കവികളുപയോഗിക്കുന്നതു്.

"മാ മാ സ്പൃശേ തി മുഹുഃ പൃന്ദയാചി തോപി
രാജീവ കോരക കരാഞ്ജലി മുദ്രയൈവ
ഹാ! ഹാ! തപേസ്സരസി കാമ ദേവാതുരാത്മാ
ചിക്രീഡ തന്നിശി നിശാചര കുഞ്ജരോയം"

എന്ന ശ്ളോകം രാവണവിജയത്തിലെ ഏററവും ചമത്കാരകാരിയായ ഒരു ശ്ളോകമത്രെ. അത്ഥഗരിമാവുകൊണ്ടും ഔചിത്യത്തികവുകൊണ്ടും ഇത്രയും സുന്ദരമായ ഒരു

ശ്ലോകം ആട്ടക്കഥാസാഹിത്യം മുഴുവൻ തെരഞ്ഞാലും കാണാൻ പ്രയാസമാണ്.

"കൊമ്പനിമ്പത്തിലുലച്ച പൂവപോലവേ"

എന്ന വാല്മീകി രാമായണ ശ്ലോകമായിരിക്കാം ഈ ശ്ലോകരചനയ്ക്കു ബീജമായി വർത്തിച്ചതു്.

സാഹിത്യ ഗുണത്തിലെന്നപോലെ സംഗീതഗുണത്തിലും രാവണവിജയം മററട്ടക്കഥകൾക്കു താഴെയല്ല. "നാകാധിനാഥ" എന്ന നീലാംബരീരാഗത്തിലുള്ള പദവും "ആശരനാഥ" എന്ന ആനന്ദഭൈരവീരാഗത്തിലെ പദവും പാടിക്കേൾക്കാൻ കൊള്ളാവുന്ന പദങ്ങളിൽ ചിലതാണ്.

ഒരു ശ്ലോകമൊഴിച്ച ബാക്കിയെല്ലാം സംസ്കൃതത്തിലാണു രചിച്ചിരിക്കുന്നതു്. സന്ദർഭാനുഗുണമായി ശ്ലോകങ്ങളിലെ ഭാഷ ലളിതവും പ്രൗഢവുമാക്കിയിട്ടുണ്ട്

"തരിച്ചീടും ബാഹാബല ദഹന മദ്ധ്യേ രിപുജനം
പൊരിച്ചീടുംവണ്ണം ദശമുഖനണഞ്ഞോരു സമയേ
സ്മരിച്ചീടാതേകണ്ടപി ച നിജ നാഥം ധനപതിം
തിരിച്ചോടിപ്പേടിച്ചഖിലമപി യക്ഷേശ്വര ബലം"

എന്നു് ഒരു മണിപ്രവാള ശ്ലോകം മാത്രമാണു രാവണവിജയത്തിലുള്ളതു്. പദങ്ങൾ മിക്കവയും മണിപ്രവാളത്തിൽ തന്നെയാണ്.

"സുരഭില മൃഗമദ മോഹന തിലകം
വിരചയ രമണ! സമുജ്ജ്വല ദളികം
ഉപദിശതി കിമിഹ തരു ഗത ലതികാ
ഉപഗൂഹന വിധി മുരു ധൃത കലികാ."

എന്നിങ്ങനെ ലളിത സംസ്കൃതത്തിലുള്ള പദങ്ങളും അങ്ങിങ്ങു കാണാം.

മിക്ക ആട്ടക്കഥകളിലും പതിവുള്ളതുപോലെ ഒന്നുരണ്ടു ശൃംഗാരപ്പദങ്ങൾ രാവണവിജയത്തിലും ഘടിപ്പിച്ചിട്ടുണ്ടു്.

സമർത്ഥന്മാരായ നടന്മാൎക്കു് ആടിത്തകൎത്തു് അരങ്ങു കൊഴുപ്പിക്കാനുള്ള വകയെല്ലാം രാവണവിജയത്തിലുണ്ടു്.

"ഏക മിഴിയതി ലസൂയയും
ശോക രസ മിതരയാ കലയതി"

എന്ന പദം 'ഏകലോചനാ'ഭിനയത്തിനുള്ളതാണു്.

"വൎത്തമാന മിഹ പാവകൻ
അവരുടെ വെപ്പുകാരി ലൊരു പാചകൻ
പവന നത്രയല്ല ബഹു സേവകൻ"

എന്നിങ്ങനെയുള്ള നാരദന്റെ പദം ഭാവനാ സമ്പന്നനായ ഒരു നടനുമാത്രമേ അത്യാകർഷകമായവതരിപ്പിക്കാൻ പററൂ. കൈലാസോദ്ധാരണം നടന്റെ അഭ്യാസചതുരത പ്രകടിപ്പിക്കാനുള്ള മറെറാരു രംഗമാണു്. രംഭാപ്രവേശഘട്ടത്തിൽ രാവണനും രംഭയ്ക്കും രസാഭിനയത്തിനു വേണ്ടുവോളം വകയുണ്ടു്. അരങ്ങു കൊഴുപ്പിക്കാൻ പര്യാപ്തമായ രീതിയിൽ വേഷവൈവിധ്യമാൎന്ന കഥാപാത്രങ്ങളാണു് രാവണവിജയത്തിലുള്ളതു്. രാവണൻ (കത്തി) പ്രഹസ്തൻ (നെടുംകത്തി) വൈശ്രവണൻ (പച്ച) മണ്ഡോദരി, രംഭ, നാരദൻ, ദൂതൻ (മിനുക്കു്) നന്ദികേശ്വരൻ (വട്ടമുടി, വെള്ളത്താടി) ശിവൻ (മഞ്ഞത്തേപ്പു്) എന്നിങ്ങനെ വേഷത്തിലും സ്വഭാവത്തിലും വൈവിധ്യമാൎന്ന കഥാപാത്രങ്ങൾ രാവണവിജയത്തെ ഒരൊന്നാം തരം 'കഥ കളി'യാക്കി മാററുന്നു

"കോട്ടം തീൎന്നൊരു കോട്ടയം കഥകൾ
നാല, ഞ്ഞാതെ വഞ്ചീശ്വര-
ശ്രേഷ്ഠൻ തന്നുടെ നാലു തമ്പിയുടെ മൂ
ന്നൊ, ന്നക്കരീന്ദ്രന്റേയും"

എന്ന ശ്ലോകത്തിലൂടെ രാവണവിജയത്തിനു കിട്ടിയിരിക്കുന്ന പ്രശംസ ഒട്ടും അസ്ഥാനത്തല്ല. സാഹിത്യഗുണം തികഞ്ഞ ഒരാട്ടക്കഥയെന്ന നിലയിലും അഭിനയ പ്രധാനമായ ഒരു 'കഥകളി' എന്ന നിലയിലും രാവണവിജയത്തിന് ഇരു മണ്ഡലങ്ങളിലും അന്യൂനമായ ഒരു സ്ഥാനമാണുള്ളത്.

ഈ ആട്ടക്കഥയുടെ വ്യാഖ്യാനം ശ്രദ്ധാപൂർവം വായിച്ച് വേണ്ട നിർദ്ദേശങ്ങൾ തന്ന് എന്നെ സഹായിച്ച എന്റെ സഹപ്രവർത്തകനും സുഹൃത്തും, ബഹുഭാഷാ പണ്ഡിതനുമായ ശ്രീ. വാസുദേവഭട്ടതിരിയോടുള്ള കൃതജ്ഞതകൂടി ഞാൻ ഈ യവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളട്ടെ

മാവേലിക്കര, 
1-7-1970.

വട്ടപ്പറമ്പിൽ
ഗോപിനാഥപിള്ള.

# രാവണവിജയം

## (ആട്ടക്കഥ)

## വന്ദന ശ്ലോകങ്ങൾ

മധുപ വലിത ഗണ്ഡം മൗലി ബദ്ധേന്ദുഖണ്ഡം
വിനത വിബുധ ഷണ്ഡം വ്യായതോദ്ദാമ ശുണ്ഡം
വിമത മഥന ചണ്ഡം വിഘ്ന വിച്ഛേദ ശൗണ്ഡം
കനദുരു രദ കാണ്ഡം നൗമി വേതണ്ഡ തുണ്ഡം

അർത്ഥം:— മധുപ വലിത ഗണ്ഡം = വണ്ടുകളാൽ പൊതിഞ്ഞ കവിൾത്തടങ്ങളോടു കൂടിയവനും, മൗലിബദ്ധേന്ദുഖണ്ഡം = ശിരസ്സിൽ ബന്ധിക്കപ്പെട്ട ചന്ദ്രക്കലയോടു കൂടിയവനും, വിനത വിബുധ ഷണ്ഡം = നമസ്ക്കരിക്കുന്ന ദേവസമൂഹത്തോടു കൂടിയവനും, വ്യായതോദ്ദാമ ശുണ്ഡം = നീണ്ടു ബലിഷ്ഠമായ തുമ്പിക്കൈയോടു കൂടിയവനും, വിമത മഥന ചണ്ഡം = ശത്രുക്കളെ നശിപ്പിക്കുന്നതിൽ ഭയങ്കരനും, വിഘ്ന വിച്ഛേദ ശൗണ്ഡം = തടസ്സങ്ങളെ നശിപ്പിക്കുന്നതിൽ സമർത്ഥനും, കനദുരു രദകാണ്ഡം = ശോഭിക്കുന്ന വലിയ കൊമ്പോടു കൂടിയവനുമായ, വേതണ്ഡ തുണ്ഡം = ആനമുഖത്തോടു കൂടിയവനെ (ഗണപതിയെ), അഹം = ഞാൻ, നൗമി = നമിക്കുന്നു.

ഈ ശ്ലോകത്തിൽ സർവ വിഘ്നോപശാന്തിക്കായി കവി ഗണപതിയെ സ്തുതിക്കുന്നു.

വൃത്തം — മാലിനി

''നനമയയുഗമെട്ടിൽത്തട്ടണം മാലിനിക്കു്.''

അലങ്കാരം — 'അന്ത്യപ്രാസം' എന്ന ശബ്ദാലങ്കാരം.

2. ബാലേന്ദു ശ്രീ വിരാജന്മകുട വിലസിതാം
ബാല മാതംഗ യാനാം
നീലാംഭോജാവലേപ പ്രശമന നിപുണാ–
ലോല നേത്രാഭിരാമാം
ലോലംബാ നീല വേണീ മതി ഘന നിബിഡോ–
ത്തുംഗ വക്ഷോജ ഭാരാ–
മാലംബേ ലോകനാഥാം സജല ജലധര–
ശ്യാമളാം കോമളാംഗീം.

അർത്ഥം:– (ഈ ശ്ലോകത്തിൽ ദേവിയെ സ്തുതിക്കുന്നു.)

ബാലേന്ദു ശ്രീ വിരാജന്മകുട വിലസിതാം = ചന്ദ്രക്കലയുടെ കാന്തിയാൽ വിളങ്ങുന്ന കിരീടം കൊണ്ടു് ശോഭിക്കുന്നവളും, ബാല മാതംഗ യാനാം = ആനക്കുട്ടിയുടേതു പോലുള്ള നടയോടുകൂടിയവളും, നീലാംഭോജാ വലേപ പ്രശമന നിപുണാ ലോല നേത്രാഭിരാമാം = നീലത്താമരയുടെ ഗർവിനെ നശിപ്പിക്കാൻ കഴിവുള്ള ഇളകുന്ന കണ്ണുകളം കൊണ്ടു സുന്ദരിയും, ലോലംബാനീല വേണീം = വണ്ടിൻ നിറമാന്ന കറുത്ത തലമുടിയോടുകൂടിയവളും, അതിഘന നിബിഡോത്തുംഗ വക്ഷോജഭാരാം = വളരെയധികം കനത്തു്, ഞെരുങ്ങി, ഉയൎന്നു നില്ക്കുന്ന സ്തനങ്ങളോടുകൂടിയവളും സജല ജലധര ശ്യാമളാം = നീരുള്ള കാർകൊണ്ടൽ പോലെ കറുത്തവളും, കോമളാംഗീം = സുന്ദരിയുമായ, ലോകനാഥാം = ലോകനാഥയെ (ദേവിയെ), (അഹം) ആലംബേ (ഞാൻ) ആശ്രയിക്കുന്നു.

വൃത്തം:– സ്രഗ്ദ്ധര

'ഏഴേഴായു് മൂന്നു ഖണ്ഡം മ ര ഭ ന യ യ യം
സ്രഗ്ദ്ധരാ വൃത്തമാകും.

അലങ്കാരം:– ബാലമാതംഗ യാനാം,
ലോലംബാനീലവേണീം,
സജലജലധര ശ്യാമളാം
എന്നീ ഭാഗങ്ങളിൽ ഉപമ.

3. ശ്രീമത് ഭാഗവതാർത്ഥ തത്ത്വ കഥനേ
യോ വാ *f* പര ശ്രീശുകോ
ദ്വേധാ മദ് ഗുരുനായകോ ദ്വിജവരോ
നാരായണാഖ്യോ *f* നിശം
അന്തർമ്മോഹ മഹാന്ധകാരപടലം
നിശ്ശേഷ മുത്സാദയ—
ന്നന്തേവാസി ജനേ ഷ്വപാര കരുണാ—
സിന്ധുഃപ്രസന്നോ *f* സ്തു മേ

അർത്ഥം :— ശ്രീമത്ഭാഗവതാർത്ഥ തത്ത്വ കഥനേ = ശ്രീമത് ഭാഗവത പുരാണത്തിൻെറ അർത്ഥവും തത്ത്വവും പറയുന്നതിൽ, യഃവാ = യാതൊരുവനാണോ, അപരഃശ്രീശുകഃ = മറെറാരു ശ്രീശുകമഹർഷിയും, ദ്വേധാ മദ്ഗുരുനായകഃ = രണ്ടു വിധത്തിൽ എൻെറ ഗുരുനാഥനും (പിതാവും വിദ്യാദാതാവും), അന്തേവാസി ജനേഷു = ശിഷ്യജനങ്ങളിൽ, അപാര കരുണാസിന്ധുഃ = കര കാണാത്ത കരുണക്കടലുമായി, നാരായണാഖ്യഃദ്വിജവരഃ = നാരായണൻ എന്നു പേരോടുകൂടിയ ആ ബ്രാഹ്മണ ശ്രേഷ്ഠൻ, അനിശം = എല്ലായ്പോഴും, അന്തർമ്മോഹ മഹാന്ധകാരപടലം = ഉള്ളിലെ (ഹൃദയത്തിലെ) അജ്ഞാനമാകുന്ന ഇരുട്ടുകൂട്ടത്തെ, നിശ്ശേഷം ഉത്സാദയൻ = മുഴുവൻ ദൂരീകരിക്കുന്നവനായി, മേ = എനിക്ക്, പ്രസന്നഃഅസ്തു = പ്രസന്നനായി ഭവിക്കട്ടെ.

ശുകൻ — പരീക്ഷിത്തിനു് ഭാഗവതപുരാണം ഉപദേശിച്ചുകൊടുത്ത വ്യാസപുത്രനായ മഹർഷി.

നാരായണൻ :— ആട്ടക്കഥാ കർത്താവിൻെറ പിതാവായ കിഴക്കാൻചേരി ഇല്ലത്തിൽ നാരായണൻ നമ്പൂതിരിപ്പാട്.

വൃത്തം — ശാർദ്ദൂലവിക്രീഡിതം

പന്ത്രണ്ടാൽ മ സ ജം സ തം ത ഗുരുവും
ശാർദ്ദൂലവിക്രീഡിതം'.

4. തുഷാരഗിരി നന്ദിനീ ഘന പയോധരാ-
ശ്ലേഷണ-
പ്രസാദ പിശുനോല്ലസന്മധുര മന്ദഹാ-
സാനനേ
മനോഭവ വിനാശനേ ഭുജഗ ഭൂഷണേ
മാമകം
മനോ മഹസി ലീയതാം മഥിത വാരണേ
കാരണേ.

അർത്ഥം:- (ഈ ശ്ലോകത്തിൽ ശിവനെ സ്തുതിക്കുന്നു.) തുഷാരഗിരി നന്ദീനി = ഹിമവത് പുത്രിയായ പാർവതിയുടെ ഘനപയോധരാശ്ലേഷണ പ്രസാദ പിശുനോല്ലസൻ = കനത്ത സ്തനങ്ങളെ ആലിംഗനം ചെയ്കകൊണ്ടുണ്ടായ പ്രസാദത്തെ സൂചിപ്പിക്കുന്ന, മധുര മന്ദഹാസാനനേ = മധുരമായ മന്ദഹാസത്തോടുചേർന്ന, മുഖത്തോടുകൂടിയതും, മനോഭവ വിനാശനേ, = കാമദേവനെ നശിപ്പിച്ചിട്ടുള്ളതും, ഭുജഗ ഭൂഷണേ = സർപ്പങ്ങളെ ആഭരണങ്ങളാക്കിയിട്ടുള്ളതും, മഥിത വാരണേ = ആനയെ കൊന്നതും, (വാരണം = ഗജാസുരൻ), കാരണേ = സർവത്തിനും കാരണമായിരിക്കുന്നതുമായ, മഹസി = തേജസ്സിൽ (ശിവനിൽ), മാമകം മനഃ = എൻെറ മനസ്സ്, ലീയതാം = ലയിക്കുമാറാകട്ടെ.

വൃത്തം - പൃഥ്വി

''ജസംജസ യലങ്ങളും ഗുരുവു-
മെട്ടിനാൽ പൃഥ്വിയാം.

അലങ്കാരം:- വൃത്യനു പ്രാസം.

5. വ്യാസാദ്യൈരപ്യമേയേ വിലസിതവനമാലാ-
കലാപേ ദുരാപേ
ലാവണ്യൈകാധിവാസേ ദലിത മരതകാ-
നീല ശോഭാഭിരാമേ
ആനന്ദാംഭോനിധൗ സംപ്രതി വിഹർ

സഖേ ! മാനസാനന്ദസിന്ധൌ
സ്യാനന്ദൂരാലയേശേ ഭുജഗവരശയേ
ശ്രീവിലാസൈകരംഗേ.

അർത്ഥം:— (ഈ ശ്ലോകത്തിൽ തിരുവനന്തപുരത്തെ ശ്രീപത്മനാഭനെ സ്തുതിക്കുന്നു.)

വ്യാസാദ്യൈഃഅപി അമേയേ=വ്യാസാദികളാൽ പോലും അളക്കപ്പെടാൻ കഴിയാത്തവനും (ആത്മസാക്ഷാത്കാരം ലഭിച്ച വക്കുപോലും അപരിച്ഛേദ്യനും), വിലസിതവനമാലാ കലാപേ = ശോഭിക്കുന്ന വനമാലയാകുന്ന അലങ്കാരത്തോടുകൂടിയതും (കലാപശബ്ദത്തിനു് മയിൽപീലിയെന്നും ഭൂഷണമെന്നുമർത്ഥമുണ്ടു്.) ദൂരാപേ = ദുഷ്പ്രാപനും, ലാവണ്യൈകാധിവാസേ = സൗന്ദര്യത്തിൻെറ ഏകമായ ഇരിപ്പിടവും, ദലിത മരതകാനീല ശോഭാഭിരാമേ = പിളക്കപ്പെട്ട മരതകമണി പോലെ മുഴുവൻ നീലനിറം കൊണ്ടു ശോഭിക്കുന്നതും, സ്യാനന്ദൂരാലയേശേ = തിരുവനന്തപുരത്തിനു് ഈശനും, ഭുജഗവര ശയേ = സപ്പശ്രേഷ്ഠനിൽ ശയിക്കുന്നതും, ശ്രീവിലാസൈക രംഗേ = ലക്ഷ്മീദേവിയുടെ വിലാസത്തിനു് ഏകരംഗവും ആയ, ആനന്ദാം ഭോനിധൗ = ആനന്ദസമുദ്രത്തിൽ (ശ്രീപത്മനാഭനിൽ), സഖേ മാനസ = സ്നേഹിതനായ അല്ലയോ മനസ്സേ, (ത്വം) വിഹര = (നീ) വിഹരിച്ചാലും.

വൃത്തം — സ്രഗ്ദ്ധര

6. ശബര വരതനൗ ശശാങ്കചൂഡേ
മുരമഥനേ കമനേ ƒ പി ഭൂതനാഥേ
ഹരിഹരിണ പുരാലയേഷു നിത്യം
വിഹരതു മാനസമേഷു മാമകീനം.

അർത്ഥം:— (കിരാതരുദ്രൻ, ശ്രീകൃഷ്ണൻ, ശാസ്താവു് എന്നിവരുടെ സ്തുതിയാണു് ഈ ശ്ലോകം.)

ശബര വരതനൗ ശശാങ്കചൂഡേ = കാട്ടാള നായകൻെറ രൂപമെടുത്ത ശിവനിലും, മുരമഥനേ = മുരാന്തകനായ ശ്രീകൃഷ്ണനിലും,

കമനേ ഭൃതനാഥേ അപി = സുന്ദരനായ ശാസ്താവിലും, ഏഷു ഹരി ഹരിണ പുരാലയേഷു = ഇങ്ങനെ കിളിമാന്നൂർ ആലയമായിരിക്കുന്ന ഈ ദേവന്മാരിലും, മാമകീനം മാനസം വിഹരതു = എൻെറ മനസ്സ് വിഹരിക്കട്ടെ.

കിളിമാന്നൂരിൻെറ സംസ്കൃത നാമമാണ് ഹരിഹരിണ പുരം.

ശിവൻ, ശ്രീകൃഷ്ണൻ, ശാസ്താവ് എന്നീ ദേവന്മാരുടെ പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങൾ കിളിമാന്നൂർ കൊട്ടാരം വകയായുണ്ട്.

വൃത്തം — പുഷ്പിതാഗ്ര

'നനരയ വിഷമത്തിലും സമത്തിൽ
പുനരിഹ നം ജ ജ രം ഗ പുഷ്പിതാഗ്ര'

7. അഹങ്കാരോ ജ്ജൃംഭത് പ്രതിഭട നൃപാ—
ലാംസളഗളോദ്—
ഗളദ്രക്താസിക്തോച്ചലിത കര
വാളോദ്ഭട ഭുജഃ
അലംകുർവന്നുർവീതല മഖില—
മത്യന്ത കൃപണേ—
ഷ്വലം കാരുണ്യാംബ്ധിർ ഭുവി വിജയതാം
വഞ്ചിനൃപതിഃ

അർത്ഥം:— (കവിയുടെ ഇഷ്ടസഖിയായ സ്വാതിതിരുനാളിനെയാണ് ഈ ശ്ലോകത്തിൽ സ്തുതിക്കുന്നതു്.)

അഹങ്കാരോജ്ജൃംഭത് = അഹങ്കാരം കൊണ്ടു് വീർപ്പു മുട്ടുന്ന, പ്രതിഭടനൃപാലാം = ശത്രുരാജാക്കന്മാരുടെ, അസംളഗളോദ് ഗളദ്രക്താ = ബലിഷ്ഠമായ കഴുത്തുകളിൽ നിന്നു് ഉദ്ഗളിക്കുന്ന (കുത്തിയൊഴുകുന്ന) ചോരകൊണ്ടു്, ആസിക്തോച്ചലിത കരവാളോദ്ഭട ഭുജഃ = മുഴുവൻ നനഞ്ഞതും ഇളകുന്നതുമായ വാളാൽ പ്രശസ്തങ്ങളായ കൈകളോടു കൂടിയവനും, അത്യന്ത കൃപണേഷു = ഏററവും, ദീനന്മാരിൽ അലം കാരുണ്യാംബ്ധിഃ = അത്യന്തം കരുണക്ക

ടല്യമായ, വഞ്ചിനൃപതി = വഞ്ചി രാജാവു് (സ്വാതിതിരുനാൾ) അഖിലം ഉർവീതലം = ഭൂമിയെമുഴുവൻ, അലംകുർവൻ സൻ = അലങ്കരിക്കുന്നവനായിട്ടു്, ഭുവി വിജയതാം = ഭൂമിയിൽ വിജയിച്ചരുളട്ടെ.

വൃത്തം—ശിഖരിണി.

''യതിക്കാറിൽത്തട്ടും യ മ ന സ ഭ ലം
ഗം ശിഖരിണി''.

8. വാണീ യസ്യ മനോരമാകുവലയാ—
നന്ദപ്രദം യന്മുഖം
പാണീ സന്തത ചിന്തിതാർത്ഥ ഘടനാ
ചിന്താമണീ ചാർത്ഥിനാം
മീമാംസാപാദമേവ മദ്ധ്യ മലഘു
ശ്രുത്യന്ത സഞ്ചാരിണീ
ദൃഷ്ടിസ്തന്നൃപമന്തരാ ഭഗവതീ
വിദ്യാ കുതോ വർത്തതേ?.

അർത്ഥം.

(സ്വാതി തിരുനാളിന്റെ മഹിമാതിരേകവും സകല കലാവല്ലഭത്വവും പ്രകീർത്തിക്കുന്നു.)

യസ്യവാണീ = യാതൊരുവന്റെ വാക്കു്, മനോരമാ = മനസ്സിനെ രമിപ്പിക്കുന്നതും, യന്മുഖം = യാതൊരുവന്റെ മുഖം ഭൂമണ്ഡലത്തിനാകമാനം ആനന്ദപ്രദവും (വലയത്തിനു് ആമ്പലെന്നുമർത്ഥം. ചന്ദ്രതുല്യമായ രാജവദനം ആമ്പലിനും ആഹ്ളാദകാരിയാണല്ലോ), പാണീ = (ആരുടെ) കൈ, അർത്ഥിനാം = ആശ്രഹിക്കുന്നവർക്കു്, സന്തത ചിന്തിതാർത്ഥഘടനാ ചിന്താമണീ = എല്ലായ്പ്പോഴും ചിന്തിക്കുന്ന കാര്യങ്ങളെ ഘടിപ്പിക്കുന്നതിൽ സാക്ഷാൽ ചിന്താമണിയും (സർവാഭീഷ്ടവും പ്രദാനം ചെയ്യുന്ന ഒരു രത്നവിശേഷമാണു് ചിന്താമണി) മദ്ധ്യം = (ആരുടെ) അരക്കെട്ടു് (മനസ്സെന്നും) മീമാംസ പദമേവ = അന്വേഷണത്തിനു്, ചിന്തയ്ക്കു്, ആസ്പദവും (കൃശമദ്ധ്യനും), ദൃഷ്ടി അലഘു, ശ്രുത്യന്ത

സഞ്ചാരിണീം = മഹത്തായ വേദാന്തത്തോളം സഞ്ചരിക്കുന്നതു, [കർണ്ണാന്തത്തോളം സഞ്ചരിക്കുന്നതെന്നും; ശ്രുതി = ചെവിം വേദം; ശ്രുത്യന്തം = വേദാന്തം; ചെവിയുടെ അററം ശ്രുത്യന്ത സഞ്ചാരിണി = വേദ ന്തനിഷ്ണാതൻ; (വിശാലബുദ്ധി) എന്നും വി ശാല നേത്രൻ എന്നു മർത്ഥം] തം നൃപം = ആ രാജാവിനെ, അ ന്തരാ = ഒഴിച്ച്. ഭഗവതീ വിദ്യാ കത; വത്തതേ = വിദ്യാദേവി എവിടെയാണു സ്ഥിതി ചെയ്യുന്നതു്?

പ്രൗഢ മനോരമ (സിന്താന്തകൗമുദീ വ്യാഖ്യാനം) കുവലയാന ന്ദം (അലങ്കാര ഗ്രന്ഥം) ചിന്താമണി (ഒരു വൈദ്യഗ്രന്ഥം— അഗ സ്ത്യ വിരചിതം) മീമാംസ (മീമാംസാശാസ്ത്രം) എന്നീ പദങ്ങളിലൂടെ യാ ഥാ ക്ര മം, സ്വാ തി തി രു നാ ളി ന്റെ വ്യാകരണ പാണ്ഡിത്യം, അലങ്കാര ശാസ്ത്രാവഗാഹം, വൈദ്യ ശാസ്ത്രനൈപുണ്യം, വേദാന്തപാണ്ഡിത്യം എന്നിവ കൂടി ക വി സൂചിപ്പിച്ചിരിക്കുന്നു.

മനോരമാദി പദങ്ങളിലൂടെ ചില വിശിഷ്ട കൃതികളുടെ പേരുകൂടി സൂചിപ്പിച്ചിരിക്കുന്നതിനാൽ അലങ്കാരം 'മുദ്ര'

'പ്രകൃതാർത്ഥ പദം കൊണ്ടു
സൂച്യ സൂചന മുദ്രയാം

വൃത്തം. ശാർദ്ദൂലവിക്രീഡിതം.

9. തദീയ കാരുണ്യ വശംവദേന
കൃതം മയേദം ഖലു ബാലബുദ്ധ്യാ;
വിനിശ്ചിതാർത്ഥ പ്രതിഭാനവന്തോ
വിപശ്ചിതഃ സംപ്രതി തത് ക്ഷമന്താം.

അർത്ഥം

തദീയ കാരുണ്യ വശം വദേന = അദ്ദേഹത്തിന്റെ (ആ സ്വാ തിതിരുനാൾ മഹാരാജാവിന്റെ) കാരുണ്യത്തിനു വശംവദ നായ, മയാ = എന്നാൽ, ബാലബുദ്ധ്യാ = ബാലബുദ്ധിയോടുകൂ ടി, ഇദം കൃതം ഭവതി + ഈ കാവ്യം നിർമ്മിക്കപ്പെട്ടതായി ഭ വിക്കുന്നു. വിനിശ്ചിതാർത്ഥ പ്രതിഭാനവന്തു; = അർത്ഥബോ ധമുള്ള പ്രതിഭാശാലികളായ, വിപശ്ചിതഃ = പണ്ഡിതന്മാർ, തത് = അതിനെ, സംപ്രതി = ഇപ്പോൾ. ക്ഷമന്താം = ക്ഷ മിക്കുമാറാകട്ടെ.

# കഥാരംഭം.

ശങ്കരാഭരണം— ചെമ്പട

1. നിത്യം ശ്രീനീലകണ്ഠാർച്ചന നിരത മതിഃ—
   സിദ്ധ വിദ്യാധരാണാ—
   മുത്തംസീഭൃത പാദാംബുജ യുഗള രുചിഃ
   ശ്രീനിവാസൈക ധാമാ
   അത്യന്തം ശംഖ പദ്മാദിഭി രനുപമിതൈഃ
   സാദരം സേവ്യമാനോ
   വിഷ്വക്സേനാഭിഗുപ്തോ നിജ നഗരവരേ
   രാജരാജോ രരാജ

അർത്ഥം.

നിത്യം = എന്നും, ശ്രീ നീലകണ്ഠാർച്ചന നിരത മതിഃ = ശ്രീ പരമേശ്വരനെ പൂജിക്കുന്നതിൽ താത്പര്യമുള്ള മനസ്സോടു കൂടിയവനും, സിദ്ധ വിദ്യാധരാണാം = സിദ്ധന്മാരുടെയും വിദ്യാധരന്മാരുടെയും, ഉത്തംസീഭൃത പാദാംബുജ യുഗള രുചിഃ = ശിരോലങ്കാരമായ പാദമാകുന്ന താമര യുഗളത്തിൻെറ കാന്തിയോടു കൂടിയവനും, ശ്രീ നിവാസൈക ധാമാ = ഐശ്വര്യത്തിൻെറ ഇരിപ്പിടവും, അനുപമിതൈ = അനുപമങ്ങളായ, ശംഖ പദ്മാദിഭിഃ = ശംഖം, പദ്മം മുതലായ മഹാനിധികളാൽ, സാദരം = ആദരത്തോടെ, അത്യന്തം സേവ്യമാനം = നല്ലവണ്ണം സേവിക്കപ്പെടുന്നവനും, വിഷ്വക് സേനാഭിഗുപ്തഃ = ചുററും സേനകളാൽ സംരക്ഷിക്കപ്പെട്ടവനുമായ, രാജരാജഃ = കുബേരൻ, നിജ നഗര വരേ, രരാജ = സ്വന്തം നഗരത്തിൽ ശോഭിച്ചു.

ഈ ശ്ലോകത്തിനു് കുബേരപരമായ അർത്ഥത്തിനു പുറമേ ശ്രീപത്മനാഭ പരവും, സ്വാതിതിരുനാൾ പരവും, കവിപരവുമായ അർത്ഥം കൂടിയുണ്ടു്.

എപ്പോഴും ശ്രീനീലകണ്ഠാർച്ചനത്തിൽ തത്പരനും, സിദ്ധവിദ്യാധരന്മാരാൽ പൂജിതനും, ശംഖ ചക്ര പത്മാദികളാൽ സംസേവ്യനും, ലക്ഷ്മി നിവസിക്കുന്ന വക്ഷസ്ഥലത്തോടു കൂടിയവനും, വിഷ്വക് സേനനാൽ സംരക്ഷിതനും ആയ ദേവദേവൻ (രാജരാജൻ) തിരുവനന്തപുരത്തു് (നിജ നഗരവരേ) വിളങ്ങി.

തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ അനന്തശായിയുടെ പ്രതിഷ്ഠ ശിവലിംഗത്തെ ആരാധിച്ചു കൊണ്ടുള്ള രീതിയിലാണു്. ''യാഗങ്ങളിൽ ഹവിർഭാഗത്തിനു് അവകാശമുള്ള വൈഷ്ണവ ദേവതയാണു് വിഷ്വക്സേനൻ. ആ മൂർത്തിയെ ഭഗവാന്റെ രക്ഷാകരൻ എന്ന നിലയിൽ ശ്രീ പത്മനാഭ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു''. ഇതാണു് വിഷ്ണു പരമായ അർത്ഥം.

ഇനി മഹാരാജ പരമായ അർത്ഥം നോക്കാം:—

സദാ ശ്രീപരമശിവനിൽ ഭക്തിയോടു കൂടിയവനും സംഗീതാദി കലകളിൽ സിദ്ധ വിദ്യാധരന്മാരെപ്പോലും ജയിക്കുന്ന സാമർത്ഥ്യമുള്ളവനും, ശംഖ പത്മാദി രേഖകളാൽ അങ്കിതഗാത്രനും വിഷ്വക് സേനനാൽ, (ശ്രീപത്മനാഭനാൽ) സംരക്ഷിതനുമായ സ്വാതിതിരുനാൾ (രാജരാജൻ = രാജാക്കന്മാരുടെയും രാജാവു്) സ്വനഗരമായ തിരുവനന്തപുരത്തു് ശോഭിച്ചു.

ഒടുവിലത്തേതു് കവി പരമായ അർത്ഥമാണു്:—

കിരാത രുദ്ര രൂപധാരിയായ ശിവനിൽ ദൃഢഭക്തനും, സിദ്ധവിദ്യാധരാദികളെപ്പോലെ കലാകുശലനും, ഐശ്വര്യ പൂർണ്ണനും, രാജലക്ഷണ സൂചിതമായ ശംഖ പത്മാദി രേഖകളോടു കൂ

ടിയവനും ശ്രീകൃഷ്ണനാൽ പരിപാലിതനും ആയ രാജരാജൻ (രാജരാജവർമ്മ—കവി) തിരുവനന്തപുരത്തു ശോഭിച്ചു.

വിശേഷണങ്ങളുടെ ശ്ലിഷ്ടാർത്ഥത്താൽ വൈശ്രവണനിൽ വിഷ്ണു സാദൃശ്യവും അളകയിൽ വൈകുണ്ഠസാദൃശ്യവും വ്യഞ്ജിക്കുന്നുണ്ടു്.

അലങ്കാരം. ശ്ലേഷം.

''രണ്ടു കാര്യങ്ങളൊരേ ഞെട്ടിൽ
ഉണ്ടാകും പോലെ ഭാഷയിൽ
ഒരേ ശബ്ദത്തിലർത്ഥം ര—
ണ്ടുരച്ചാൽ ശ്ലേഷമാമതു്.

വൃത്തം: സ്രഗ്ദ്ധര.

[നിലപ്പദം]

പുണ്യജന കുമുദിനീ പൂർണ്ണചന്ദ്രലീലൻ
പുണ്യശാലിശിഖാമണി ഭൂരിമോദമോടെ
പാർവതീവല്ലഭൻ തന്റെ പാദസേവകൊണ്ടു
സാർവഭൗമ വിഭവേന സർവകിന്നരാണാം
സോദരനാം രാവണന്റെ ദുർന്നയങ്ങളെല്ലാം
സാദരം നിനച്ചു ചിത്തേ സാധുതര ശീലൻ
ലങ്കയും വെടിഞ്ഞു നിജ കിങ്കരരോടൊത്തു
ശങ്കരാചലേ ഗതശങ്കം വാണീടുമ്പോൾ.

അർത്ഥം: പുണ്യ . . . . ലീലൻ = യക്ഷന്മാരാകുന്ന ആമ്പൽപ്പൊയ്കയ്ക്കു് പൂർണ്ണചന്ദ്രന്റെ ലീലയോടുകൂടിയവൻ (യക്ഷന്മാർക്കു് സന്തോഷമുളവാക്കുന്നവൻ), പുണ്യശാലി ശിഖാമണി = പുണ്യശാലികളുടെ ചൂഡാരത്നം, ഭൂരിമോദമോടെ = വളരെ സന്തോഷത്തോടെ, പാർവതീവല്ലഭൻ = പരമശിവൻ, സർവ കിന്നരാണാം സാർവഭൗമ വിഭവേന = എല്ലാ കിന്നരന്മാരുടെയും ചക്രവർത്തിക്കു ചേർന്ന വിഭവത്തോടെ, ദുർന്നയം = ചീത്ത വൃത്തികൾ, സാധുതര ശീലൻ = നല്ല സ്വഭാവത്തോടു കൂടിയവൻ, നിജ കിങ്കരർ = തന്റെ ഭൃത്യർ, ശങ്കരാചലേ = കൈലാസത്തിൽ, ഗത ശങ്കം = ശങ്ക കൂടാതെ.

പുണ്യജന . . . . ലീലൻ എന്നിടത്തു് അലങ്കാരം രൂപകം.

ശ്ലോകം 2.

ശങ്കരാഭരണം—ചെമ്പട

കാലേ കാളാഗരു ശ്യാമള ബഹള തമഃ
കാളകൂടം കരാഗ്രൈഃ
പ്രാലേയാംശൗ നിപീയോരസി നിഹിത—
പദേ നീലകണ്ഠോപമാനേ
കല്ഹാരോദ്യന്മധൂളീ പരിമള പവനാ—
മോദിതോപാന്ത ഭ്രമൗ
രേമേ രാമാസമേതഃ സുരതരു ജടിലാ—
രാമദേശേ ധനേശ.

അർത്ഥം: പ്രാലേയാംശൗ = ചന്ദ്രൻ, കരാഗ്രൈ = കരാഗ്രങ്ങളെ (രശ്മികളെ) ക്കൊണ്ടു്, കാളാഗരു ശ്യാമള ബഹള തമഃ കാളകൂടം = കാരകിൽപോലെ കറുത്തു തിങ്ങിയ ഇരുട്ടാകുന്ന കാളകൂടത്തെ, കാലേ = യഥാകാലം, പീയേ = പാനം ചെയ്തിട്ടു്, ഉരസി = മാറിടത്തിൽ, നിഹിത പദേ = വയ്ക്കപ്പെട്ട പാദത്തോടുകൂടിയവനായി, നീലകണ്ഠോപമാനേ = പരമശിവനു തുല്യനായിരിക്കുമ്പോൾ, രാമാസമേതഃ = ഭാര്യയോടുകൂടിയവനായ, ധനേശഃ = കുബേരൻ, കല്ഹാരോദ്യന്മധൂളി = കൽഹാരപുഷ്പങ്ങളിൽനിന്നു് പുറപ്പെടുന്ന തേനിൻെറ, പരിമള പവനാമോദിതോപാന്ത ഭ്രമൗ = സുഗന്ധം കലൎന്ന വായുവിനാൽ ആമോദിതമായ (മണം കലൎന്ന) ഉപാന്തഭ്രമൗ (സമീപസ്ഥലത്തോടുകൂടിയ) സുരതരു ജടിലാരാമദേശേ = കല്പകവൃക്ഷങ്ങളാൽ ഇട തിങ്ങിയ ഉദ്യാനത്തിൽ, രേമേ = രമിച്ചു.

ശിവൻ കാളകൂട പാനത്താൽ നീലകണ്ഠനായതുപോലെ തമസ്സാകുന്ന കാളകൂടത്തിനു ചന്ദ്രൻ തൻെറ നെഞ്ചിൽ സ്ഥാനംകൊടുത്തു് നീലകണ്ഠത്വം നേടി.

'കാലേ' ശബ്ദത്തിനു്, ഉചിതമായ ഉദ്ദീപന വിഭാവനാദികൾ അനുകൂലമായ സമയം, എന്നു് ചിലരർത്ഥം പറയുന്നു. തസ്മിൻ എന്നധ്യാഹരിച്ചു് ആ കാലത്തെന്നർത്ഥം'.

നിലാവു പരക്കുമ്പോൾ ഇരുൾ നശിക്കുന്നതിനെ കരാഗ്രങ്ങളെക്കൊണ്ടു് പാനം ചെയ്യുന്നതായി കല്പിക്കുന്നതിലും, കളങ്കത്തെ വിഴുങ്ങിയിട്ടു് ഉള്ളിൽ കിടക്കുന്ന ഇരുളായി ഭാവന ചെയ്യുന്നതിലും യഥാക്രമം ധർമ്മോൽപ്രേക്ഷയും ധർമ്മ്യുൽപ്രേക്ഷയുമുണ്ടു്. ഇരുട്ടിനെ വിഴുങ്ങിയതു ചന്ദ്രന്റെ ഉള്ളിൽ കിടക്കുന്നതായുള്ള കല്പനയ്ക്കു്,

അങ്കം കേ പി ശശങ്കിരേ; ജലനിധേ
പങ്കം പരേമേന്ദിരേ
സാരംഗം കതിചിച്ച സംജഗദിരേ;
ഭൂച്ഛായ മൈച്ഛൻ പരേ,
ഇന്ദൗ യദ്ദളിതേന്ദ്രനീല ശകല
ശ്യാമം ദരീദൃശ്യതേ
തൽസാന്ദ്രം നിശി പീതമന്ധതമസം
കുക്ഷിസ്ഥമാചക്ഷ്മഹേ.

എന്ന ശ്ലോകത്തോടു് ഛായയുണ്ടു്. തമസ്സിനെ കാളക്കൂടമാക്കി രൂപണം ചെയ്തിരിക്കുന്നിടത്തു് ഉപമ; ചന്ദ്രനും നീലകണ്ഠനും 'നീലകണ്ഠത്വത്തിൽ സാദൃശ്യമുള്ളിടത്തും ഉപമ.

## രംഗം 1.

(കുബേരന്റെ ഉദ്യാനം—കുബേരനും പത്നിയും.)

പദം 1.

**കുബേരൻ:-**

(പല്ലവി)

മാനിനിമാർ കുല മണേ! മാമക ജായേ!
മാനിത ഗുണശരണേ!

(അനുപല്ലവി)

സൂനശര രസ നിദാനമാമിദമസമാന—
മതി മൃദുല പവനമുപവനം (മാനിനി...)

ചരണം 1.

കല്ഹാര വാപിയിൽ നിന്നു
നല്ല കല്ലോലമാല പരന്നു
മെല്ലവേ ഹന്ത വരുന്നു—കാൺക
മാനസേ മോദമിയന്നു.
മല്ലവിശിഖ രസസാരമേ—
മൃദുതര കോകില വാണി മേ
വല്ലഭേ! സുദതി! രമാസമേ!
വര തനു വല്ലി! മനോരമേ
ഫുല്ല കമല ദള തുല്യമിഴി! വരിക
പല്ലവ യുത സുമതല്ലജ തളിമേ— (മാനിനി...)

<u>അർത്ഥം</u>; മാനിനിമാർകുലമണേ = സ്ത്രീരത്നമേ, മാമക ജായേ = എന്റെ ഭാര്യേ, മാനിത ഗുണ ശരണേ = മാനിക്കപ്പെടേണ്ട ഗുണങ്ങൾക്ക് ഇരിപ്പിടമായിട്ടുള്ളവളേ, സൂനശര രസ നിദാനം = സൂനശരന്റെ (കാമദേവന്റെ) രസത്തിനു് (ശൃംഗാരരസത്തിനു്) കാരണം, ഇദമസമാനം = ഇതു് നിസ്തുല്യമാണു്, അതിമൃദുല പവനമുപവനം = ഈ പൂന്തോട്ടം അതിമൃദുലമായ കാറ്റോടുകൂടിയതാണു്.

<u>ചരണം 1.</u> കല്ഹാര വാപി = സൗഗന്ധികക്കുളം, കല്ലോലമാല = ഓളക്കൂട്ടം, മാനസേ മോദമിയന്നു = മനസ്സിൽ സന്തോഷം വഹിച്ചുകൊണ്ടു്, മല്ലവിശിഖ രസ സാരേ = ശൃംഗാരരസത്തിന്റെ സത്തായിട്ടുള്ളവൾ, മല്ലവിശിഖൻ = കാമദേവൻ. മൃദുതര കോകിലവാണി = ഏററവും മൃദുവും കുയിലിന്റേതുപോലുള്ളതുമായ വാക്കോടു കൂടിയവൾ, സുദതി = സുന്ദരി (നല്ല പല്ലുള്ളവൾ) രമാസമേ = ലക്ഷ്മിയോടു തുല്യയായിട്ടുള്ളവളേ, വര തനുവല്ലി = ഏററവും കൃശമായ ശരീരത്തോടു കൂടിയവൾ, (ലതപോലെ കൃശമായ ശരീരമുള്ളവൾ) മനോരമേ = മനസ്സിനെ രമിപ്പിക്കുന്നവളേ, ഫുല്ല കമല ദള തുല്യമിഴി = വിടന്ന താമരപ്പൂവിന്റെ ഇതൾ പോലുള്ള കണ്ണുള്ളവൾ, പല്ലവ യുത സുമ തല്ലജ തളിമേ വരിക = തളികളോടു ചേർന്നു ശ്രേഷ്ഠമായ പുഷ്പങ്ങൾ നിറഞ്ഞ തളിമത്തിൽ (കിടക്ക, തമെത്ത, തറ, കല്ലുപാകിയ തിണ്ണ) വരിക.

ചരണം 2.

കോകി വിരഹേണ പാരം ബത
രാകേശനെ കണ്ടുദാരം
കോകനദാഞ്ചിതാകാരം വരം
കാണാഞ്ഞു നോക്കുന്ന നേരം
ശുകമൊഴി നിജ വര നന്യയാ
സുഖമിഹ നിവസതി ധന്യയാ
അകമതിലിതി ബഹു ശങ്കയാ–
ലയി തവ! മുലയിണ കാൺകയാൽ
ഏകമിഴിയതിലസൂയയ്യ മനനയ–
ശോകരസ മിതരയാകലയതി യാ (മാനിനി...)

ചരണം 3.

പൂന്തേൻ മൊഴി ശുഭശീലേ!
മമ പുണ്യപരീപാക ജാലേ!
കാന്താജന മണിമാലേ!
രതികാന്ത വിനോദ വിലോലേ
കുന്തള ജിത നീലോപലേ!
കുചഭര ജിത കനകാചലേ!
ദന്ത വസന മിദ മോമലേ!
ദര ഹസിതം തരികാമലേ
ചിന്ത തെളിഞ്ഞു കനിഞ്ഞു പുണന്നഭി–
രന്തു മുചിത മിഹ ഹന്ത! കി മബാലേ! (മാനിനി...)

അർത്ഥം, ചരണം 2 കോകി = പെൺ ചക്രവാകപ്പക്ഷി, വിരഹേണ = വിരഹം കൊണ്ടു്, പാരം = വളരെ, രാകേശൻ = പൂർണ്ണചന്ദ്രൻ, കോകനദാഞ്ചിതാകാരം = ചെന്താമരപ്പൂവു പോലെ സുന്ദരമായ രൂപത്തോടുകൂടിയ, കോകനദം = ചെന്താമരപ്പൂവ് (കോകാൻ നദയതി = ചക്രവാകങ്ങളെ ശബ്ദിപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം) അഞ്ചിതം = സുന്ദരം. വരം = വരനെ, ശുകമൊഴി = തത്തയുടെ മൊഴിപോലുള്ള മൊഴിയുള്ളവരം (സുന്ദരി), നിജ വരൻ ധന്യയാ അന്യയാ = തൻെറ ഭർത്താവു് ഭാഗ്യവതിയായ മററൊരു സ്ത്രീയോടു്, ഇഹ സുഖം വസതി = ഇവിടെ സസുഖം വസിക്കുന്നു.

ബഹുശങ്കയാ = വളരെ സംശയത്തോടെ, ഏക മിഴിയതിൽ = ഒരു കണ്ണിൽ, അനുനയ = സാന്ത്വനിപ്പിക്കാനുള്ള, ഇതരയാ = മറേറ കണ്ണാൽ, ശോകരസം ആകലയതി = ദുഃഖവും വഹിക്കുന്നു.

ചക്രവാകപ്പക്ഷികൾ (ഇണകൾ) രാത്രികാലങ്ങളിൽ വേർപെട്ടാണിരിക്കുന്നതെന്നു് കവിസങ്കേതം. സ്ത്രീകളുടെ സ്തനങ്ങളെ ചക്രവാകപ്പക്ഷികളോടുപമിക്കാറുണ്ടു്. കോകസ്ത്രീ തൻെറ ഭർത്താവിനെക്കാണാതെ വിരഹദുഃഖമനുഭവിച്ചിരിക്കുമ്പോൾ കുബേരപത്നിയുടെ മാറത്തു രണ്ടു ചക്രവാകപ്പക്ഷികളെ (സ്തനങ്ങളെ) കണ്ടിട്ടു് അതു് തൻെറ കാന്തൻ മറെറാരുത്തിയോടുകൂടി രമിക്കുകയാണെന്നു കരുതി അസൂയയോടും വ്യസനത്തോടുംകൂടി നോക്കുന്നു.

''ഏക മിഴി...കലയതി...'' എന്ന പദം 'ഏകലോചനം' എന്ന കഥകളിയിലെ പ്രകടനവൈചിത്ര്യം പ്രദർശിപ്പിക്കാനുള്ള ഭാഗമാണു്.

കുബേരപത്നിയുടെ സ്തനങ്ങൾ 'ചക്രവാകപ്പക്ഷി'യുടെ ഭ്രാന്തി ജനിപ്പിക്കുന്നതിനാൽ അലങ്കാരം 'ഭ്രാന്തിമാൻ'

> സാദൃശ്യത്താൽ സ്മൃതിബ്ഭ്രാന്തി
> സന്ദേഹങ്ങൾ കഥിക്കുകിൽ
> സ്മൃതിമാൻ, ഭ്രാന്തിമാൻ, പിന്നെ
> സസന്ദേഹവുമായിടും.

ചരണം 3. മമ പുണ്യപരീപാക ജാലേ = എൻെറ പരിപാകമായ പുണ്യങ്ങളുടെ സമൂഹത്തോടു കൂടിയവളേ, ശുഭ ശീലേ = മംഗളശീലേ, കാന്താജന മണിമാലേ = സ്ത്രീജനങ്ങൾക്കു രത്നമാലയായിട്ടുള്ളവളേ, രതികാന്ത വിനോദ വിലോലേ = കാമലീലാവിനോദത്തിൽ തത്പരയായിട്ടുള്ളവളേ. രതികാന്തൻ = കാമദേവൻ. രതികാന്ത വിനോദം = കാമ കേളി, കുന്തള ജിതനീലോപലേ = ഇന്ദ്രനീലക്കല്ലിനെ ജയിച്ച തലമുടിയുള്ളവളേ, കുചഭര ജിതകനകാചലേ = മഹാമേരുവിനെ ജയിച്ച സ്തനങ്ങളോട് കൂടിയവളേ, ഓമലേ, ദര ഹസിതം ഇദം ദന്തവാസനം തരിക = സുന്ദരീ, അല്പം പുഞ്ചിരിയോടുകൂടിയ ഈ അധരം തരിക. ദന്തവസനം =

അധരം, അഭിരന്തും = രമിക്കുന്നതിനു്, ഉചിതം = ഉചിതമാണു്, കിം = എന്തു് (എന്താണു നിന്റെ അഭിമതം) അബാലേ = പ്രൗഢേ.

പദം. 2

കാമോദരി — ചെമ്പട

**കുബേരപത്നി:**

(പല്ലവി)

അരുണാംബുജ നേത്ര ! മമ രമണ !
തരുണാഞ്ചിതഗാത്ര !

അനുപല്ലവി

സുര വധൂ ലോചന സുകൃത നിവസതേ !
സുരതോത്സവ മിഹ കുരു മമ സുമതേ !

(അരുണാംബുജ......)

ചരണം. 1

സുരഭില മൃഗമദ മോഹന തിലകം
വിരചയ രമണ സമുജ്ജ്വല ഫലികം

(അരുണാംബുജ)

ചരണം. 2

ഉപദിശതി കിമിഹ തരുഗത ലതികാ
ഉപഗൂഹന വിധി മുരു ധൃത കലികാ

(അരുണാംബുജ)

ചരണം. 3

ഉപവനഭൂർ ഭവദാഗമ സജ്ജാ—
ഉപചിത സുമ ചയ വാസകസജ്ജാ

(അരുണാംബുജ)

ചരണം. 4

കളരവ കുലമിതു കാൺക സമോദം
കളമൊഴിതൻ രതികൂജിത നിനദം

(അരുണാംബുജ)

ചരണം. 5

ജനിത വിയോഗ രസാ മമ കോകീ
ജനയതി ഖേദം ഹന്ത വരാകീ

(അരുണാംബുജ)

ചരണം. 6

സ്മര രസ പൂരിത കുചഭര കുംഭം
പരിചൊടണച്ചിഹ കുരു പരിരംഭം.

(അരുണാംബുജ)

അർത്ഥം:— അരുണാംബുജനേത്ര = ചുവന്ന താമരപ്പൂപോലു ള്ള കണ്ണോടു കൂടിയവനേ, മമ രമണ = എൻെറ ഭത്താവേ, തരുണാഞ്ചിത ഗാത്ര = യൗവനം കൊണ്ടു് മനോഹരമായ ശരീരത്തോടുകൂടിയവനേ. സുരവധൂ ലോചന സുകൃതവസതേ = ദേവസ്ത്രീകളുടെ നയനങ്ങളുടെ പുണ്യത്തിനു് ഇരിപ്പിടമായിട്ടുള്ളവനേ, സുരതോത്സവം = കാമകേളി, കുരു = ചെയ്യാലും. സുമതേ = ബുദ്ധിമതീ.

ചരണം 1.

സുരഭില മൃഗമദ മോഹന തിലകം = സുരഭിലമായിരിക്കുന്ന (വാസനയുള്ള) മൃഗമദം (കസ്തൂരി) കൊണ്ടു് മോഹനമായ (ആകർഷകമായ) തിലകം (പൊട്ടു്) വിരചയ = നിമ്മിച്ചാലും, രമണ = ഭത്താവേ, സമുജ്ജ്വല ദലികം = സമുജ്ജ്വലിച്ചു കൊണ്ടിരിക്കുന്ന (ശോഭിക്കുന്ന) അലികം (നെററി) (അല്ലയോ ഭത്താവേ, ശോഭയുള്ള നെററിയിൽ വാസനയുള്ള കസ്തൂരി കൊണ്ടു് പൊട്ടിട്ടാലും.)

ചരണം 2.

ഉരു ധൂതകലികാ ± ധാരാളം മൊട്ടുകളോടുകൂടിയതും, തരുഗത ലതികാ ∓ വൃക്ഷത്തെ പ്രാപിച്ചിരിക്കുന്നതുമായ വള്ളി, ഉപഗൂഹന വിധിം ± ആലിംഗന കർമ്മത്തെ, ഉപദിശതി കിം ± ഉപദേശിക്കുന്നുവോ?.

ഉദ്യാനത്തിലെ വൃക്ഷങ്ങളിൽ പററിച്ചേൎന്നു കിടക്കുന്ന വള്ളികളെക്കണ്ടാൽ അവ ആലിംഗന കർമ്മം നമുക്കുപദേശിക്കുകയാണോ എന്നു് ഉത്പ്രേക്ഷ. കവി സങ്കേത പ്രകാരം വൃക്ഷവും ലതയും ഭർത്താവും ഭാര്യയുമാണല്ലോ.

ചരണം 3.

ഉപവന ഭൂഃ ± ഉദ്യാനഭൂമി, ഉപചിത സുമ ചയ വാസകസജ്ജാ ± ശേഖരിക്കപ്പെട്ട പുഷ്പ സമൂഹത്താൽ വേഷഭൂഷാദികളണിഞ്ഞു്, ഭവദാഗമ സജ്ജാ ± അങ്ങയുടെ വരവും കാത്തു് ഒരുങ്ങിയിരിക്കുന്നു. വാസകസജ്ജാ ± വസ്ത്രാലങ്കരണ വിഭൂഷിതയായി, ഭവനവും അലങ്കരിച്ചു് ഭർത്താവിൻെറ വരവും പ്രതീക്ഷിച്ചിരിക്കുന്നവരം; വാസഗൃഹംസജ്ജമാക്കുന്നവരം എന്നു ശബ്ദാർത്ഥം.

''വരൻ വരവറിഞ്ഞിട്ടു
വാസ്‌വേശ്മത്തെ വേണ്ടപോൽ
ഒരുക്കി വേഷമണിയും
നാരി വാസകസജ്ജിക''

ചരണം 4.

കളരവകുലം ± കുയിൽക്കൂട്ടം (അവ്യക്ത മധുരമായശബ്ദമെന്നും) കളരവത്തിനു് മാടപ്രാവെന്നുമർത്ഥമുണ്ടു്. കാൺക സമോദം ± സന്തോഷത്തോടെ കാണുക, കളമൊഴിതൻ രതികൂജിത നിനദം ± സുന്ദരിയുടെ, സുരതസമയത്തു പുറപ്പെടുവിക്കുന്ന ശബ്ദം. (അവ്യക്ത മധുരമായി കേരംക്കുന്ന ശബ്ദം; ഏതോ സുന്ദരി സുരതവേളയിൽ പുറപ്പെടുവിക്കുന്ന ശബ്ദം പോലെ തോന്നുന്നു).

ചരണം 5.

ജനിതവിയോഗരസാ ± ഉണ്ടായ വേർപാടിന്റെ ദുഃഖത്തോടു കൂടിയവളായി, കോകി ± ചക്രവാകപ്പിട, മമ ±: എനിക്ക്, ഖേദം ജനയതി ± ദുഃഖം ജനിപ്പിക്കുന്നു. വരാകീ = ഭാഗ്യഹീന, (ഭർത്തൃവിരഹം കൊണ്ടു് ദുഃഖമനുഭവിക്കുന്ന ചക്രവാകപ്പിട എനിക്കു ദുഃഖമുണ്ടാക്കുന്നു.)

ചരണം 6.

സ്മരരസപൂരിതം ± കാമരസം കൊണ്ടു നിറയ്ക്കപ്പെട്ടതു്, കുചഭര കുംഭം ± സ്തനമാകുന്ന കുംഭം, പരിരംഭം കുരു ± ആലിംഗനം ചെയ്താലും.

''കസ്തൂരീതിലകം ധരിപ്പിച്ചു് നെററിക്കു് മോടികൂട്ടുവാനുള്ള അഭ്യർത്ഥനയെത്തുടന്നു്, വള്ളി വൃക്ഷത്തെപ്പുണന്നു നില്ക്കുന്നതിൽ ദമ്പതികളുടെ ആശ്ലേഷസൗഖ്യത്തെ നിദർശിപ്പിച്ചു്, കാന്തനുമായി ശൃംഗാരലീലയ്ക്കുള്ള തന്റെ സന്നദ്ധത ഉപവനഭൂവിനെ വാസകസജ്ജമായുള്ള അധ്യാരോപണത്താൽ സൂചിപ്പിച്ചു്, ആ അന്തരീക്ഷത്തിൽ ശ്രവണമധുരമായി വ്യാപരിച്ച ശബ്ദജാലത്തിൽ തനിക്കുള്ള ഔത്സുക്യത്തെ വെളിപ്പെടുത്തി, വിരഹിണിയായ ചക്രവാകിയുടെ ദുഃഖത്തിൽ തനിക്കുണ്ടായ അനുകമ്പയുടെ പ്രസ്താവത്താൽ തന്റെ ഭർത്തൃസമാവേശം വ്യക്തമാക്കി, അവസാനത്തിൽ ലജ്ജയെ ജയിച്ചു്, കാന്തനോടായിട്ടുള്ള 'സ്മരരസപൂരിത' ഇത്യാദി രതിപ്രാർത്ഥനയിൽ നിന്നും നായികയുടെ വൈദഗ്ദ്ധ്യാതിശയവും പ്രൗഢതവും പ്രകടമാകുന്നു''

(ഡാ. ഗോദവമ്മ)

നീലാംബരി — അടന്ത

കുബേരൻ:

(പദം. 1 ചരണം 4.)

ശാരദ സുധാകര ചാരു വദനം തേ
കോരകിത ഘർമ്മ ജല കോമള കപോലം

വീരായിതാന്തമതിൽ വീത സീത്കാരം
ആരോമലേ ! കാണ്മാനാശ പെരുകുന്നു മേ

(മാനിനി......)

അർത്ഥം:— ചരണം 4

ആരോമലേ=സുന്ദരി, കോരകിത ഘർമ്മജല കോമള കപോലം=കോരകിതങ്ങളായ (മൊട്ടിട്ട.) ഘർമ്മജലത്താൽ (വിയർപ്പുതുള്ളികളാൽ) കോമളമായ (സുന്ദരമായ) കപോല (കവിൾത്തടം) ത്തോടുകൂടിയ, തേ=നിൻെറ, ശാരദസുധാകരമായ (ശരത്കാലചന്ദ്രനെപ്പോലെ) ചാരു വദനത്തെ (സുന്ദരമായ മുഖത്തെ) വീരായിതാന്തമതിൽ=വിപരീത രതിയുടെ അവസാനത്തിൽ, വീത സീത്കാരം=സീത്ക്കാരമില്ലാത്തതായി കാണുവാൻ ആശ വർദ്ധിക്കുന്നു. വീരായിതം അവസാനിക്കുമ്പോഴം ക്ഷീണം കൊണ്ടു സീത്ക്കാരം പുറപ്പെടുകയില്ല.

ശ്ലോകം 3.

സാവേരി — ചെമ്പട

ഉദ്യച്ചാരു ശശാങ്ക ശംഖ ധവള
പ്രൗഢ പ്രഭാ ഭാസുരം
ശബ്ദ ബ്രഹ്മമയീം ദധാന മനഘം
വീണാം കരാംഭോരുഹേ
ദൃഷ്ട്വാ സ്വാലയ മാഗതം മുനിവരം
ശ്രീനാരദന്തേ്വകദാ
തുഷ്ടാന്തഃകരണഃ പ്രണമ്യ ധനദോ
ഭാഷാം ബഭാഷേ തദാ.

അർത്ഥം: ഉദ്യദ്......ഭാസുരം=ഉദിച്ചുവരുന്ന മനോഹരനായ ചന്ദ്രനെപ്പോലെയും ശംഖത്തെപ്പോലെയും വർദ്ധിച്ച പ്രഭ കൊണ്ടു ശോഭിക്കുന്നവനും, കരാംഭോരുഹേ=കൈയാകുന്ന താമരപ്പൂവിൽ, ശബ്ദബ്രഹ്മമയീം വീണാം ദധാനം=ശബ്ദബ്രഹ്മസ്വരൂപിണിയായ വീണയെ ധരിക്കുന്നവനും, അനഘം=പാപരഹിതനും ആയ, മുനിവരം നാരദം=മുനിശ്രേഷ്ഠനായ നാ

രദനെ, ഏകദാ=ഒരിക്കൽ, സ്വാലയം ആഗതം ദൃഷ്ട്വാ=തൻെറ ഗൃഹത്തിൽ എത്തിയവനായിക്കണ്ടിട്ട്, തുഷ്ടാന്തഃ കരണ: ധനദഃ=സന്തുഷ്ടമാനസനായ കുബേരൻ, പ്രണമ്യ=പ്രണമിച്ചിട്ട് തദാ= അപ്പോഠം, ഭാഷാം (ഭാഷയെ) ബഭാഷേ= പറഞ്ഞു.

'മഹതി' എന്നാണു നാരദൻെറ വീണയുടെ പേർ. ഭാഷാം ബഭാഷേ, വാണീം വ്യഭാണീൽ, വാചം ബഭാഷേ തുടങ്ങിയ പുനരുക്ത പ്രയോഗങ്ങഠം ആട്ടക്കഥകളിൽ സുലഭമാണു്.

വൃത്തം: ശാർദ്ദൂലവിക്രീഡിതം

## രംഗം 2

(കുബേരഭവനം. നാരദൻ പ്രവേശിക്കുന്നു)

പദം 3.

**കുബേരൻ.**

(പല്ലവി)

ജയ ജയ മഹാമുനേ! ജലജ ഭവ നന്ദന!.

(അനുപല്ലവി)

സ്വയമിഹ സമാഗമേ, സംഗതിയു മെന്തഹോ? (ജയ! ജയ!)

(ചരണം. 1.)

ഭൂരി മോഹ ജാലമിഹ ദൂരവേ യകന്നു മേ
സൂര്യാലോകേ തിമിര പൂരമെന്ന പോലെ
കുണ്ഠനായീടും ദശകണ്ഠ ദുർന്നയങ്ങളെ–
ക്കൊണ്ടു ഞാനമത്ര ശിതി കണ്ഠസന്നിധൌ പോന്നേൻ
(ജയ ജയ)

(ചരണം. 2)

ഘോരമാം തപസ്സു കൊണ്ടാരാധിച്ചു വിധിയെ
സാരമായീടും വരമോരോന്നേ ലഭിച്ചവൻ

വീര്യ ദൎമ്മദാന്ധനായ് വിശ്വ പീഡനം ചെയ്‌വാൻ
ഭീരുത വെടിഞ്ഞഹോ പാരാതെ വസിക്കുന്നു (ജയജയ)

(ചരണം. 3)

സാധു ജനങ്ങൾക്കുള്ളിൽ സന്തത മുളവാകും
ബാധയകററും മേലിൽ വാരിജാക്ഷൻ നൂനം
ആകണ്ഠ കേസരിയാ യാദി ദൈത്യനെ ക്കൊന്നു
ലോകരക്ഷ ചെയ്കതും ലോകവിശ്രുതമല്ലോ!
(ജയ ജയ)

അർത്ഥം.

ജലജഭവ നന്ദനാ = ബ്രഹ്മപുത്രനായുള്ളവനേ, ജലജ ഭവൻ = ബ്രഹ്മാവ്. സ്വയ. . . . മെന്തഹോ = തന്നെത്താൻ ഇവിടെ വന്നുചേരാൻ എന്താണു കാരണം.

ചരണം. 1. ഭൂരിമോഹ ജാലം = വലിയ അജ്ഞാന സമൂഹം മേ = എനിക്ക്, സൂര്യാലോകേ = സൂര്യ ദർശനത്തിൽ, തിമിരപൂരം = ഇരുൾക്കൂട്ടം. കണ്ഠൻ = മൂഢൻ, ദശകണ്ഠൻ = രാവണൻ, ശിതികണ്ഠ സന്നിധൗ = ശിവ സന്നിധിയിൽ, ദൂന്നയം = ദൂഷിച്ച നടപടികൾ ''കണ്ഠനായീടും ദശകണ്ഠ ദുർന്നയങ്ങൾ'' എന്നിടത്തു് സമസ്തപദത്തിൽ ബാഹ്യവിശേഷണം ചേരാത്തതിനാൽ 'അഭവന്മതയോഗം' എന്ന കാവ്യ ദോഷം.

ചരണം, 2. വിധിയെ = ബ്രഹ്മാവിനെ, സാന്ദ്രമായിട്ടും ശ്രേഷ്ഠമായ, വീര്യദൎമ്മദാന്ധൻ = വീര്യം കൊണ്ടുള്ള അഹങ്കാരം കൊണ്ടു് അന്ധൻ. വിശ്വപീഡനം = ലോകോപദ്രവം.

ചരണം. 3. സന്തതം = എല്ലായ്പ്പോഴും, ബാധ = ഉപദ്രവം, വാരിജാക്ഷൻ = വിഷ്ണു, ആകണ്ഠകേസരി = നരസിംഹം (തലമുതൽ കഴുത്തുവരെ സിംഹത്തിൻെറ രൂപമുള്ളവൻ, ആദി ദൈത്യൻ = ഹിരണ്യ കശിപു.

പദം. 4

കല്യാണി — ചെമ്പട

നാരദൻ.

(പല്ലവി)

പുണ്യജനാധിപ! തേ കുശലം പരി—
പൂർണ്ണ ഭാഗ്യജലധേ! നിരന്തരം

(അനുപല്ലവി)

പുണ്യ വിജിത ഭുവനാധിനാഥ പദ!
പുരശാസനപദ ഭജ പരായണ!
(പുണ്യജനാധിപ. . .)

(ചരണം. 1)

ചിത്ര മഹോ തവ! വചന മിതെല്ലാം— ഇങ്ങനെ പര—
ചിത്തമറിഞ്ഞുര ചെയ്‌വതു കൊള്ളാം
അത്ര ഭവാനൊടു ചൊല്‌വതിനില്ലാ—ഇങ്ങൊരു കാര്യം.
അത്രയു മായിനിയുള്ളതു ചൊല്ലാം — കേട്ടാലുമെങ്കിൽ
വർത്തമാനമിഹ പാവകൻ— അവനു
വെപ്പുകാരിലൊരു പാചകൻ— പവനൻ
അത്രയല്ല ബഹുസേവകൻ— പറവ—
തെത്രയെന്നു ചില വാചികം
അത്യുദാരമതിയായ നിൻ സഹജ—
കൃത്യ മാക മപവാദമയേ! തവ!
ഇത്‌ത്രിഭുവന മതിലാകെ നിറഞ്ഞ തി—
നത്തലിങ്ങു സത്യമിന്നു ചെല്‌വതു—
(പുണ്യജനാധിപ. . .)

അർത്ഥം.

---

പുണ്യജനാധിപ = പുണ്യജനങ്ങളുടെ (യക്ഷന്മാരുടെ) രാജാവേ, തേ = നിനക്കു്. കുശലം = മംഗളം, പരിപൂർണ്ണ ഭാഗ്യജലധേ = പരിപൂർണ്ണമായ ഭാഗ്യത്തിന്നു സമുദ്രമായിട്ടുള്ളവനേ, പുണ്യ വിജിത . . . . പദ = പുണ്യം കൊണ്ടു് ജിതമായ (ജയി

ക്കപ്പെട്ട) ലോകത്തിൻെറ നാഥനെന്ന സ്ഥാനത്തോട്ട കൂടിയവനേ, പുരശാസന. . . . പരായണ = പുരശാസനൻെറ (ശിവൻെറ) പദങ്ങളെ ഭജിക്കുന്നതിൽ ത്തപരനായിട്ടുള്ളവനേ.

ചരണം. 1. പരചിത്തം. = അന്യൻെറ മനസ്സ്, അത്ര = ഇവിടെ, അത്ര, . . . ചൊല്വതില്ല = ഇവിടെ അങ്ങയോട്ട വിശേഷിച്ച പറയാനൊന്നുമില്ല, പര. . . ചെയ്വതുംകൊള്ളാം = രാവണൻെറ ഉപദ്രവത്തെപ്പററിപ്പറയാനാണ് ഞാൻ വന്നതു്. അതെല്ലാം (അന്യരുടെ മനസ്സിലുള്ള ഇക്കാര്യം) അങ്ങ നേരത്തേ അറിഞ്ഞിരിക്കുന്നു. പരചിത്തത്തിന്ന് ഈശ്വരൻെറ മനസ്സെന്നും അർത്ഥം പറയാം. രാവണനിഗ്രഹം ചെയ്ത് വിഷ്ണു ലോകസംരക്ഷണം നടത്തുമെന്ന്, നൃസിംഹാവതാര കഥ സൂചിപ്പിച്ചുകൊണ്ട് കുബേരൻ നാരദനോട്ട പറയുന്നു. പരചിത്ത സങ്കല്പം (ഈശ്വരസങ്കല്പം) നേരത്തെ വൈശ്രവണൻ അറിഞ്ഞതിൽ നാരദൻ സന്തോഷിക്കുന്നു എന്നും ഈ വരിക്കർത്ഥം പറയാം. പാവകൻ = അഗ്നി, പവനൻ = കാററു്, വാചികം = വാക്ക് (സന്ദേശം, പറയാൻ കൊള്ളാത്ത പ്രവൃത്തി) പറവ, . . . വാചികം = അവൻെറ ദുന്നടപടികൾ എത്രയെന്നു വിചാരിച്ചാണു പറയുന്നതു്. അത്യുദാരമതിയായ = വലിയ ദാനശീലനായ, നിൻ സഹജൻ = നിൻെറ സഹോദരൻ (രാവണൻ) ''അത്യുദാരമതിയായ നിൻ സഹജൻ'' എന്നിടത്തു് 'അഭവന്മതയോഗം'. അത്യുദാരമതി. . . ചൊല്വതു് = വളരെ ഉദാരമതിയായ നിൻെറ സഹോദരൻെറ പ്രവൃത്തികൾകൊണ്ടുള്ള അപവാദം ഈ മൂന്നു ലോകങ്ങളും നിറഞ്ഞിരിക്കുന്നു. അതുകൊണ്ടെനിക്കു ദുഃഖമാണ്. ഇതു സത്യമാണ്.

ചരണം. 2

ഗൂഢമതായുണ്ടൊരു സംസാരം ത്രിദിവേ ചിലർ
കൂടിയിരുന്നതിലുണ്ടൊരു സാരം
''മൂഢ ദശാനന ചരിത വിചാരം ''ഇല്ലയോ'' എന്നും
''മോദമിതോ ധനദനു ഹൃദി പാരം''– ഞാനവരോട്ട
കൂടെയങ്ങു പറയുന്നതോ–ഇതനു–
കൂലമെന്നതു വരുന്നതോ– ശശിനി–

ചൂട്ട ശങ്ക കരുതുന്നിതൊപ്പമവ—
രോടതിന്നു പറയാവതോ?
ഈടെഴുന്ന ഭുജവീര്യ വാരിനിധി
ഈശനോട്ട സഖിയായ ധനേശ്വരൻ
പാടവമൊട്ട യുധി ഭനേക്കിലഹോ ഹൃദി
പേടി തേടി യോട്ട മിന്നു ദശമുഖൻ. (പുണ്യജനാധിപ.)

ചരണം. 2. ത്രിദിവേ = സ്വർഗ്ഗത്തിൽ, ഗൂഢ . . . സാരം = സ്വർഗ്ഗത്തിൽ ചിലർ കൂടിയിരുന്നു സ്വകാര്യ മായൊരു സംസാരമുണ്ട്. മൂഢ . . . പാരം'' മൂഢനായ രാവണൻെറ പ്രവൃത്തികളെപ്പററി കുബേരനു വിചാരമില്ലേ അതോ, ഇതെല്ലാം അദ്ദേഹത്തിനു സന്തോഷമാണോ? ഞാനവരോട്ട . . . വരുന്നതോ = ഞാൻ അവരോട്ട ചേൎന്നു പറയുമോ? രാവണൻെറ പ്രവൃത്തികൾക്കെല്ലാം അങ്ങ് അനുകൂലമാണോ? ധനദൻ =കുബേരൻ, ഹൃദി = ഹൃദയത്തിൽ, ശശിനി = ചന്ദ്രനിൽ, ചൂട്ടശങ്ക കരുതുന്നതു് ചൂട്ടുണ്ടെന്ന സംശയം ഉണ്ടാകുന്നതു്. (രാവണൻെറ പ്രവൃത്തികൾക്ക കുബേരൻ അനുകൂലമാണെന്നു പറയുന്നതു് ചന്ദ്രനിൽ ചൂട്ടുണ്ടെന്നു ശങ്കിക്കുന്നതുപോലെ അടിസ്ഥാന രഹിതമാണു്. അവരോടതിന്നു പറയാവതോ = അതവരോട്ട പറഞ്ഞാൽ ബോധിക്കുന്നുമില്ല. ഈശൻ = ശിവൻ, ഈടെഴുന്ന ഭുജവീര്യ വാരിനിധി = ശക്തിയേറിയ കൈയ്യൂക്കിനു സമുദ്രമായിട്ടുള്ളവൻ (വലിയ ബലശാലി) യുധി = യുദ്ധത്തിൽ.

ചരണം 3.

വല്ലതുമസ്സു നമുക്കനുവാദം—എന്നിരിക്കിലും
കല്യമതേ നിങ്കലുമപവാദം
ചൊല്ലുക നീ ഗുണമവനതിൽ മോദം വന്നുവെന്നാകിൽ
നല്ലതു വരുമതിനെന്തു വിവാദം! —അവൻെറ മുമ്പിൽ
മല്ല നേർമിഴികളാടണം സദസി
മന്ദമെന്യേ ഞങ്ങൾ പാടണം—ഇടയിൽ
വല്ല കീഗതികൾ കൂടണം—സകല
മല്ലലി ലവനുടയ കാരണം;

ചൊല്ലെഴുന്ന ജനപീഡ ചെയ്തിഹ
ചൊല്ലുവാനുമെളുതല്ലഹോ—ജഗ—
ദല്ലലൊഴിവതിനു കഴിവപരം നഹി:
കില്ലു കളക ചൊല്ലി വിടുക ദൂതരെ.
(പുണ്യജനാധി...)

അർത്ഥം:— ചരണം 3.

വല്ലതുമസ്തു...നിങ്കലുമപവാദം =എന്തെങ്കിലുമാകട്ടെ, നമു ക്കൊന്നുമില്ല: എന്നു വിചാരിച്ചിരുന്നാലും, കല്യമതേ (സമർത്ഥ നായുള്ളവനേ) നിനക്കപവാദമുണ്ടാവും. വിവാദം ≡ തക്കം, മല്ല നേർമിഴികൾ ≡ സുന്ദരിമാർ, മല്ലം = താമര, വല്ലകീഗതികൾ = വീണയിലെ സ്വരങ്ങളുടെ ആരോഹണാവരോഹണക്രമങ്ങൾ. സകലമല്ലൽ = എല്ലാ ദുഃഖവും, ''ചൊല്ലെഴുന്ന ജനപീഡ'' എന്നി ടത്തു് അഭവന്മതയോഗം. ചൊല്ലെഴുന്ന ജനം ≡ സജ്ജനം, ജഗദ ല്ലൽ (ജഗദ് + അല്ലൽ) = ലോകത്തിൻെറ ദുഖം. കഴിവു് അപരം നഹി = മററു കഴിവില്ല. കില്ലു് = സംശയം.

ശ്ലോകം 4.

''വിഹായസം പ്രതി യതിതേ മുനീശ്വരേ
വിഹായ സംപ്രതി വിശയം ധനേശിതുഃ
സമിത്സു നോ സമജനിതാ സുഹൃത്തയാ
സമുത്സുകം സമജനിതാസു ഹൃത്തയാ.''

അർത്ഥം.

സംപ്രതി (ഇപ്പോൾ, ഉടനേ) ധനേശിതുഃ = കുബേരൻെറ, വിശയം = ഗൃഹത്തെ, വിഹായ = വെടിഞ്ഞിട്ടു്, മുനീശ്വരേ = മുനീശ്വരൻ (നാരദൻ), വിഹായസം പ്രതി = ആകാശത്തേയ്ക്കു്, യ തിതേ = യാത്ര ചെയ്യപ്പോൾ, തയാ സമജനിതാ സുഹൃത്തയാ = ആ സഹോദരസ്നേഹം നിമിത്തമായി, താസു സമിത്സു = ആ യുദ്ധങ്ങ ളിൽ, (തസ്യ = അവൻെറ) ഹൃത്തു് = ഹൃദയം, സമുത്സുകം നോ സമജനി = ഉത്സാഹം ജനിച്ചതായിത്തീന്നില്ല.

വിഹായസംപ്രതി, വിഹായ ± സംപ്രതി, സമജനിതാ സു

ഹൃത്തയാ, സമജനിതാ സുഹൃത്തയാ എന്നിങ്ങനെ ഒരേ പദം അർത്ഥ വ്യത്യാസത്തോടുകൂടി ആവർത്തിച്ചിരിക്കുന്നതിനാൽ അലങ്കാരം 'യമകം'

''അക്ഷരക്കൂട്ടമൊന്നായി–
ട്ടർത്ഥം ഭേദിച്ചിടും പടി
ആവൎത്തിച്ചു കഥിച്ചീടിൽ
യമകം പല മാതിരി,''

വൃത്തം: അതിരുചിര.

''ചതുർയതിർഹ്യതിരുചിരാ ജഭസ്ജഗം.''

ശ്ലോകം 5.

ത്രിദശാനന മോദ മാദധാതും
സ്വഗിരാ സാധു ദശാനനം രുരുത്സുഃ
നിശമയ്യ ന യജ്ഞ തത്പരം തം
സ നയജ്ഞഃ ഖലു സന്ദിദേശ ദൂതം.

അർത്ഥം.

തം ദശാനനം = ആ രാവണനെ, ന യജ്ഞ തത്പരം നിശമയ്യ = യജ്ഞതത്പരനല്ലെന്നു് (യാഗാദി കൎമ്മങ്ങളെ വെറുക്കുന്നവൻ) കേട്ടിട്ടു്, നയജ്ഞഃ സഃ = നയചതുരനായ അവൻ (കുബേരൻ), ത്രിദശാനന മോദം ആദധാതും = ദേവന്മാരുടെ മുഖത്തിനു് പ്രീതികൊടുക്കുന്നതിനും, സ്വഗിരാ = സ്വന്തം വാക്കുകളാൽ, സാധു രുരുത്സുഃ = (അവനെ) വേണ്ടവണ്ണം തടയുന്നതിനും ആഗ്രഹമുള്ളവനായിട്ടു്, ദൂതം = ദൂതനെ, സന്ദിദേശ ഖലു = സന്ദേശവാക്യവുമായയച്ചു.

അലങ്കാരം: യമകം.

വൃത്തം; വസന്തമാലിക.

''വിഷമേ സസജം ഗഗം സമത്തിൽ
സഭരേഫം യ വസന്തമാലികക്കു്''

ശ്ലോകം 6.

പാടി—ചെമ്പട

പ്രാലേയ ഭാനു കര ലാളിത കേളിസൗധം
ബാലാം നയൻ സ്വദയിതാം സ തു യാതുനാഥഃ
പ്രേമാതുരാം പ്രസൃമര സ്മര പീഡിതാത്മാ
പ്രാണാധിക പ്രിയതമാ മിദ മാബമാഷേ''

സ യാതുനാഥഃ തു = ആരാക്ഷസരാജവാകട്ടെ, (രാവണൻ) ഭാ പ്രിയതമാം = ജീവനെക്കാം സ്നേഹമുള്ള, സ്വദയിതാം = സ്വന്തം ഭാര്യയെ പ്രാലേയകഭാനു കരലാളിതകേളിസൗധം = പ്രാലേയഭാനുവിൻെറ (ചന്ദ്രൻെറ) കരങ്ങളാൽ ലാളിതമായ (രശ്മികളാൽ ലാളിക്കപ്പെട്ട) കേളീസൗധത്തെ (ക്രീഡാഗൃഹത്തെ) നയൻ = നയിക്കുന്നവനായി, പ്രസൃമരസ്മര = പീഡിതാത്മാ = വർദ്ധിച്ച കാമപീഡയുള്ള മനസ്സോടുകൂടിയവനായി, പ്രേമാതുരാം ബാലാം = പ്രേമവിവശയായ ബാലയോട് (ഭാര്യയോട്) ഇദം ആബഭാഷേ = ഇങ്ങനെ പറഞ്ഞു.

വൃത്തം: വസന്തതിലകം.

## രംഗം 3

(ലങ്കാനഗരത്തിൽ രാവണൻെറ ക്രീഡാസൗധം: രാവണനും മണ്ഡോദരിയും.)

പദം. 5

**രാവണൻ:**

(പല്ലവി)

നളിനായത നേർമിഴി ! ബാലേ !
നലമോടിഹ വരുക നീ ചാലേ

(അനുപല്ലവി.)

കള ഭാഷിണിമാർ മുടി മാലേ !
കളഭ സമാനാഞ്ചിത ഗമനേ

(നളിനായത)

(ചരണം. 1)

കൊഞ്ചും മൊഴി നാണമിയന്നി ഹ
കിഞ്ചന നീ വദനം താഴ്ത്തി
പുഞ്ചിരി കൊണ്ടയി ! മമ ഹൃദയം
വഞ്ചന ചെയ്തീടുന്നെന്തേ ?

(നളിനായത)

(ചരണം. 2)

പരിമള ചികുരാംബുദ നികരേ
മറയാശു തവാനന ചന്ദ്രം
പരിചൊടു മമ നയന ചകോരം
പരിതാപമൊടുഴലുന്നല്ലോ —

(നളിനായത)

അർത്ഥം :—

നളിനായത നേർമിഴി = താമരപ്പൂ പോലെ നീണ്ട കണ്ണുള്ള വരം. നലം = സന്തോഷം. ഇഹ = ഇവിടെ. ചാലേ = ഭംഗി യായി.

കള ഭാഷിണി = മധുരമായി സംസാരിക്കുന്നവരം കള ....., മുടിമാല = സുന്ദരിമാരുടെ മുടിക്കു മാലയായിട്ടുള്ളവരം, കളഭ സ മാനാഞ്ചിത ഗമനേ = കളഭത്തിനു (ആനക്കുട്ടിക്കു) സമാനമായി (തുല്യമായി) അഞ്ചിതമായി (സുന്ദരമായി) ഗമനേ (സഞ്ചരിക്കു ന്നവളേ).

ചരണം 1. കിഞ്ചന = അല്പം, വദനം = മുഖം

ചരണം 2. പരിമള......നികരേ=പരിമളമുള്ള (സുഗന്ധമുള്ള) ചികുരമാകുന്ന (തലമുടിയാകുന്ന) അംബുദ നികരേ (കാർമേഘക്കൂട്ടത്തിൽ) തവ ആനനചന്ദ്രം=നിൻെറ മുഖമാകുന്ന ചന്ദ്രനെ, മറയാൊല്ല=മറയ്ക്കരുതു്. (മറയ്ക്കൊല്ല' എന്ന അർത്ഥത്തിൽ 'മറയാൊല്ല' എന്ന പ്രയോഗം അസമർത്ഥമാണു്) മമ നയന ചകോരം=എൻെറ കണ്ണാകുന്ന ഉപ്പൻ, പരിതാപമൊടു്— ദുഃഖം കൊണ്ടു്. ഉഴലുന്നു=വിവശമാകുന്നു.

തലമുടിയാകുന്ന കാർമേഘ നിരയ്ക്കുള്ളിൽ നിൻെറ മുഖമാകുന്ന ചന്ദ്രബിംബത്തെ മറയ്ക്കരുതു്. പുഞ്ചിരിയാകുന്ന നിലാവു കിട്ടാതെ എൻെറ കണ്ണുകളാകുന്ന ഉപ്പൻ ദുഃഖിക്കുന്നു. കവി സങ്കേതമനുസരിച്ചു് ചകോരത്തിൻെറ ആഹാരവസ്തു നിലാവാണല്ലോ.

അലങ്കാരം — പരമ്പരിത രൂപകം

(ചരണം. 3)

അരുണാധര പാന മതിന്നാ—
യഹ മഹ മിക കൊണ്ടിഹ തമ്മിൽ
കരഭോരു ! മമാനന മെല്ലാം
കലഹ രസം കരുതീടുന്നു

(നളിനായത)

(ചരണം. 4)

നിജ ഗർവ്വ വളർന്നട നാശാ—
ഗജ കുംഭ മടിച്ചു പിളർന്നൊരു
ഭുജ വിംശതി നിൻ പദ താരിണ—
ഭജനം ചെയ്‌വാൻ മുതിരുന്നു.

(നളിനായത)

(ചരണം. 5)

കരികുംഭ മൊടമർ പൊരുതുന്നൊരു
കുചകുംഭം മാറിലണച്ചിഹ.

പരിരംഭണേ മൻപൊട്ട ചെയ്‌വാൻ
പരഭൃതമൊഴി താമസ മരുതേ.

(നളിനായത)

അർത്ഥം — ചരണം. 3

അരുണാധര പാനം = ചുവന്ന ചുണ്ടിന്റെ പാനം, അഹമഹമിക = ഞാൻ മുമ്പേ എന്ന ഭാവം, കൊണ്ടു് = സ്വീകരിച്ചു്, കരഭോരു = കരഭം പോലുള്ള തുടയോടുകൂടിയവരം. കരഭം = മണിബന്ധം മുതൽ ചെറുവിരലിന്റെ അടിബ്ഭാഗം വരെയുള്ള ഭാഗം (മണിബന്ധാദാകനിഷ്ഠം = കരസ്യ കരഭോ ബഹി:) മമാനനം = എന്റെ മുഖം.

ചരണം 4.

നിജഗർവ്വ് = തന്റെ അഹങ്കാരം, ആശാഗജകുംഭം = ദിക്കരികളുടെ മസ്തകം, ഭുജവിംശതി = ഇരുപതു കൈകരം, ഭജനം ചെയ്‌വാൻ = സേവിക്കാൻ. (ഭുജവിംശതിക്കു നല്കിയിട്ടുള്ള വിശേഷണം രസഭംഗത്തിനു കാരണമായിട്ടുണ്ടെന്നു് ശ്രീ. കൊട്ടാരത്തിൽ ശങ്കുണ്ണി ചൂണ്ടിക്കാട്ടിയിട്ടുള്ളതു് ചിന്ത്യമാണു്).

ചരണം. 5

കരികുംഭം = ആനയുടെ മസ്തകം, അമർ കരുതുന്ന = യുദ്ധം കൊതിക്കുന്ന, കുചകുംഭം = കുംഭം പോലുള്ള കുചം, പരിരംഭണം = ആലിംഗനം, പരഭൃതമൊഴി = കുയിലിന്റേതുപോലുള്ള വാക്കോടുകൂടിയവരം.

പദം. 6

നവരസം — അടന്ത

**മണ്ഡോദരി:**

(പല്ലവി)

നിശമയ വചനം മേ നിരുപമ ഗുണാകര !
നിശിചരാധിപ ! ജീവനായക !

(അനുപല്ലവി)

ശശധര നിഹ നാഥ ! ചാലവേ കുമുദിനീ—
വിശസന മൊഴിപ്പതും വിരവിനൊടു കണ്ടാലും
(നിശമയ)

(ചരണം. 1)

പ്രാലേയ ഭാനു തൻ പാലോലും കരാമൃതം
പാനം ചെയ്‌വതിനിന്നു സാദരം
ബാലികയാകു മൊരു ലീലാ ചകോരികയും
ലോലയായ് വസിപ്പതു മാലോകയ രമണ
(നിശമയ)

അർത്ഥം:— നിശമയ = കേട്ടാലും, മേ = എന്റെ, നിരുപമഗുണാകര = നിസ്തുല്യങ്ങളായ ഗുണങ്ങൾക്കു് ഇരിപ്പിടമായിട്ടുള്ളവൻ, നിശിചരാധിപ = രാക്ഷസനാഥ, ശശ ധരൻ = ശശത്തെ (മുയലിനെ) ധരിക്കുന്നവൻ (ചന്ദ്രൻ), കുമുദിനി = ആമ്പൽപ്പൊയ്ക കുമുദിനീ വിശസനം = ആമ്പൽപ്പൊയ്കയുടെ ദുഃഖം.

ചരണം. 1 പ്രാലേയ ഭാനു = പ്രാലേയത്തിനു (മഞ്ഞിനു) തുല്യമായ ഭാനു (രശ്മി) ഉള്ളവൻ = ചന്ദ്രൻ, പലോലും = പാലൊഴുകുന്ന, ലീലാ ചകോരിക = വളർത്തുന്ന ഉപ്പൻ പിട, ലോല = തത്പര, ആലോകയ = കണ്ടാലും.

(ചരണം. 2)

പല്ലവ ശയ്യ യിതു പവന ചലിത ദല
നല്ലൊരു പാണി കൊണ്ടു നിയതം
മെല്ലവേയിതാ നമ്മെ മുഹുരപി വിളിപ്പതും
കല്യാണാലയ ! ഭവാൻ കണ്ടിതോ കുതുഹലം
(നിശമയ)

(ചരണം. 3)

അമ്പിളി കിരണം നിന്നങ്കേ വാണീടുന്നേരം
അൻപൊടു ശീതമെന്നാകിലും

സമ്പ്റതി മമ പരിപാപം കൈവളക്കുന്നു
കമ്പവു മകതാരിൽ കാരണ മെന്തഹോ—

(നിശമയ)

അർത്ഥം:— ചരണം. 2

പല്ലവശയ്യ = തളിരു കൊണ്ടുള്ള കിടക്ക, പവന ചലിതദല = കാററിനാൽ ഇളക്കപ്പെട്ട ഇലകളോടുകൂടിയതു്, നിയതം = എപ്പോഴും, മുഹുരപി = വീണ്ടും വീണ്ടും, കല്യാണാലയ = മംഗളത്തിനിരിപ്പിടമായിട്ടുള്ളവനേ, കുതുഹലം = സന്തോഷം.

കാറേററിളകുന്ന തളിരുകളെ, കൈകൊണ്ടു വിളിക്കുന്നതായി, ഉത്പ്രേക്ഷിച്ചിരിക്കുന്നതിനാൽ ഉത്പ്രേക്ഷ.

ചരണം. 3 അമ്പിളി കിരണം = ചന്ദ്രകിരണം (മലയാള സന്ധി നിയമമനുസരിച്ച് 'അമ്പിളിക്കിരണം' എന്നു വേണം.) നിന്നങ്കേ = നിൻെറ മടിയിൽ, സമ്പ്റതി = ഇപ്പോൾ, കൈവളക്കുന്നു = വർദ്ധിപ്പിക്കുന്നു, കമ്പം = ഇളക്കം, പരിതാപം = വലിയ ചൂടു്.

അമ്പിളി കിരണം പരിതാപം വളക്കുന്നു എന്നിടത്തു് 'വിരോധാഭാസം'

'വിരോധം തോന്നു മാറുക്തി
വിരോധാഭാസ മായിടും'.

ശ്ലോകം. 7

കാമോദരി — ചെമ്പട

ഇതി ബഹു വിധൈർ ലീലാഭേദൈഃ
പ്രിയാ മുപലാളയ—
ത്യഥ നിശിചരാധീശേ ലങ്കാപുരേ
സുഖമാസ്ഥിതേ
ധനപതി സമാദിഷ്ടോ ദൂത—
സ്സമേത്യ തദന്തികം
പ്രണയ മധുരാ മൂചേ വാണീം
പ്രണാമ പുരസ്സരം.

അർത്ഥം.

ഇതി = ഇപ്രകാരം, നിശിചരാധീശേ = രാവണൻ, ബഹുവിധൈഃ ലീലാഭേദൈഃ = പല വിധത്തിലുള്ള ലീലാ വിശേഷങ്ങളെക്കൊണ്ട് പ്രിയാം = ഭാര്യയെ, ഉപലാളയതി = പ്രീണിപ്പിച്ച്, അഥ = അനന്തരം, ലങ്കാപുരേ = ലങ്കാനഗരത്തിൽ, സുഖം ആസ്ഥിതേ (സതി) = സുഖമായി താമസിക്കുമ്പോൾ, ധനപതി സമാദിഷ്ടഃ = കുബേരനാൽ അയയ്ക്കപ്പെട്ടവനായ, ദൂതഃ = ദൂതൻ, തദന്തികം സമേത്യ = അവന്റെ സമീപത്തെ പ്രാപിച്ചിട്ട്, പ്രണാമപുരസ്സരം = നമസ്ക്കാരപൂർവം, പ്രണയമധുരം = പ്രണയമധുരമായ, വാചം ഊചേ = വാക്ക പറഞ്ഞു.

വൃത്തം — ഹരിണി.
'ന സ മ ഹരിണിക്കാറും പത്തും മുറിഞ്ഞു രസം ലഗം'.

## രംഗം 4

(രാവണന്റെ ആസ്ഥാന മണ്ഡപം: ദൂതൻ പ്രവേശിക്കുന്നു.)

പദം. 7

**കുബേരദൂതൻ:**

(പല്ലവി)

യാതുധാന ശിഖാമണേ ! ശൃണു
രാജരാജ നിയോഗം
വീതസംശയ മിഹ വീര!

(അനുപല്ലവി)

ഏതുമേ പിഴയാതെ തൻമുഖ—
ജാതമാം മൊഴി ചൊല്വതിദാനീം

(യാതുധാന)

(ചരണം. 1)

തിങ്കൾമൗലി തൻ പാദ പങ്കജം ഭജിച്ചു ഞാൻ
ലങ്കയിൽ നിന്നു വന്നശേഷം തൻ കൃപാബലാൽ—

മെങ്കലുണ്ടായി; പരിതോഷം കലന്നഹോ ഗത–
ശങ്കമിഹ മരുവുന്നു ഞാൻ ഭവ സങ്കട–
ങ്ങളൊഴിപ്പതിന്നിഹ–
ശങ്കരനുടെ ചരണം ശരണം വരണം
മേലില്ല മപി സതതം മേ
(യാതുധാന)

[ചരണം. 2]

പാരിട മഖിലവും പാരാതെ നിൻെറ ഭുജ–
സാരാനലങ്കൽ നീ മെരിച്ചു – എന്നല്ല പര–
ദാരങ്ങളെ യപഹരിച്ചു – ഈ വണ്ണ മോരോ
ഘോര തര ദുരിതോരു ജലനിധി
താരണേ ഗതി യാരയേ ! തവ
ചേരുവതില്ലിവ യൊന്നു മഹോ
ബഹു പാപം അരുതിനി ജനതാപം
[യാതുധാന.....]

അർത്ഥം:— യാതുധാനശിഖാമണേ = രാക്ഷസ ശിരോരത്നമേ, ശൃണു = കോട്ടാലും, രാജരാജ നിയോഗം = കുബേരൻെറ കല്പന, വീതസംശയം = സംശയം കൂടാതെ.

തന്മുഖജാതം = അദ്ദേഹത്തിൻെറ മുഖത്തിൽ നിന്നു ജനിച്ചതു് (അദ്ദേഹം പറഞ്ഞതു്), ഇദാനീം ചൊൽവൻ = ഇപ്പോൾ പറയാം.

ചരണം. 1 തിങ്കൾ മൗലി = ശിവൻ, തൻ കൃപാലേശം = ശിവൻെറ ദയാലേശം, പരിതോഷം = സന്തോഷം, ഗതശങ്കം = സംശയം കൂടാതെ, ഭവസങ്കടം = സംസാര ദുഃഖം, ശങ്കരനുടെ.... മേ = മേലിലും എനിക്കു് എല്ലായ്പോഴും ശിവൻെറ പാദം തന്നെ ശരണമായ് വരണം.

'ചരണം ശരണം വരണം' എന്ന ഭാഗത്തു് 'യമകം'

ചരണം. 2 ഭുജസാരാനലൻ = കൈയൂക്കാകുന്ന അഗ്നി, പരദാരങ്ങൾ = അന്യഭാര്യ, [അന്യരുടെ ഭാര്യമാർ) ഘോരതര.... ജലനിധി = ഘോരതരമായ ദുരിതമാകുന്ന മഹാസമുദ്രം, താരണേ = കടത്തുന്നതിൽ, ഗതിയാരയേ = ആരാണഗതി, അയേ = എടോ (അല്ലയോ).

ചരണം, 3

വാസവമുഖ നാകവാസി വൃന്ദങ്ങളെൻെറ
ശാസനം കേൾക്കുന്നമെല്ലാരും അതിനു കമ–
ലാസന വരബലം പോരും – എന്നുള്ള ഗർവം
ആസകല മപി തീരും ഇഹ പുര–
ശാസനൻ പദ ദാസ ജന പരി–
ഹാസവിധം തുടരുന്ന തിനൊരുപായം–
ഇല്ലിഹ നിരപായം.

(യാതുധാന)

അർത്ഥം:– വാസ......വൃന്ദങ്ങൾ = ദേവേന്ദ്രൻ തുടങ്ങിയ ദേവന്മാരുടെ സമൂഹം, ശാസനം = ആജ്ഞ, കമലാസന വരബലം = ബ്രഹ്മാവിൻെറ വരത്തിൻെറ ശക്തി. ആസകലം = മുഴുവൻ, പുരശാസനൻ.... ഇല്ലിഹ = പരമശിവൻെറ പാദഭക്തരായ ജനങ്ങളെ പരിഹസിക്കാൻ തുടരുന്നതിനു് അപായമില്ലാത്തതായ ഒരുപായം ഇങ്ങൊരിടത്തുമില്ല. (ശിവഭക്തരെ അപഹസിച്ചാൽ അപായമാണു ഫലമെന്നു ഭാവം).

ഭുജസാരാനിലൻ, ഘോരതരദുരിതോരു ജലനിധി, എന്നീ ഭാഗങ്ങളിൽ അലങ്കാരം രൂപകം.

ശ്ലോകം 8.

ഇതി നിശമ്യ ധനേശ നിദേശമ–
പ്യസഹനീയ രുഷാ പരുഷാ ശയഃ
ധനദ ദൂത മമും സ ദശാനനഃ
ശമന ദൂതവ ശംവദ മാതനോത്.

അർത്ഥം.

ഇതി = ഇപ്രകാരം, ധനേശ നിദേശ (അപി) = കുബേരൻെറ സന്ദേശം (പോലും), നിശമ്യ = കേട്ടിട്ട്, അസഹനീയരുഷാ = സഹിക്കാൻ വയ്യാത്ത കോപംകൊണ്ട്, പരുഷാശയ സ ദശാനനഃ = കഠിന ഹൃദയനായ ആ രാവണൻ, അമും ധനദ ദൂതം = ഈ കുബേര ദൂതനെ, ശമനദൂത വശംവദം = കാലദൂതൻെറ അധീനത്തിലാക്കി. ആതനോത് = ചെയ്തു.

'വധിച്ചു' എന്ന വാച്യത്തെ 'ശമനദൂത വശംവദ മാതനോത്', എന്ന് വ്യംഗ്യഭംഗ്യാ പറഞ്ഞിരിക്കുന്നതിനാൽ 'പര്യായോക്തം.' ധനേശ നിദേശ, രുഷാ പരുഷാ, എന്നിവിടങ്ങളിൽ 'അനുപ്രാസം'.

"പര്യായോക്തമുരച്ചീടിൽ
വാച്യം താൻ വ്യംഗ്യ ഭംഗിയിൽ"
"അനുപ്രാസം വ്യഞ്ജനത്തെ-
യാവർത്തിക്കിലിടക്കിടെ."

വൃത്തം: ദ്രുത വിളംബിതം'

"ദ്രുതവിളംബിതമാം നമവും ഭരം.'

ശ്ലോകം 9.

കന്നട—ചെമ്പട

ധനദ കിങ്കര ജീവിത ചർവണ
ക്ഷണ വിബുദ്ധ നിജാസി ഭുജംഗമഃ
നിജ ഗദേരിത രൂക്ഷ നിരീക്ഷണൈർ-
നിജഗദേ സചിവൈഃ സ ദശാനനഃ

അർത്ഥം.

ധനദ...ഭുജംഗമ = ധനദൻെറ (കുബേരൻെറ) കിങ്കരൻെറ (ഭൃത്യൻെറ) ജീവിതത്തെ ചർവണം ചെയ്തുകൊണ്ട് (പ്രാണനെ ഭക്ഷിച്ചുകൊണ്ട്) ക്ഷണത്തിൽ (പെട്ടെന്ന്) വിബുദ്ധമായ

(ഉണർന്ന്) നിജ (തന്റെ) അസി (വാൾ) യാകുന്ന ഭുജംഗമ: (സർപ്പത്തോടുകൂടിയവനായ, സ ദശാനനൻ = ആ രാവണൻ, നിജ ഗദേരിത = നിജ (തങ്ങളുടെ) ഗദ (ഗദകളിൽ) ഈരിത (ചേർക്കപ്പെട്ട), രൂക്ഷ നിരീക്ഷണൈഃ = കഠിനങ്ങളായ നോട്ടങ്ങളോടുകൂടിയവരായ, സചിവൈഃ = മന്ത്രിമാരാൽ, നിജഗദേ = പറയപ്പെട്ടു.

ഗദാപാണികളായ രാവണസചിവന്മാർ രാവണനോട് ഇങ്ങനെ പറഞ്ഞുവെന്നു സാരം.

രാവണന്റെ അസിക്കു് ഭുജംഗമത്തോട് അഭേദം കല്പിച്ചിരിക്കയാൽ 'രൂപകം'. 'നിജഗദേ' എന്ന പദം അർത്ഥഭേദത്തോടെ ആവർത്തിച്ചിരിക്കുന്നതുകൊണ്ടു് 'യമകം'.

വൃത്തം: ദ്രുതവിളംബിതം. (വൃത്തൗചിത്യം ശ്രദ്ധിക്കുക.)

പദം 8.

## രാവണ സചിവന്മാർ.

പല്ലവി.

ന ഖലു മനസി സംശയ മിഹ മേ,
ധന നായകനുടെ നിധനേ
അഖിലാശര കുല കലശ പയോനിധി
നിശാകര! സംപ്രധനേ

(ചരണം 1)

കരളിലവനു വളരുന്നൊരഹമ്മതി
കളവനഹം സമരേ—ഹരി
വരുണ ഹുതേശ സുരേശാദികളും
വരുകില്ല മിന്നവരേ
വിരവിനൊടു പരേതേശ പുരേ
സരോഷ മിഹ സമരേ ചേക്കുവൻ

തരിക ഭവാനനുമതിമയി ഭോ!
കിന്നരപതി തന്നുടെ നിധനപരേ.
(ന ഖലു മനസി)

അർത്ഥം:

അഖിലാശര കുല . . . . . . നിശാകര = സമ്പൂർണ്ണ രാക്ഷസന്മാരുടെയും കുലമാകുന്ന പാൽക്കടലിന്നു് ചന്ദ്രനായുള്ളവനേ, (കലശപയോനിധി = പാൽക്കടൽ: സമുദ്രമഥനത്തിൽ സമുദ്ര മഥനക്രിയയ്ക്കു് ഒരു കലശംപോലെ ആധാരമായിരുന്നു). സംപ്രധനേ = യുദ്ധത്തിൽ, ധനനായകനുടെ നിധനേ = കുബേരനെ വധിക്കുന്നതിൽ, മേ മനസി = എൻെറ മനസ്സിൽ, ഇഹ സംശയം ന ഖലു = ഇപ്പോഴം സംശയമില്ല.

ആശര കുലത്തിനു് കലശാംബുധിയോടും രാവണനു് നിശാകരനോടും അഭേദം കല്പിച്ചിരിക്കുന്നതിനാൽ രൂപകം.

ചരണം 1.

അഹം കുലവൻ = ഞാൻകുലയാം, സമരേ = യുദ്ധത്തിൽ, വരുണഹുതാശന സുരേശാദികൾ = വരുണൻ, ഹുതാശൻ (അഗ്നി) സുരേശാദികൾ = ഇന്ദ്രാദികൾ, പരേതേശ പുരേ = യമപുരത്തിൽ, കിന്നര . . . പരേ = കിന്നര പതിയുടെ (കുബേരൻെറ) വധത്തിൽ തൽപരനായിരിക്കുന്ന, മയി = എന്നിൽ, ഭവാൻ അനുമതി തരിക എന്നന്വയം. സരോഷം = കോപത്തോടു കൂടി.

ചരണം 2.

പടുതര സമരഭുവി കാൺകിലവൻ മമ
–പേടി തേടി മണ്ടും നോ ചേതു്
ത്രുടിത വിപുല കണ്ഠം രണധൂളിജാല കണ്ഠം
ബത ശിതി കണ്ഠനുപകണ്ഠേ
ഝടിതി നിന്നു കണ്ടിടും പടി
ഉടലവനുടെ പടനടുവിൽ മുറിഞ്ഞിടു–
മുരുതരമാം ശര തതി കൊണ്ടും
(–ന ഖലു മനസി)

ചരണം 4

ഹ ഹ ഹ ഭുവനപതിയായ ഭവാനോടഗ്രജ—
ത്വ ഡംഭാലി—
കുഹക മതി യഹം ഭാവന കൊണ്ടിതി—
നയ സംഭാഷിത സംഭാവന ദംഭം തുടന്നതി—
നഹിത കുലാചല കുലിശ കരാഹതി ഹത—
നവ നിഹ മമ സംരഭാത് (നഖല്വ)

അർത്ഥം: ചരണം 2

അവൻ സമരഭുവിൽ (യുദ്ധഭൂമിയിൽ) എന്റെ പടുത (സാമർത്ഥ്യം) കാണുകിൽ പേടിച്ചോടും. നോ ചേത് = അല്ലെങ്കിൽ, ത്രുടിത വിപുല കണ്ഠം = പിളക്കപ്പെട്ട വലിയ കഴുത്തോടും, രണധൂളിജാലകണ്ഠം = യുദ്ധക്കളത്തിലെ പൊടിപടലം കൊണ്ടു പരവശമായും, ഇരിക്കുന്ന അവന്റെ ഉടൽ, ശിതികണ്ഠനു പകന്റെ നിന്നു കണ്ടിടും പടി = ശിവൻ സമീപത്തിൽ, നിന്നു കാണത്തക്കവിധത്തിൽ, പടനടുവിൽ, ഉരുതരമാം ശര തതികൊണ്ടു് = വലിയ ശര സമൂഹം കൊണ്ടു്, മുറിഞ്ഞുവീഴും.

ചരണം 3.

ഭുവനപതിയായ (ലോകനാഥനായ) ഭവാനോടു്, അഗ്രജത്വ ഡംഭാൽ = ജ്യേഷ്ഠനെന്ന ഭാവംകൊണ്ടുള്ള അഹങ്കാരംകൊണ്ടു് ഈ കുഹക മതി = ഈ വഞ്ചകൻ, അഹംഭാവന കൊണ്ടും = അഹമ്മതികൊണ്ടും, ഇതി നയ സംഭാഷിത . . . തുടന്നതിനു് = ഇപ്രകാരം നയ സംഭാഷണം കൊണ്ടുള്ള മേന്മ നിമിത്തമായുണ്ടായ അഹങ്കാരം തുടന്നതിനു്, അഹിതകുലമാകുന്ന (ശത്രുവംശമാകുന്ന) അചലത്തിനു് (പർവതത്തിനു്) കുലിശമായിട്ടുള്ള (വജ്രായുധമായിട്ടുള്ള) അടികൊണ്ടു്, അവൻ ഹതനാകും = അവൻ വധിക്കപ്പെട്ടവനാകും) മമ സംരഭാൽ = എന്റെ കോപംകൊണ്ടു്.

അഹിതകുലത്തിനു് അചലത്തോടും കരത്തിനു് കുലിശത്തോടും അഭേദം കല്പിച്ചിരിക്കുന്നതിനാൽ രൂപകം.

ശ്ലോകം 8.

(മോഹനം—ചെമ്പട)

നിശമ്യ മന്ത്രിണാം ഗിരം
നിരസ്ത നീതി സംപദം
നിശാചരാധി നായകം
വിഭീഷണോ f വദ ത്തദാ

അർത്ഥം.

മന്ത്രിണാം=മന്ത്രിമാരുടെ, നിരസ്ത നീതി സംപദം=നിരസിക്കപ്പെട്ട നീതി സമ്പത്തോടു കൂടിയ (നീതിരഹിതമായ) ഗിരം=വാക്കിനെ, നിശമ്യ=കേട്ടിട്ടു്, തദാ=അപ്പോൾ, വിഭീഷണഃ=വിഭീഷണൻ, നിശാചരാധിനായകം=രാക്ഷസനാഥനോടു്, അവദത്=പറഞ്ഞു.

വൃത്തം—പ്രമാണിക.

''പ്രമാണികാ ജരംലഗം'

പദം 9.

## വിഭീഷണൻ.

(പല്ലവി)

ചണ്ഡവീര്യ ജലധേ! ഭവാനിഹ
സാഹസ മിദ മരുതേ.

(അനുപല്ലവി)

മണ്ഡലാധിപ! മമ വചന മിദം ശൃണു
മാനനീയ വിനയാദി ഗുണാകര!
ഖണ്ഡപരശു സഖി തന്നിലഹോ ബത!
കാരണം വിനാ വൈര മനുചിതമോ

(ചണ്ഡവീര്യ)

(ചരണം 1)

പ്രീതിവചന മുര ചെയ്‌വതിനായിഹ
മുദാ പ്രേരിതനായി
ദൂത നവനുടയ വധ മിതു ചെയ്കതു
ദൂരീകൃത വിനയം
യാതു കുല ജലധി തന്നിലുദിച്ചൊരു
രാകാ രമണ! ഭവാനിഹ ചെയ്‌വതു
ജാതുചിദപി ചിതമല്ല കളക ഹൃദി
ജാതമായ കോപമിന്നു സമ്പ്രതി
(ചണ്ഡവീര്യ)

(ചരണം 2)

പൂർവജ നവ നതി പുണ്യ ചരിത നഭി–
പൂജനീയനല്ലോ
ചർവിത ചർവണമെന്തിനു ഞാനിഹ
ചിരമപി ചെയ്യുന്നു?
സർവ നീതി നിഗമാഗമ സാഗര
സാര വേദിയായ ഭവാനിഹ
ദുർവിധമിവ തുടരുന്നതിനായ് ഗുണ ദോഷ
ഭാഗ കഥനേ മമ കാ മതിഃ?
(ചണ്ഡവീര്യ)

അർത്ഥം.

ചണ്ഡവീര്യ ജലധേ = ഭയങ്കരമായ വീര്യത്തിനു് ജലധി (സമുദ്ര) യായിട്ടുള്ളവനേ (ഇരിപ്പിടമായിട്ടുള്ളവനേ), ഇദം സാഹസം അരുതേ = ഈ സാഹസം ചെയ്യരുതു്.

മണ്ഡലാധിപൻ = രാജാവു്, മമ വചനം ഇദം ശൃണു = എന്റെ ഈ വാക്കിനെ കേട്ടാലും, മാനനീയ വിനയഗുണാകര = മാനിക്കപ്പെടേണ്ട വിനയഗുണത്തിനു് ഇരിപ്പിടമായിട്ടുള്ളവനേ, ഖണ്ഡപരശു സഖി = ശിവന്റെ തോഴൻ (കുബേരൻ) ശരിയായ രൂപം 'ഖണ്ഡ പരശുസഖൻ' എന്നാണു്. കാരണംവിനാ വൈരം = കാരണം കൂടാതെയുള്ള ശത്രുത്വം.

ചരണം 1.

പ്രീതിവചനമര ചെയ്‌വതിനായിഹ പ്രേരിതനായി = മുഖസ്തുതിപരമായ വാക്കുകഠ പറഞ്ഞു കേഠക്കുന്നതിന്‌ പ്രേരിപ്പിക്കപ്പെട്ടവനായി, ദൂരീകൃതവിനയം = ദൂരത്താക്കപ്പെട്ട വിനയത്തോടുകൂടിയതു് (അവിനയം), യാതു കുല ജലധി = രാക്ഷസ വംശമാകുന്ന സമുദ്രം, രാകാരമണൻ = പൂർണ്ണ ചന്ദ്രൻ, രാകാ = വെളുത്ത വാവു്. ജാതു ചിദപി = (ജാതുചിദ് + അപി) ഒരിക്കലും, ചിതമല്ല = യോഗ്യമല്ല. ഹൃദി ജാതമായ കോപം = മനസ്സിലുളവായ കോപം,

ചരണം 2,

പൂർവജൻ = ജ്യേഷ്ഠൻ (കുബേരൻ) അതിപുണ്യചരിതൻ = അതിപുണ്യമായ പ്രവൃത്തികളോടുകൂടിയവൻ, അഭിപൂജനീയൻ = പൂജിക്കപ്പെടേണ്ടവൻ, ചർവിതചർവണം = ആവർത്തിച്ചാവർത്തിച്ചു പറയൽ, (ചവച്ചതു വീണ്ടും ചവക്കുൽ) ചിരമപി = ഏറെ നേരം, സർവ നീതി . . . വേദി = സർവ നീതിശാസ്ത്രങ്ങളും നിഗമ (വിധി) ങ്ങളും ആഗമ (വേദ) ങ്ങളുമാകുന്ന സാഗര (സമുദ്ര) ത്തെ അറിയുന്നവൻ, (സകല ശാസ്ത്രങ്ങളിലും പണ്ഡിതനെന്നു ഭാവം) ഗുണദോഷ ഭാഗകഥനേ = ഗുണദോഷ വശങ്ങളെപ്പറയുന്നതിന്‌, മമ കാ മതിഃ = എനിക്കെന്തു ബുദ്ധിയാണ്‌ (എനിക്കു ബുദ്ധിയില്ല).

പദം 10

കേദാരഗൗഡം—ചമ്പ

**രാവണൻ.**

(പല്ലവി)

കഥയ കഥയാശു തേ കഥമിഹ മനോഗതം
കാപുരുഷ! ബാലിശ മതേ!

(ചരണം 1)

പ്രഥനഭുവി ഭീരുവാകുന്ന നീ യത്രൈവ—
പാർത്തു വാഴ്ക സസുഖം

പ്രഥിത ഭുജ സാരനഹ മേകനെന്നാകിലും—
പേടിയില്ലിങ്ങു സമരേ (കഥയ കഥയാശു)

(ചരണം 2)

ധാരാള ബാണശീതിധാരാം തട്ടപ്പതി—
ന്നാരാരഹോ മമ രണേ
ധീരേതര പ്രഭോ! മാമക പരാക്രമം
ഓരാതെ ചൊല്ലിട്ടകയോ
(കഥയ കഥയാശു)

(ചരണം 3)

ജാതിധമ്മം വെടിഞ്ഞേവ മോരോ വിധം
നീതിയെന്നോത്തു ചൊല്വാൻ
ജാതാ ന തേ മനസി ലജ്ജാപി ഹാ! ഹന്ത!
വാതൂല തൂല ചപലാത്മൻ!
(കഥയ കഥയാശു)

(ചരണം 4)

പാതാള ഭൂ സുരനികേതാധിരാജ ഭയ
ഹേതാ വിഹൈവ സമരേ
യാതാശുപൂർവമിഹ യക്ഷനാഥാന്തികം
പ്രേതാധിനാഥ സമരേ
(കഥയ കഥയാശു)

അർത്ഥം.

കഥയ=പറഞ്ഞാലും, ആശു=പെട്ടെന്നു്, ഇഹ തേ മനോഗതം കഥമാവ ± ഇക്കാര്യത്തിൽ നിൻെറ അഭിപ്രായമെങ്ങിനെയാണു്. കാപുരുഷ=നിന്ദ്യപുരുഷ, ബാലിശമതേ=അറിവില്ലാത്തവനേ,

ചരണം 1.

പ്രഥനഭുവി=യുദ്ധഭൂമിയിൽ അത്രൈവ (അത്ര+ഏവ) ഇവിടെത്തന്നെ, പ്രഥിത ഭുജസാരൻ=പ്രശസ്തമായ കരബലത്തോട കൂടിയവൻ, അഹം=ഞാൻ, സമരേ=യുദ്ധത്തിൽ.

ചരണം. 2. മമ = എന്റെ, ധാരാള ബാണ ശിത ധാരാം = വർഷിക്കുന്ന ശരങ്ങളുടെ മൂർച്ചയേറിയ മുനയെ, രണേ = യുദ്ധത്തിൽ. ധീരേതര പ്രഭോ = ധൈര്യമില്ലാത്തവരുടെ പ്രഭുവായിട്ടുള്ളവനേ (ഭീരു), മാമക പരാക്രമം = എന്റെ പരാക്രമം, ഓരാതെ = ഓർക്കാതെ.

ചരണം. 3. ജാതിധർമ്മം = രാക്ഷസധർമ്മം (ഭടന്മാരുടെ ജാതിധർമ്മമായ യുദ്ധവുമാകാം) തേ മനസി = നിന്റെ മനസ്സിൽ, ലജ്ജാപി = ലജ്ജ പോലും, ന ജാതാ = ഉണ്ടായില്ലല്ലോ. വാതൂല തൂല ചപലാത്മൻ = വാതൂലത്തിൽ (കൊടുങ്കാററിൽ) പെട്ട തൂലത്തിനു (പഞ്ഞിക്കു) തുല്യം ചപലമായ (അസ്ഥിരമായ) മനസ്സോടു കൂടിയവൻ

ചരണം. 4 (മന്ത്രിമാരോട്) പാതാള . . ഹൈവ = പാതാളം, ഭൂമി, സുര നികേതം (സ്വർഗ്ഗം) എന്നിവിടങ്ങളിലെ അധിരാജാക്കന്മാർക്കു് ഭയഹേതൗ (ഭയകാരണമായിരിക്കുന്ന) ഇഹ സമരേ ഏവ = ഈ യുദ്ധത്തിൽത്തന്നെ, പ്രേതാധിനാഥ സമരേ = കാലനു സമരായിട്ടുള്ളവരേ, യാതാശ്രുപൂർവമിഹ യക്ഷനാഥാന്തികം = ഇഹപൂർവം (ഇപ്പോഴത്തന്നെ) യക്ഷനാഥാന്തികം (യക്ഷനാഥനായ കുബേരന്റെ അടുത്തേയ്ക്കു്) ആശു യാത (പെട്ടെന്നു പോയാലും)

ശ്ലോകം. 9.

തസ്മിൻ സമുദാ യുധി നാ
യത്പത്രം തേന താഞ്ച സമുദായുധിനാ
ഗിരമാമലകാ മധുരാ—
മധരയ്യ ഗതാ ദുരന്ത മലകാ മധുരാ

അർത്ഥം

നാ, നരൻ (മനുഷ്യൻ) യത്പത്രം = യാതൊരുവന്റെ വാഹനമോ, തസ്മിൻ = അവനിൽ (അവനെ ലക്ഷ്യമാക്കി) യുധി = യുദ്ധത്തിൽ തസ്മിൻ യുധി = ആ യുദ്ധത്തിൽ) സമുദാ = സന്തോഷത്തോടു കൂടിയവനും, സമുദായുധിനാ = ഉയർത്തപ്പെട്ട ആയുധത്തോടു കൂടിയവനുമായ, തേന. = അവനാൽ, (രാവണനാൽ) ആമലകാ മധുരാം = നെല്ലിക്ക പോലെ മധുരമായ, താം ഗിരാം = ആ

വാക്കിനേയും, അധരയ്യ = അധഃകരിച്ചിട്ട് (വകവയ്ക്കാതെ) മധുരാ അലകാ = മനോഹരമായ അളകാനഗരം, ദുരന്തംഗതാ = ദുരന്ത പര്യവസായിയാകും വിധം ഗമിക്കപ്പെട്ടു.

വൈശ്രവണൻ നരവാഹനനാണ്." പൌലസ്ത്യോ നര വാഹനഃ" എന്നമരം. "ആമലകാമധുരാം താം ഗിരം = വിഭീഷണന്റെ വാക്യം ആദ്യം നെല്ലിക്ക പോലെ കയ്പുള്ളതും അനന്തരം മധുരിക്കുന്നതു മായിരുന്നു.

വൃത്തം. ആര്യാഗീതി.

"ആര്യാ പൂർവാർദ്ധമതിൽ
ഗുരുവൊന്നൊട്ടവിൽ തുടർന്നു ചേർത്തിടുകിൽ കേൾ
അർത്ഥം രണ്ടും തുല്യവു—
മെന്നു വരുന്നതാകിലായ താര്യാഗീതി'

സമുദാ യുധിനാ, സമുദായുധിനാ, മലകാ മധുരാ, മലകാമധുരാ, എന്നിങ്ങനെ ഓരേ അക്ഷരക്കൂട്ടം അർത്ഥ വ്യത്യാസത്തോടെ ആവർത്തിച്ചിരിക്കുന്നതിനാൽ അലങ്കാരം യമകം. ആമലക മധുരം പോലുള്ള ഗീരു് എന്നിടത്തു് ഉപമ.

ശ്ലോകം. 12.

പുരതോ നിയുജ്യ നിജ മന്ത്രിണഃശനൈഃ
പുരതോ യയൌ സതു നിജാ ദ്ദശാനനഃ
സമരായ സമ്പ്രതി സമസ്തസേനയാ—
സമരായ മീശ സുഹൃദം മദാന്ധ ധീഃ

അർത്ഥം.

മദാന്ധ ധീ = മദം കൊണ്ടു ബുദ്ധികെട്ട, സ ദശാനനഃ = ആ രാവണനാകട്ടെ, നിജ മന്ത്രിണഃ = തന്റെ മന്ത്രി മാരെ, പുരതഃ = മുൻപേ നിയുജ്യ = പറഞ്ഞയച്ചിട്ടു്, സമ്പ്രതി ഉടനേ, നിജഃപുരതഃ = തന്റെപുരത്തിൽ നിന്നു് ശനൈഃ = സാവധാനത്തിൽ, സമസ്ത സേനയാ = മുഴുവൻ സേനയോടുകൂടി. സമരായ = യുദ്ധത്തിനായി,

അസമരായം = അതുല്യമായ ധനത്തോടു കൂടിയ (യുദ്ധത്തിൽ താത്പര്യമില്ലാത്തവനായ എന്നും) ഈശ സുഹൃദം = ശിവൻെറ സുഹൃത്തിങ്കലേയ്ക്കു് (കുബേരനെറ നേരേ) യയൗ = പോയി.

പുരതോ, സമരായ എന്നീ പദങ്ങരം അർത്ഥവ്യത്യാസത്തോടെ ആവർത്തിച്ചിരിക്കുന്നതിനാൽ യമകാലങ്കാരം.

മദാന്ധ ധീ' എന്ന വിശേഷണം സാഭിപ്രായമായിരിക്കുന്നതിനാൽ അലങ്കാരം, പരികരം. മദാന്ധ ധീയായതു കൊണ്ടാണല്ലോ ഈശസുഹൃത്തിനെ എതിക്കാൻ മുതിന്നതു്.

വൃത്തം. മഞ്ജുഭാഷിണി.

'സജസം കഴിഞ്ഞു ജഗ മഞ്ജുഭാഷിണി'

ശ്ലോകം. 11.

കേദാരഗൗഡം — ചെമ്പട

ഘനാരവ ഘനാരവ പ്രതിമ കണ്ഠ—
രന്ധ്റോദ്ഗളദ്—
ഘനാരവ സമാഹിതാ ഹിത കദംബ—
കർണ്ണാന്തരാഃ
പ്രഹസ്ത ശുക സാരണ പ്രമുഖ മന്ത്രിവീരാ സ്തദാ
പ്രഹത്തുമനസോ രിപൂൻ സമിതി ഘോര—
മാചഖ്യിരേ.''

അർത്ഥം.

ഘനാരവ ഘനാരവ പ്രതിമ = കഠോര ശബ്ദത്തോടു കൂടിയ ഇടിനാദത്തിനു തുല്യമായി, കണ്ഠ രന്ധ്റോദ്ഗളത് = കണ്ഠരന്ധ്റങ്ങളിൽ നിന്നു് പുറപ്പെടുന്ന, ഘനാരവത്താൽ = ഭയങ്കര ശബ്ദത്താൽ, സമാഹിത = ജാഗ്രൂകരാക്കപ്പെട്ട, അഹിതകദംബ കർണ്ണാന്തരാഃ = ശത്രുസമൂഹത്തിൻെറ കർണ്ണ രന്ധ്റത്തോടു കൂടിയവരായി, പ്രഹത്തുമാനസഃ = പ്രഹരിക്കാൻ ആഗ്രഹമുള്ളവരായിട്ടു്, തദാ = അപ്പോരം, പ്രഹസ്ത . . . മന്ത്രിവീരാ = പ്രഹസ്തൻ, ശുകൻ, സാരണൻ, തുടങ്ങിയ മന്ത്രിപ്രമുഖന്മാർ, സ

മിതി = യുദ്ധത്തിൽ, രിപൂൻ = ശത്രുക്കളോട്, ഘോരം = ഘോരമായി. ആചഖ്യിരേ = പറഞ്ഞു,

ഘനാരവ, ഹിതാഹിത, പ്രഹ എന്നീ അക്ഷരസമൂഹങ്ങൾ ഭിന്നാർത്ഥത്തിൽ ആവർത്തിച്ചിരിക്കുന്നതിനാൽ

അലങ്കാരം. യമകം.

വൃത്തം. പൃഥ്വി

''ജസം ജ സ യ ല ങ്ങളും ഗുരുവു
മെട്ടിനാൽ പൃഥ്വിയാം''.

## രംഗം 5.

(അളക -പ്രഹസ്താദികൾ പോരിനു വിളിക്കുന്നു)

പദം. 11.

പ്രഹസ്തൻ:

(ചരണം 1)

ഭീരുത യെന്നിയെ പോരിനു നമ്മൊടു
നേരിടുവിൻ ജളരേ! യുധി.
വിഹസ്ത നിരസ്ത സമസ്ത രിപുവാം
പ്രഹസ്തനാകു മഹം

(ചരണം 2 )

ആശര കുല വര കേസരി കിന്നര
പാശ പശുക്കൾ കുലം— ബത
മടക്കി മിടുക്കൊടൊടുക്കിടും യുധി
തടുക്കു മാരി തഹോ

(ചരണം. 3)

ആയോധന മതിനായി ധനാധിപ—
നായിന മെങ്കിലു മാം— ബഹു

കി മത്ഥ മനർത്ഥ വികത്ഥനം രണ—
സമർത്ഥ പുരുഷാണാം.

(ചരണം. 4)

ആയതമിഴികുല മായുധഹത നിജ
നായക തനു ശകലം— ഭുവി
പിരിഞ്ഞു കരഞ്ഞു വിരഞ്ഞു മുഹു രപി
തിരഞ്ഞിടും സമരേ.

(ചരണം. 5)

സാഹസമൊടു നര വാഹന! രണ മതി—
നേഹി മദം ഹൃദയേ —തവ
കിളിത്തു വളത്തു തളിത്ത തിരു യുധി
ജള പ്രഭോ! ഫലിയാ.

(ചരണം 5)

കുണ്ഠേതര മുപകണ്ഠേ വരു മരികണ്ഠേ
ശര നികരം— പുന—
രുറച്ചു തറച്ചു വിറച്ചു രുധിരം നിറച്ചിടും സമരേ.

അർത്ഥം. ചരണം. 1.

ഭീരുത യെന്നിയെ = ഭീരുത്വ മില്ലാതെ, ജളരേ = മൂഢന്മാരേ, യുധി = യുദ്ധത്തിൽ, വിഹസ്ത നിരസ്ത സമസ്ത രിപുവാം = വിഹസ്തന്മാരായി (പരിഹസിക്കപ്പെട്ടവരായി, വ്യാകുലന്മാരാക്കി) നിരസ്തന്മാരായി (തോല്പിക്കപ്പെട്ടവരായി), സമസ്തശത്രുക്കളോടു കൂടിയവനായ, പ്രഹസ്തനാകുമഹം = പ്രഹസ്തനാകുന്ന ഞാൻ.

ചരണം. 2. ആശര കുലവര കേസരി = രാക്ഷസ വംശത്തിലെ ശ്രേഷ്ഠനാകുന്ന സിംഹം, കിന്നര പാശ പശുക്കളും കുലം കിന്നരാധമന്മാരാകുന്ന മൃഗങ്ങളുടെ കൂട്ടത്തെ (പാശ ശബ്ദം സമസ്ത പദത്തോടു ചേക്കുമ്പോഴും നിന്ദാർത്ഥം കിട്ടും'' പാശ മമ്പൊടു

കൊണ്ടുവാ യദ്ദ പാശനെ യിഹ കെട്ടുവാൻ''— ദുര്യോധന വധം (ആട്ടക്കഥ)— മടക്കി = തോല്പിച്ച്. മിടുക്കൊടൊടുക്കിടും = സമർത്ഥമായി നശിപ്പിക്കും. യുധി = യുദ്ധത്തിൽ, തടുക്കുമാരിതഹോ = ആരാണു തടുക്കുന്നതു്.

ചരണം. 3.

ആയോധന മതിനായി = യുദ്ധത്തിനായി, ധനാധിപനായിരമെങ്കിലുമാം = ആയിരം കുബേരന്മാരുണ്ടെങ്കിലും വരട്ടെ. രണ സമർത്ഥ പുരുഷാണാം = യുദ്ധവിദഗ്ദ്ധന്മാരായ പുരുഷന്മാക്കു്, ബഹു = വളരെ അനർത്ഥ വികത്ഥനം = അർത്ഥമില്ലാത്ത ആത്മസ്തുതി. കിമർത്ഥം = എന്തിനായിട്ടാണു്.

ചരണം. 4, ആയതമിഴി കുലം = സുന്ദരിമാരുടെ കൂട്ടം: (വൈശ്രവണ പത്നിമാർ) ആയുധങ്ങളാൽ കൊല്ലപ്പെട്ട തങ്ങളുടെ നായകൻെറ ശരീരത്തിൻെറ കഷണം. ഭുവി = ഭൂമിയിൽ, സമരേ = സമരത്തിൽ, മുഹുരപി = വീണ്ടും, വിരഞ്ഞു് = അന്വേഷിച്ച്. നര വാഹന = കുബേരാ,

ചരണം 5. രണമതിനു് = യുദ്ധത്തിനു്, ഏഹി = വന്നാലും, ഹൃദയേ = ഹൃദയത്തിൽ, ഫലിയാ = ഫലിക്കുകയില്ല.

ചരണം. 6. കുണ്ഠേതരം = തടവില്ലാതെ. ഉപകണ്ഠേ = സമിപത്തു്, അരികണ്ഠേ = ശത്രുക്കളുടെ കഴുത്തിൽ, ശര നികരം = ശര സമൂഹം. രുധിരം ചോര.

ശ്ലോകം. 12.

(സാരംഗം— അടന്ത)

ആകർണ്ണ്യ കർണ്ണപരുഷാണി നിശാചരാണാ—
മായോധനാങ്കണ വിശൃംഖലതോദിതാനി
രോഷോച്ചലത്ഭ്രുകുടികാ കുടിലാക്ഷിപാതോ
വാണീം ജഗാദ യുധി മാണിചരോ മഹാത്മാ.

അർത്ഥം.

നിശാചരാണാം = രാക്ഷസന്മാരുടെ, കർണ്ണപരുഷാണി = കർണ്ണകഠോരങ്ങളായ, ആയോധനാങ്കണ വിശൃംഖലതോദിതാനി ± യുദ്ധരംഗത്തിലെ ഇടതടവില്ലാത്ത വാക്കുകളെ, ആകർണ്ണ്യ× കേട്ടിട്ട്, രോഷോച്ചലത്=കോപംകൊണ്ടിളകുന്ന, ഭ്രൂകുടികുചുളിച്ച പുരികക്കൊടികളോടു കൂടിയ, കുടിലാക്ഷി പാത ± വളഞ്ഞ നോട്ടത്തോടുകൂടിയ, മഹാത്മാ മാണിചരഃ=മഹാനായ മാണിചരൻ, യുധി=യുദ്ധത്തിൽ, വാണീം ജഗാദ= വാണിയെ പറഞ്ഞു.

അലങ്കാരം. അനുപ്രാസം

വൃത്തം. വസന്ത തിലകം.

പദം. 12.

മാണിചരൻ.

(പല്ലവി)

രാജരാജനൊടാജി ചെയ്‌വതിനായ് —വന്നതാരിന്നു
രാജരാജനൊടാജി ചെയ്‌വതിനായ്.

ചരണം. 1

വാജിരാജി പദാതി രഥ ഗജരാജി
രാജിത രാജധാനിയിൽ
വ്യാജശാലികളായ മാനുഷ ഭോജനാധമ,
ബാധയെങ്ങനെ?
(രാജരാജ. . .)

പദം. 13.

പ്രഹസ്തൻ:—

(പല്ലവി)

ആരെടാ മമ നേരെ നില്ക്കുന്നു— പോരിനായിന്നു
ആരെടാ മമ നേരെ നില്ക്കുന്നു,

ചരണം. 1.

കാളികാഭ കരാള മദ് കരവാള
കേളികരം നിന്നു ടേ—ഗള—
നാള രംഗതലത്തിലെന്നതിനലാഹോ ബഹു
കൗതുകം ഹൃദി. (ആരെടാ. . .)

അർത്ഥം പദം. 12. രാജരാജൻ = കുബേരൻ, ആജി = യുദ്ധം, വാജി രാജി = കുതിരക്കൂട്ടം, പദാതി = കാലാരംപ്പട, രഥം = തേര്, ഗജരാജ രാജിത = ആനത്തല വന്മാർ എന്നിവയാൽ ശോഭിക്കുന്ന, വ്യാജശാലികരം = മായാവികരം, മാനുഷഭോജനാധമർ = മനുഷ്യ മാംസം ഭക്ഷിക്കുന്ന നീചർ. ബാധ = ഉപദ്രവം,

"വ്യാജ . . . ഭോജന. . . എന്നിടത്തു് അഭവന്മതയോഗം.

പദം. 13 കാളികാഭ = കാളിക (മേഘ സമൂഹം) യുടെ ആഭ (ശോഭ) കരാളം = ഭയങ്കരം, മത് കരവാളം = എന്റെ വാരം, കേളി = ക്രീഡ, ഗളനാള രംഗ തലം = കഴുത്തു്, ബഹുകൗതുകം = വളരെ സന്തോഷം, ഹൃദി = ഹൃദയത്തിൽ

പദം. 12

മാണിചരൻ.—

(ചരണം. 2)

കൂടയോധികളായൊ രാശര കീട കോടി—
കളോട്ട മെന്നുടെ
കൂടെ നേക്കിലശേഷ രിപു ഗള കൂട പാടന
പാടവാ ദിഹ (രാജ, രാജ..)

പദം. 13.

പ്രഹസ്തൻ.

(ചരണം. 2)

യക്ഷരോട്ട മടങ്ങുമോ യുധി ദക്ഷരാകിയ
ഞങ്ങ ളിന്നിഹ

മക്ഷികാ പദഘാത മേററിഹ വിക്ഷതം
ഭുവനത്രയം കഥ
(ആരെടാ. , .)

പദം. 12.

മാണിചരൻ

(ചരണം. 3)

പോരിലെന്നോടു നേരിടുന്നൊരു
പൂരുഷാശനരായ നിങ്ങടെ
പേരു മാത്രമതാം ധരിത്രിയിൽ
വീരരെങ്കിലെതി ക്കവിരവൊടു
(രാജ രാജ..)

പദം. 13.

പ്രഹസ്തൻ.

ചരണം. 3)

വീണവായന തന്നിലിന്നു ധുരീണരാകിയ
കിന്നരക്കിഹ
പാണിലാഘവമുണ്ടു രണഭുവി
ഞാണിലെങ്കിലതിന്നു കാണണം
(ആരെടാ. . . .)

പദം. 12.

മാണിചരൻ.

(ചരണം. 4)

ഘോര ഘോര ശരങ്ങളേററതി
ഭീരുഭാവമിയന്നു സംയതി
മാരുതാഹത മായ നീരദപൂര മെന്നതു പോലെ മങ്ങിടും
(രാജ രാജ)

പദം. 13.

പ്രഹസ്തൻ.

(ചരണം. 4)

കണ്ടനാകിയ നിന്നുടെ ഘനകണ്ഠ
നാളന്നികൃന്തനത്തിനു

രണ്ടു പക്ഷമതില്ല യുധി ദശകണ്ഠ
കിങ്കരനാമെനിക്കിഹ
(ആരെടാ)

അർത്ഥം.

കൂട യോധികൾ = കപട യുദ്ധം ചെയ്യുന്നവർ, ആശര കീടർ = രാക്ഷസാധമന്മാർ. കോടി = അസംഖ്യം, അശേഷം = മുഴുവൻ, രിപു ഗള കൂടം = ശത്രുക്കളുടെ കഴുത്തു്, പാടനം = പിളർക്കൽ, പാടവം = സാമർത്ഥ്യം, പാടവാദ് = പാടവത്തിൽ നിന്നു്. (12–2)

ദക്ഷർ = സമർത്ഥർ, മക്ഷികം = ഈച്ച, പദ ഘാതം = പാദ പ്രഹരം (ചവിട്ടു്), വിക്ഷതം = നശിപ്പിക്കപ്പെട്ടതു് കഥം = എങ്ങനെ.

("ദക്ഷരോടു രാക്ഷസർ തോററു മടങ്ങും; മക്ഷിക പദാഘാതമേററു് ഭുവനത്രയം വിക്ഷതമാകം" എന്നിവ ബിംബ പ്രതിബിംബ ഭാവത്തിൽ ഘടിപ്പിച്ചിരിക്കുന്നതിനാൽ അലങ്കാരം ദൃഷ്ടാന്തം.) (13–2)

പൂരുഷാശനർ = നര ഭോജികൾ, ധരിത്രി = ഭൂമി. പേരു മാത്രമാം = മരിക്കും. (പര്യായോക്തം) (12–3)

ധുരീണർ = സമർത്ഥർ, കിന്നരന്മാർ = ഒരു ദേവ വർഗ്ഗം (കുതിരയുടെ മുഖവും മനുഷ്യരുടെ ശരീരവുമാണിവരുടേതു്) പാണിലാഘവം = കൈച്ചുറുക്കു്, = രണ ഭുവി = യുദ്ധ ഭൂമിയിൽ. 13–3)

സംയതി = യുദ്ധത്തിൽ, മാരുതാഹതം = കാററിനാൽ അടിച്ചു പറത്തപ്പെട്ടതു്, നീരദപൂരം = മേഘക്കൂട്ടം (12-4)

കുണ്ഠൻ = മൂർഖൻ, ഘന കണ്ഠനാളം = കനത്ത കണ്ഠനാളം. നികൃന്തനം = മുറിക്കൽ. (13–4)

ശ്ലോകം. 15.

അത്രാന്തരേ ദശമുഖോഽപി ഭടൈ രനേകൈ-
മൃത്യുഞ്ജയാചല തടം സഹസാ പ്രപേദേ

യുദ്ധായ ബദ്ധമതി രുദ്ധത ബാഹു വീര്യൈ—
രസ്താചലം ദിനകരോഽപി ദിനാവസാനേ.

അർത്ഥം.

അത്രാന്തരേ = ഈ യവസരത്തിൽ. ദശമുഖ അപി = രാവണനും, യുദ്ധായ = യുദ്ധത്തിനു്, ബദ്ധമതിഃ = താത്പര്യത്തോടുകൂടി, ഉദ്ധത ബാഹു വീര്യൈ = വർദ്ധിച്ച ബാഹു പരാക്രമത്തോടു കൂടിയ, അനേകൈഃ ഭടൈഃ സഹ = അനേകം ഭടന്മാരോടുകൂടി, സഹസാ = ഉടനേ, മൃത്യുഞ്ജയാചലതടം = കൈലാസ പർവതത്തിന്റെ തടത്തേയും, ദിനകര അപി = സൂര്യനും, ദിനാവസാനേ = സന്ധ്യാ സമയത്തു്, അസ്താചലം = അസ്തമയ പർവതത്തേയും, പ്രപേദേ = പ്രാപിച്ചു.

ഇവിടെ വർണ്ണ്യവസ്തുക്കളായ രാവണനെയും ദിനകരനെയും 'പ്രപേദേ' എന്ന സമാന ധർമ്മത്തിൽ അന്വയിച്ചിരിക്കുന്നതിനാൽ അലങ്കാരം തുല്യയോഗിത.

'പ്രകൃതങ്ങളെയോ അപ്രകൃതങ്ങളെയോ മാത്രം ഏകധർമ്മത്തിൽ ഘടിപ്പിച്ചാൽ അതു് തുല്യയോഗിത'

''വർണ്ണ്യങ്ങൾക്കിതരങ്ങൾക്കോ
ധർമ്മൈക്യം തുല്യയോഗിത''

വൃത്തം. വസന്ത തിലകം.

ശ്ലോകം. 16.

കലിത പുണ്യ ജനൈക സമാഗമാം
പൃഥു നിതംബവതീ മളകാഞ്ചിതാം
അലഘു പീന പയോധര മണ്ഡിതാ—
മചലഭൂമി മസൗ സമുപാവിശത്.

അർത്ഥം:— അസൗ = ഇവൻ (രാവണൻ) കലിത പുണ്യജനൈക സമാഗമാം = പുണ്യജനങ്ങളുടെ (യക്ഷരുടെ) മുഖ്യമായ സമാഗമത്തോടു കൂടിയതും (പ്ര

ണ്യവാന്മാരായ ആളുകളുടെ സഹവാസത്തോടു കൂടിയതും പൃഥുനിതംബവതീം—വലിയ താഴ്വരയോടുകൂടിയതും (വലിയ നിതംബത്തോടുകൂടിയവളും) അളകാഞ്ചിതാം = അളക എന്ന പട്ടണം കൊണ്ട് മനോഹരമായതും (കുറുനിരകളാൽ ശോഭിക്കുന്നതും), അലഘുപീനപയോധര മണ്ഡിതാം = വളരെ കനത്ത മേഘങ്ങളാൽ അലങ്കരിക്കപ്പെട്ടതും (തടിച്ച സ്തനങ്ങളാൽ അലംകൃതവും) ആയ അചലഭൂമി = പർവത പ്രദേശത്തെ, സമുപാവിശത് = പ്രാപിച്ചു.

ഇവിടെ വർണ്ണ്യമായ കൈലാസ പർവതത്തിനു നല്കിയിരിക്കുന്ന വിശേഷണങ്ങളിൽ നിന്നു് അവർണ്ണ്യമായ കാമിനീ വൃത്താന്തം കൂടി സ്ഫുരിക്കുന്നു.

പുണ്യചരിതരായ ആളുകളുടെ സഹവാസത്തിനു് യോഗ്യയും വലിയ നിതംബത്തോടുകൂടിയവളും അളകാവലികളാൽ ശോഭിതയും ഉന്നതസ്തനങ്ങളാൽ അലംകൃതയുമായ ഒരു നായികയെ ഒരു കാമുകൻ പ്രാപിച്ചു എന്നൊരവർണ്ണ്യ വൃത്താന്തം കൂടെ ഈ ശ്ലോകത്തിൽ അചല വിശേഷണം കൊണ്ടു സാധിച്ചിരിക്കുന്നതിനാൽ അലങ്കാരം സമാസോക്തി. ഇനി നടക്കാൻ പോകുന്നതു് രംഭാ പ്രവേശവുമാണല്ലോ.

''വിശേഷണത്തിൻ സാമ്യത്താൽ
വർണ്ണ്യ പ്രസ്തുത ധർമ്മിയിൽ
അവർണ്ണ്യ വൃത്താന്താരോപം
സമാസോക്തിയലംകൃതി''.

വൃത്തം — ദ്രുതവിളംബിതം

''ദ്രുതവിളംബിതമാം നഭവും ഭരം''

ശ്ലോകം. 17

സന്ധ്യാകാലേ കുലഗിരിതടേ ഗന്തുമേ വാക്ഷ മേഷു
സ്കന്ധാവാരം സപദി കലയൻ സൈനികേഷു സ്വകേഷു
സങ്കേതം തദ്ധനദ സദനം സംക്രമന്തീം നിശായാം
ശങ്കാവിഷ്ടാം മദന തരള സ്തത്ര രംഭാം ദദർശ.

അർത്ഥം:— സന്ധ്യാകാലേ = സന്ധ്യാകാലത്തു്, കുലഗിരി തടേ = കുലപർവതത്തിന്റെ തടത്തിൽ, ഗന്തും = സഞ്ചരിക്കുവാൻ

സ്വകേഷു സൈനികേഷു = തൻെറ പടയാളികൾ, അക്ഷമേഷു ഏവ = അക്ഷമന്മാരായി (അസമർത്ഥരായി) തീൎന്നപ്പോൾ തന്നെ, സപദി = ഉടനെ, സ്കന്ധാവാരം കലയൻ = സേനാ നിവേശത്തെ ച്ചെയ്യുന്നവനായിട്ട്, നിശായാം = രാത്രിയിൽ, മദന തരളഃ = കാമ വികാരത്താൽ ചഞ്ചല ചിത്തനായ (രാവണൻ) തത് ധനദ സദനം = ആ കുബേര ഗൃഹമാകുന്ന, സങ്കേതം = സങ്കേതത്തിലേയ്ക്ക്, സംക്രമന്തീം = പോകുന്നവളും, ശംകാവിഷ്ടാം = ശങ്ക നിറഞ്ഞവളും (ആയ) രംഭാം = രംഭയെ, തത്ര = അവിടെ ദദർശ = കണ്ടു.

വൃത്തം — മന്ദാക്രാന്ത

''മന്ദാക്രാന്താ മ ഭ ന ത ത ഗം
നാലു മാറേഴമായ്ഗം''

ശ്ലോകം 18

(നീലാംബരി — അടന്ത)

അതി മൃദു പദ ന്യാസൈർ യാന്തീം
സ്വ നൂപുര ശിഞ്ജിതാദ്
പ്രതി പദ മപി സ്ഥിതോ ച്ഛ്വാസാൻ
നിയമ്യ വിമുഞ്ചതീം
സഭയ മപദേ പ്യാതന്വാനാം ദൃശൗ
നവ നീരദ–
പ്രതി രുചി നിചോളാന്തർല്ലീനാം
ജഗാദ ദശാനനഃ

അർത്ഥം:— സ്വ നൂപുര ശിഞ്ജിതാദ് = തൻെറ കാല്ച്ചിലമ്പിൻെറ കിലുക്കം കൊണ്ടു്, അതിമൃദു പദന്യാസൈഃ = ഏററവും മൃദുവായ കാല്വയ്പുകളോടുകൂടി, യാന്തീം = സഞ്ചരിക്കുന്നവളും, പ്രതിപദം അപി = ചുവടുതോറും (പോലും) സ്ഥിതാ = നിന്നിട്ടു്, ഉച്ഛ്വാസാൻ = ഉച്ഛ്വാസങ്ങളെ, നിയമ്യ = നിയന്ത്രിച്ച്, വിമുഞ്ചതിം = വിടുന്നവളും, സഭയം = ഭയത്തോടുകൂടി, അപദേ അപി = അസ്ഥാനത്തിലും, ദൃശൗ = ദൃഷ്ടികളെ, ആതന്വാനാം = നയിക്കുന്നവളും, നവനീരദ പ്രതിരുചി = പുതുമേഘത്തിനു തുല്യമായ ശോഭയുള്ള, നിചോളാന്തർല്ലീനം = മൂടുപടത്തിനകത്ത് മറഞ്ഞവളുമായ, (താം) = അവളോടു്, ദശാനനഃ ജഗാദ = രാവണൻ പറഞ്ഞു.

തൻെറ കാല്ച്ചിലമ്പൊലി കേട്ട് തന്നെ അന്യർ ശ്രദ്ധിക്കാതിരിക്കാൻ വേണ്ടിയാണ് മൃദുവായ കാല്വയ്പുകളോടെ അവരം സഞ്ചരിച്ചത്.

വൃത്തം — ഹരിണി

''നസമ ഹരിണിക്കാറും പത്തും
മുറിഞ്ഞു രസം ലഗം''

അലങ്കാരം — സ്വഭാവോക്തി

## രംഗം. 6

(കൈലാസാചല തടം — രാവണനും, രംഭയും.)

പദം. 14

**രാവണൻ:**

(പല്ലവി)

രാകാധിനാഥ രുചി രഞ്ജിത നിശായാം
ഏകാകിനീ ചരസി കാസി കളവാണി
(രാകാധിനാഥ....)

(ചരണം. 1)

നീല നിചോളേന നിഹ്നുത മതെങ്കിലും
ചാലവേ കാണുന്നു ചാരു തര മംഗം
കാളിന്ദീ വാരിധിയിൽ ഗാഹനം ചെയ്തൊരു
കാഞ്ചന ശലാക തൻ കാന്തിയതു പോലവേ
(രാകാധിനാഥ....)

(ചരണം. 2)

നാരീ കലാഭരണ ഹീര മണിയായ നീ
ആരോമലേ ! സുതനു ! ആരുമറിയാ രമയോ ?

ആരെന്നു കേൾപ്പതിനു പാരമിഹ കൗതുകം
പാരാതെ ചൊല്ക നീ ഭാരതിയോ രതിയോ ?

(രാകാധി....)

(ചരണം. 3)

പ്രകൃതി ജിത പല്ലവം പീയൂഷ പൂരിതം
ശുക മൊഴി പൊഴിഞ്ഞിടും സുസ്മിത ശ്രീ പദം
സകൃദപി തവാധരം തന്നുവെന്നാകിലോ
സുകൃതനിധി ഞാനെന്നു സുദതി ! വരുമിന്നഹോ !

(രാകാധിനാഥ....)

(ചരണം. 4)

ഈരേഴപാരി നിന്നീശനായുള്ള ഞാൻ
മാരാതിരേക ശര മാല് പിണകയാലേ
താരാധിനാഥ മുഖി ! താവക വശംവദൻ
പോരേ മനോജരണ പോരിനു വിസംശയം

(രാകാധിനാഥ)

അർത്ഥം:— രാകാധിനാഥരുചി = പൂർണ്ണചന്ദ്രന്റെ കാന്തി കൊണ്ടു്, രഞ്ജിത നിശായാം = ശോഭിക്കുന്ന രാത്രിയിൽ, ഏകാകി നീ ചരസി = നീ ഒററയ്ക്കു സഞ്ചരിക്കുന്നു, കളവാണി = സുന്ദരി കാ അസി = നീ ആരാകുന്നു.

''ഏകാകിനീ ച രസികാ അസി'' എന്നു പദഛേദം ചെയ്താൽ ''നീ ഏകാകിനിയും രസികയും ആയ നിലയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു'' എന്നൊരർത്ഥവുമെടുക്കാം.

ചരണം 1. നീല നിചോളേന = നീലനിറമുള്ള മൂടുപടത്താൽ, നിഹ്നുതം = മറയ്ക്കപ്പെട്ടതു്, ചാലവേ = ഭംഗിയായി ചാരുതര മംഗം = മനോഹരമായ ശരീരം, കാളിന്ദിവാരി—കാളിന്ദീജലം, ഗാഹനം = മുങ്ങൽ, കാഞ്ചനശലാക = സ്വർണ്ണക്കമ്പി.

നീല നിറമുള്ള മൂടുപടത്താൽ നിന്റെ അതിസുന്ദരമായ ശരീരം മറയ്ക്കപ്പെട്ടിരിക്കുന്നെങ്കിലും കാളിന്ദീ ജലത്തിൽ മുങ്ങിക്കിടക്കുന്ന സ്വർണ്ണക്കമ്പിയുടെ കാന്തിപോലെ നിന്റെ ശരീരശോഭ മുഴവൻ എനിക്കു കാണാം.

കാളിന്ദീ നദിയിലെ ജലം നീലവർണ്ണമാണു്. രംഭയാകട്ടെ കൃശഗാത്രിയും കാഞ്ചന വർണ്ണയുമാണു്. നീലനിചോളം കൊണ്ടു് ശരീരം മറച്ചിരിക്കുന്ന സ്വർണ്ണവർണ്ണയും കൃശഗാത്രിയുമായ രംഭയുടെ ശരീരകാന്തി കാളിന്ദീ ജലത്തിൽ മുങ്ങിക്കിടക്കുന്ന കാഞ്ചന ശലാകയുടെ കാന്തിയാണെന്ന കല്പന ആലോചനാമധുരമായിട്ടുണ്ടു്.

അലങ്കാരം — ഉത്പ്രേക്ഷ.

ചരണം. 2 നാരീകുലാഭരണ ഹീരമണി = സ്ത്രീ വർഗ്ഗത്തിനു് ആഭരണമായിട്ടുള്ള വജ്രരത്നം, ഹീരം = വജ്രം, മണി = രത്നം സുതനു = സുന്ദരി, ആരോമലേ = സുന്ദരീ, ഉമയോ = പാർവതിയോ ?.

രമയോ = ലക്ഷ്മിയോ?, ഭാരതിയോ = സരസ്വതിയോ? രതിയോ = കാമദേവന്റെ പത്നിയോ

ചരണം 3.

പ്രകൃതി ജിത പല്ലവം = പ്രകൃത്യാതന്നെ തളിരിനെ ജയിച്ചതു്, പീയൂഷ പൂരിതം = അമൃതു നിറഞ്ഞതു്, ശുകമൊഴി = കിളിനാദത്തോടുകൂടിയവൾ, സുസ്മിത ശ്രീ = പുഞ്ചിരിയാകുന്ന ലക്ഷ്മി, പദം = ഇരിപ്പിടം, സകൃദപി = ഒരിക്കലെങ്കിലും (സകൃദ് + അപി), തവാധരം = നിന്റെ അധരം, സുകൃതനിധി = പുണ്യത്തിനിരിപ്പിടം. സുദതി = സുന്ദരി (നല്ല പല്ലുള്ളവൾ)

ചരണം 4.

മാരാതിരേക ശര മാൽ = കാമദേവന്റെ അധികമായ ശരംകൊണ്ടുള്ള ദുഃഖം, താരാധിനാഥ മുഖി = ചന്ദ്രമുഖി, താവക വശം

വദൻ=നിനക്കധീനൻ, മനോജരണ പോരു് ± കാമദേവന്റെ സമര മത്സരത്തിനു് (ആനന്ദാത്മകമായ രതിക്കു്), വിസംശയം പോരെ ± സംശയാതീതമാം വണ്ണം ഞാൻ പോരുക (മതിയാകുക) യില്ലേ.

"മനോജരണ പോരു് എന്ന ഭാഗത്തിനു് ഡോ. ഗോദവർമ്മ കൊടുത്തിരിക്കുന്ന വിശദീകരണം താഴെച്ചേർക്കുന്നു:—

''പോരേ, മനോജരണപോരിനു് വിസംശയം'' എന്ന ഭാഗം, രാവണൻ തന്റെ നില വിശദമാക്കിയിട്ടു്, രംഭയോടു് മനോജരണപോരിനു് സംശയ മേതുമെന്യ പോന്നാലും എന്നു് രതിപ്രാർത്ഥന ചെയ്യുന്നതായും വ്യാഖ്യാനിക്കാവുന്നതാണു്. ''മനോജരണപോരിനു്'' എന്നിടത്തു് രണം, പോരു് എന്നിങ്ങനെ പൗനരുക്ത്യം ഉണ്ടെന്നു ശങ്കിച്ചു് ചിലർ മനോജരണന്റെ അതായതു്, മനസ്സിനെ ജരിപ്പിക്കുന്നവന്റെ പോരു് എന്നർത്ഥം പറയാറുണ്ടു്. എന്നാൽ മന്മഥനു് 'മനോ ജരണൻ' എന്ന പേരില്ലാത്തതുകൊണ്ടും ജരണശബ്ദത്തിനു് അനുചിതാർത്ഥ പ്രതീതിയുള്ളതുകൊണ്ടും ആ അർത്ഥകല്പന യുക്തമല്ല. മന്മഥാധിഷ്ഠിതമായരണ പോരു് (രണം ± ആനന്ദം = തദാത്മകമായ പോരു്) എന്ന അർത്ഥം പ്രകൃതാനുഗുണമായി സിദ്ധിക്കുന്നുണ്ടല്ലോ. രണം എന്ന പദത്തിനു് ധാതുസിദ്ധമായ അർത്ഥം ആനന്ദം എന്നാകുന്നു. യുദ്ധം എന്നുള്ള അർത്ഥമാകട്ടെ വീരന്മാർക്കു് യുദ്ധത്തിൽ ആനന്ദം ജനിക്കുന്നുവെന്നുള്ളതിനാൽ ലാക്ഷണികമായി സിദ്ധിച്ചിട്ടുള്ളതുമാണു്. 'രണ പോരു്' എന്നതിൽ രണ പദം യുദ്ധപര്യായമായിട്ടും എടുക്കുന്ന പക്ഷത്തിൽ, അങ്കപ്പോരു് എന്ന പ്രയോഗത്തിലെന്നപോലെ 'സമര മത്സരം' എന്ന അർത്ഥം കല്പിച്ചു് പൗനരുക്ത്യം പരിഹരിച്ചുകൊള്ളുക.''

'മനോജരണൻ' എന്നു് കാമദേവനു് പേരു വന്നുകൂടാ, എന്നു തമ്പുരാൻ പറയുന്നതു് അത്ര ശരിയാണെന്നു തോന്നുന്നില്ല. സംജ്ഞാനാമമല്ലാതെയും പേരു വന്നു കൂടാമല്ലോ. 'പോരേ' എന്നതിനു് 'പോരുക' എന്ന ധാതുവുമായി ബന്ധിച്ചുണ്ടാകുന്ന അർത്ഥവും ക്ലിഷ്ടമാണു്. 'പോരേ' എന്നതിനു് മതിയാകയില്ലേ എന്ന അർത്ഥം സരസമായിട്ടു യോജിക്കുന്നുണ്ടു്. ''ഈരേഴ

ലോകത്തിനും നാഥനായ ഞാൻ പോരേ നിനക്കു കാമകേളിക്കു''
എന്ന അർത്ഥമല്ലേ കൂടുതൽ സമീചീനം.

ശ്ലോകം 19.

(ആനന്ദഭൈരവി–ചെമ്പട)

ആനീല നീരദ ദരാന്തരി തേന്ദുബിംബ
ലീലാനുകാരി വദനം നിജമാദധാനാ
സംജാത വേപഥുമതിശ്ശിരസാ പ്രണമ്യ
മന്ദം ജഗാദ മുകളീകൃത പാണിരേഷ.

അർത്ഥം

നിജം വദനം = തന്റെ മുഖത്തെ, ആനീല നീരദ ദരാന്തരി തേന്ദുബിംബ = ആനീലമായ (നല്ല നീല നിറത്തിലുള്ള) നീരദത്താൽ (മേഘത്താൽ) ദരാന്തരിതമായ (അല്പം മറയ്ക്കപ്പെട്ടതായ) ഇന്ദുബിംബത്തിന്റെ (ചന്ദ്ര ബിംബത്തിന്റെ) ലീലാനുകാരി = ലീലയെ അനുകരിക്കുന്നതാക്കി, ആദധാനാ = ചെയ്യുന്നവളും, സംജാത വേപഥുമതിഃ = പേടിച്ചു വിറയ്ക്കുന്നവളും ആയ, ഏഷാ രംഭ = ഈ രംഭ, ശിരസാ പ്രണമ്യ = ശിരസ്സുകൊണ്ടു നമിച്ചിട്ട്, മുകളീകൃത പാണി = കൂപ്പുകൈകളോടുകൂടി; മന്ദം ജഗാദ = സാവധാനം പറഞ്ഞു

രാവണദർശനത്താൽ പരിഭ്രാന്ത ചിത്തയായ രംഭ തന്റെ വദനത്തെ നീല നിചോളത്തിനകത്തു മറച്ചതിനെ കാർമേഘത്തിനിടയിൽ ഒളിക്കുന്ന ചന്ദ്രബിംബത്തോടുപമിച്ചിരിക്കുന്നതിനാൽ അലങ്കാരം ഉപമ.

വൃത്തം; വസന്തതിലകം.

പദം. 15

രംഭ

(പല്ലവി)

ആശരനാഥ! മുഞ്ച മാം–വിരവിനോടി–
ന്നാശു കേൾക്ക ഗിരം ച മേ

(അനുപല്ലവി)

പേശല ഗുണനിധി പ്രാണനാഥനിന്നു ധ—
നേശ തനയ നോക്കിലോ—ആവതെന്തയ്യോ!
(ആശരനാഥ...)

ചരണം. 1.

പുത്രഭാര്യ ഞാനിന്നു തേ— എന്നോടു ഭവാ—
നിത്തര മൊന്നു മരുതേ!
സത്യ വിനയ വാരിധേ! സാഹസമായ
കൃത്യമിന്നിതു പാക്കിലോ—ആവതെന്തയ്യോ!
(ആശര നാഥ)

ചരണം. 2

മുത്തണി മുല യിന്നു മേ— പുൽകു വതിന്നു
വിത്ത നായക നന്ദനൻ
നിത്യ മോരോ രോ വല്ലഭൻ—ഞങ്ങടെ പാതി—
വ്രത്യമിങ്ങനെ പാക്കിലോ— ആവതെന്തയ്യോ!
(ആശരനാഥ)

ചരണം 3.

പാപ മുണ്ടിതിനിന്നു മേ—ധനദ സുതൻ
ശാപവു മേകും നിണ്ണയം
കോപവു മരുതു മാനസേ—ഭവാനു മിഹ
ചാപല മിവ ചൊൽകിലോ—ആവതെന്തയ്യോ!
(ആശരനാഥ)

ചരണം. 4

കാലിണ തവ തൊഴുതേൻ—പോകുന്നു ധന—
പാല സുത നോടിന്നു തേ
ചാലവേ വരുമെന്നു ഞാൻ—ചൊന്ന സംകേത—
കാല മതീത മാകിലോ—ആവതെന്തയ്യോ!
(ആശരനാഥ)

അർത്ഥം:

ആശര നാഥ = രാക്ഷസ രാജാവേ, മുഞ്ച മാം = എന്നെ വിട്ടയച്ചാലും, മേ ഗിരം ച കേരംക്ക = എൻെറ വാക്കു കേട്ടാലും.

പേശല ഗുണനിധി = നല്ല ഗുണങ്ങരംക്കിരിപ്പിടം, ധനേശ തനയൻ = കുബേര പുത്രൻ (നള കൂബരൻ)

ചരണം. 1

സത്യ വിനയ വാരിധി = സത്യത്തിനും വിനയത്തിനും സമുദ്രമായിട്ടുള്ളവൻ,

ചരണം 2, 3, 4.

പുൽകുക = ആലിംഗനം ചെയ്യുക, വിത്ത നായക നന്ദനൻ = കുബേരൻെറ മകൻ, ധനദൻ = കുബേരൻ, പാപവുമുണ്ടിതിനു = ഓരോ ദിവസവും ഓരോ പുരുഷനെ സ്വീകരിക്കയെന്നതു് അപ്സരസ്സുകളുടെ കുലധർമ്മാണു്. ഇന്നു ഞാൻ വരിച്ചിരിക്കുന്നതു് നളകൂബരനെയാണു്. ഇന്നു് നളകൂബര സവിധത്തിൽ ചെല്ലാഞ്ഞാൽ അതു് പാപഹേതുവാകും. സങ്കേതകാലം = സങ്കേത സ്ഥലത്തു ചെന്നു ചേരേണ്ട സമയം, അതീതം = കഴിഞ്ഞതു്.

പദം 16.

സുരുട്ടി—ചെമ്പട

**രാവണൻ.**

(പല്ലവി)

പരഭൃത മൊഴി! പാർത്താലിതെന്നുടെ
ഭാഗധേയ മല്ലോ!

അനുപല്ലവി

പരിണത വിധു മുഖിമാർ മുടി മാലേ!
പരിചിനൊടിഹ നീ വന്നതു മോർത്താൽ

(—പരഭൃത മൊഴി.)

(ചരണം 1.)

അഞ്ജനൗഷധി തേടുമളവി ലപാര—
ദൈവ യോഗാൽ—നിധി
കഞ്ജനേർ മിഴി! കാലിലണഞ്ഞതു
കളയുന്നവരുണ്ടോ?
കുഞ്ജ സദനമതിൽ വരിക നീ കൂജിത—
കോകിലാ കുലതരേ മദ മന്ഥര—
കുഞ്ജരാധിപതി ഗാമിനി! സമ്പ്രതി
കുന്ദബാണ ലീല ചെയ്‌വതിന്നയി
(പരഭൃതമൊഴി)

(ചരണം 2.)

പന്തിടഞ്ഞ കുചങ്ങളയി തവ പരിചൊടു
പുണരാശ്ശിൽ—ദശ—
കന്ധരൻ ബത! കാമശരാഗ്നിയിൽ കളിയല്ലിതുബാലേ
വെന്തു പോമെന്നറിക നീ സമ്പ്രതി വാദമില്ല
മോദമോടു തളിരൊളി
ചിന്തു മധര മധു തരുവതിനിന്നൊരു
ചിന്തയെന്തിനനന്ത രംഗ മതിലയി
(പരഭൃതമൊഴി)

(ചരണം 3 )

ജാരഭാവ മിതോക്കിൽ ഞങ്ങടെ
ജാതി ധമ്മമല്ലോ—സുര
വാര വനിതമാക്കയി! സുന്ദരി!
വരനിയമവു മുണ്ടോ?
ചേരുവൊന്നല്ലിവ മൊഴി നിന്നൊടു
ചേരുവതിന്നു ഞാനൊഴി ഞ്ഞു ധന്യരിൽ
ആരഹോ! ജഗതി പറക നീ നിബിഡിത
നീരദാളി നീലവേണി! സംപ്രതി
(പരഭൃതമൊഴി)

അർത്ഥം.

പരഭൃത മൊഴി = കുയിൽ മൊഴി, ഭാഗധേയം = ഭാഗ്യം, പരിണത വിധു മുഖിമാർ = ചന്ദ്രമുഖിമാർ.

ചരണം 1.

അഞ്ജനൗഷധി = അഞ്ജനം(മഷി) ഉണ്ടാക്കുന്നതിനുള്ള മരുന്നു് (മഷിയിട്ടു നോക്കി നിധി കണ്ടു പിടിക്കുന്നതിനുള്ളതു്), അപാര ദൈവയോഗം = വലിയ ദൈവഭാഗ്യം, കഞ്ജനേർമിഴി = താമരയ്ക്കു നേരായ കണ്ണുള്ളവൾ.

നിധി കണ്ടു പിടിക്കുന്നതിനു് അഞ്ജനം അന്വേഷിച്ചു നടക്കുമ്പോൾ, വലിയ ഭാഗ്യവിശേഷം കൊണ്ടു്, ആ നിധി തന്നെ കാൽക്കൽ വന്നു ചേർന്നാൽ അതുപേക്ഷിക്കുന്ന ആരെങ്കിലുമുണ്ടോ?

''നിത്യഞ്ജനൗഷധീ മൂലം
ഖനതാ സാധിതോ നിധി:''

എന്ന കുവലായനന്ദത്തിലെ പ്രഹർഷണാലങ്കാരോദാഹരണം സ്മരിക്കുക.

രാവണൻ കാമസന്തപ്തനാണു്. അപ്പോഴാണു് രാത്രിയിൽ ഏകാകിനിയായി അതിസുന്ദരിയായ രംഭ ഭാഗ്യാതിരേകം കൊണ്ടു് സമീപമെത്തിയിരിക്കുന്നതു്. തന്റെ അഭിലാഷനിർവഹണം നടത്താതെ അവളെ വിടുന്നതു് ഒട്ടും ശരിയല്ല. എന്ന പ്രസ്തുതമാണു് ''അഞ്ജനൗഷധി......രുണ്ടോ'' എന്ന അപ്രസ്തുതത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്നതു്. അതുകൊണ്ടു് അലങ്കാരം അപ്രസ്തുത പ്രശംസ. ''യത്നം കൂടാതിഷ്ടസിദ്ധി — പ്രഹർഷണമലംകൃതി, മാർഗ്ഗസിദ്ധിക്കു യത്നിക്കെ — ഫലപ്രാപ്തിയതും തഥാ'' എന്ന ലക്ഷണ പ്രകാരം 'പ്രഹർഷണാലങ്കാരവുമുണ്ടു്.

കുഞ്ജസദനം = വള്ളിക്കുടിൽ, കൂജിത കോകിലാകുലതരേ = കോകിലങ്ങളുടെ (കുയിലുകളുടെ) കൂജിതത്താൽ (കൂകലാൽ) ആകുലതരം (നിറഞ്ഞിരിക്കുന്ന, (ഇത്രയും കുഞ്ജസദനത്തിന്റെ വിശേഷണമാണു്). മദമന്ഥര = മദം കൊണ്ടു് മന്ദഗതിയായ, ക

ഞ്ജരാധിപതി ഗാമിനി = ആനശ്രേഷ്ഠനെപ്പോലെ സഞ്ചരിക്കുന്ന വളേ, സംപ്രതി = ഇപ്പോൾ, കന്ദബാണലീല = കാമലീല, കന്ദബാണൻ = കാമദേവൻ, അയി = അല്ലയോ.

ചരണം. 2

പന്തിടഞ്ഞ = പന്തിനോടു മത്സരിക്കുന്ന, കുചം = സ്തനം, ദശകന്ധരൻ = രാവണൻ, കാമശരാഗ്നി = കാമദേവൻെറ ശര പ്രയോഗം കൊണ്ടുള്ള വേദനയാകുന്ന അഗ്നി (കാമശരാഗ്നിയിൽ – കളിയല്ല ബാലേ : വെന്തുപോം – ഗർഭിതവാക്യം).

തളിരൊളി ചിന്തും = തളിരിൻെറ ശോഭ വിതറുന്ന, അധര മധു = അധരത്തിലെ തേൻ, അന്തരംഗം = മനസ്സ്.

ചരണം. 3

ജാരഭാവം = ജാരത്വം, സുരവാര വനിത = സ്വർവേശ്യ, വര നിയമം = ഭർത്താവു് ഇന്നാരാണെന്നുള്ള നിശ്ചയം, ചേരുവോന്ന ല്ലിവ മൊഴി = ഈ വാക്കുകളൊന്നും യുക്തിക്കുചേർന്നവയല്ല, ജഗതി = ലോകത്തിൽ, നിബിഡിത = ഇടതിങ്ങിയ, നീരദാളി = മേ ഘക്കൂട്ടം [നീരദത്തെയും] (മേഘത്തെയും) അളി (വണ്ടു്) യെപ്പോ ലെയും നീലനിറത്തിലുള്ള തലമുടിയോടുകൂടിയവളേ എന്നും.) നീലവേണി = നീലത്തലമുടി.

''നിത്യമോരോരോവല്ലഭൻ–ഞങ്ങടെ പാതിവ്രത്യമിങ്ങനെ പാ ർക്കിലഹോ'' എന്ന രംഭയുടെ വചനം കൊണ്ടു് രാവണ സമീപ ത്തുനിന്നു രംഭ രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ ''ജാരഭാവമിതോർ ക്കിൽ ഞങ്ങടെ ജാതിധർമ്മമല്ലോ'' എന്നാണു രാവണൻെറ സമാ ധാനം. അപ്സരസ്ത്രീകൾക്കു് വരന്മാരെ സ്വീകരിക്കുന്നതിൽ നിശ്ചിതമായ ഒരു നിയമം ഉണ്ടെന്നു രംഭയുടെ യുക്തിക്കു് സ്വർ വേശ്യകൾക്കു് വരനിയമമുണ്ടോ എന്നാണു് രാവണൻെറ പ്രത്യു ക്തി.

ശ്ലോകം. 20

'മാ മാ സ്പൃശേതി' മുഹുരപ്യനുയാചിതോ ƒ പി
രാജീവ കോരക കരാഞ്ജലി മുദ്രയൈവ
ഹാ ! ഹാ! തദപ്സരസി കാമ ദവാതുരാത്മാ
ചിക്രീഡ തന്നിശി നിശാചര കുഞ്ജരോ ƒ യം'

KOTTAYAM.

അർത്ഥം:—

മാ = എന്നെ, മാ സ്പൃശ = തൊടരുതേ, ഇതി = എന്നു്, മുഹുരപി = വീണ്ടും വീണ്ടും, രാജീവ കോരക കരാഞ്ജലി മുദ്രയാ ഏവ = താമര മൊട്ടാകുന്ന കൂപ്പുകൈയോടുകൂടിത്തന്നെ, അനുയാചിതഃ അപി = പ്രാർത്ഥിക്കപ്പെട്ടവനായിട്ടും, ഹാ! ഹാ! = കഷ്ടം! കഷ്ടം! കാമദവാതുരാത്മാ = കാമപീഡയാകുന്ന കാട്ടുതീയാൽ പരവശമായ ആത്മാവോടുകൂടിയ, അയം നിശാചരകുഞ്ജര = ഈ രാക്ഷസശ്രേഷ്ഠൻ, തദ്അപ്സരസി = ആ അപ്സരസ്സിൽ, തത്നിശി = ആ രാത്രിയിൽ ചിക്രീഡ = ക്രീഡിച്ചു.

ഈ ശ്ലോകത്തിനു് ശ്ലേഷത്താൽ അപ്രകൃതമായ മറെറാരർത്ഥം കൂടിയുണ്ടു്.

രാജീവ......മുദ്രയാഏവ = താമര മൊട്ടുകളാകുന്ന കൂപ്പുകൈകളോടെ, മാ മാ സ്പൃശ ഇതി എന്നെ തൊടരുതേ, ഇതി അനുയാചിത അപി = എന്നു പ്രാർത്ഥിക്കപ്പെട്ടവനായിട്ടും, നിശാചര കുഞ്ജര അയം = രാത്രികാലത്തു്സഞ്ചരിക്കുന്ന ഈ ആന കാമദവാതുരാത്മാ + കാട്ടുതീ കൊണ്ടുള്ള വലിയ പീഡ സഹിക്കാൻ കഴിവില്ലാതെ, തന്നിശി = ആ രാത്രിയിൽ, തദപ്സരസി (തദ് + അപ് + സരസി) ആ ജലാശയത്തിൽ, ചിക്രീഡ = വിഹരിച്ചു

കാട്ടുതീ കൊണ്ടു അത്യന്ത പീഡയനുഭവിക്കുന്ന ഗജരാജനു് ജലശയനം ഒന്നു കൊണ്ടുമാത്രമേ ശാന്തി കിട്ടുകയുള്ളു. അതുപോലെ ഇവിടെ രാവണനാകട്ടെ കാമസന്തപ്തനാണു്. ആന, മനോഹരമായ താമരമൊട്ടുകളോടുകൂടിയ ജലാശയം ചവിട്ടിക്കുന്നതുപോലെ കാമപീഡിതനായ രാവണൻ രംഭയെ പ്രാപിച്ചു.

രാവണൻെറ സാഹസം, വികാരാവേഗം, രംഭയുടെ നിസ്സഹായത എന്നിവയെല്ലാം ഇവിടെ ധ്വനിക്കുന്നു.

രാജീവ കോരക കരാഞ്ജലി, നിശാചരകുഞ്ജര എന്നീ ഭാഗങ്ങളിൽ രൂപകാലങ്കാരം. ശ്ലേഷം കൊണ്ടു് അപ്രകൃതമായ മററൊരർത്ഥംകൂടി കിട്ടുന്നതിനാൽ പ്രകൃതാപ്രകൃത ശ്ലേഷം.

വൃത്തം. വസന്തതിലകം.

ശ്ലോകം 21.

യുദ്ധേ ബദ്ധാവലേപൈ സ്തദനു കൃതരണോ-
ത്സാരണേ സാരണേ ƒപി
പ്രധ്വസ്താശേ പ്രഹസ്തേ ധനദ ഭടവരൈഃ
ക്ഷിപ്രഹസ്തേ പ്രഹസ്തേ
അന്യേപ്യന്യൂനവീര്യാഃ കതിചന നിഹതാഃ
സാധ്വസാത് സാധ്വസാരാഃ
കേചിത് പ്രോച്ചൂർ ദശാസ്യം വിരചിത ശരണോ-
ന്മാർഗ്ഗണാ മാർഗ്ഗണാർത്താഃ.

അർത്ഥം.

തദനു = അതിനു ശേഷം, യുദ്ധേ = യുദ്ധത്തിൽ, ബദ്ധാവലേപൈഃ = അഹങ്കാരത്തോടുകൂടിയവരായ, ധനദ ഭടവരൈഃ = കുബേരൻെറ ഭടശ്രേഷ്ഠന്മാരാൽ, സാരണേ അപി = സാരണനും, കൃതരണോത്സാരണേ (സതി) യുദ്ധത്തിൽ നിന്നു് അകററപ്പെട്ടവനും (കൃതം = ചെയ്യപ്പെട്ട, ഉത്സാരണം = പരിത്യാഗം) ക്ഷിപ്രഹസ്തേ പ്രഹസ്തേ = കൈവേഗമുള്ള പ്രഹസ്തൻ, പ്രധ്വസ്താശേ (സതി) = പ്രധ്വസ്തമായ (ധ്വംസിക്കപ്പെട്ട) ആശയോടുകൂടിയവനും, പ്രഹസ്തേ = പ്രഹസിക്ക (പരിഹസിക്ക) പ്പെട്ടവനുമായപ്പോഴും, അന്യൂനവീര്യാഃ = പൂർണ്ണബലരായ, കതിചന അന്യേ അപി = മററു ചിലരും നിഹതാഃ = കൊല്ലപ്പെട്ടു. അസാരാഃ കേചിത് = നിസ്സാരന്മാരായ മററുചിലർ, മാർഗ്ഗണാർത്താ - അമ്പുകൊണ്ടു ദുഃഖിതരായി സാധ്വസാത് = ഭയം കൊണ്ടു്, വിരചിത ശരണോന്മാർഗ്ഗണാ

= ശരണസ്ഥാനം (ആശ്രയസ്ഥാനം) അന്വേഷിക്കുന്നവരായിട്ട് (വിരചിത = ചെയ്യപ്പെട്ട) ദശാസ്യം = രാവണനോട്, സാധു പ്രോച്യഃ = സാധുവായവണ്ണം (വഴിയാംവണ്ണം) പറഞ്ഞു.

സാരണൻ, പ്രഹസ്തൻ എന്നിവർ രാക്ഷസ മുഖ്യരാണ്. രാവണന്റെ മന്ത്രിയും സേനാനായകനുമാണ് പ്രഹസ്തൻ.

വൃത്തം. — സ്രഗ്ദ്ധര

അലങ്കാരം — യമകം.

## രംഗം 7

### പദം 17.

**രാവണകിങ്കരന്മാർ:**

ആശര നായക ! പാഹി ആകുലരാ യടിയങ്ങൾ
ആതുര പാലനം ചെയ്‌വാനാരു നീ യെന്യേ ?
പോരിനായിട്ടടിയങ്ങൾ പോയശേഷം രണം തന്നിൽ
നേരിടുവാനരുതാഞ്ഞു ദൂരവേ മാറി,
ബാഹുശാലികളാം ചിലരാഹവേ മടങ്ങി നര—
വാഹന വിരോധമെന്ന സാഹസം മൂലം;
കൂർത്തു മൂർത്ത ശരതതി കോർത്തു കോർത്തു നിശാചര—
രാർത്തരായി വീണു രണ പാർത്തലം തന്നിൽ;
മാണിചരൻ തന്നുടയ ബാണ ജാല മേല്ക്കയാലേ
ക്ഷീണരായടിയങ്ങളും കാണുക നാഥ !

അർത്ഥം.

ആശര നായകാ = രാക്ഷസശ്രേഷ്ഠാ, പാഹി = രക്ഷിച്ചാലും, ആകുലരായി = ദുഃഖിതരായി, ആതുര പാലനം = ദീനരക്ഷ, നീ യെന്യേ = നീയല്ലാതെ, ബാഹുശാലികൾ = കൈയ്യൂക്കുള്ളവർ, ആഹവേ = യുദ്ധത്തിൽ, നരവാഹന വിരോധം = നരവാഹനനായ കുബേരനോടുള്ള വിരോധം.

പദം 18

പന്തുവരാടി — ചെമ്പട

**രാവണൻ:**

(പല്ലവി)

അദ്ഭുത മിദ മധുനാ; നിനക്കിലി—
തദ്ഭുത തര മധുനാ

(അനുപല്ലവി)

മദ്ഭുജ ബല മറിയാതെ രണത്തിനു
നിർഭയതര മിഹ വന്നതു മോർത്താൽ

(അദ്ഭുത.......)

(ചരണം. 1)

കാള കരാള ഭുജംഗാധിപനൊടു
കേളി തുടന്നവ നേതൊരു പുരുഷൻ

(അദ്ഭുത.......)

(ചരണം. 2)

ദക്ഷത യുണ്ടെന്നാലും രണ ഭുവി
ഭിക്ഷാശന സഖിയോ മമ സമരേ?

(അദ്ഭുത . . . .)

(ചരണം. 3)

വാതാശന രെന്നാലിഹ രിപു തൻ
ശ്വാസാശന മെളുതോ ഭുജഗാനാം

(അദ്ഭുത......)

(ചരണം. 4)

ഘസ്മര ഭുജ വീര്യാനല മദ്ധ്യേ
ഭസ്മ മതാമിഹ യക്ഷ രശേഷം

(അദ്ഭുത......)

അർത്ഥം:—

അധുനാ = ഇപ്പോഠം, മദ് ഭുജബലം = എൻെറ കൈയ്യൂക്ക്, കാള കരാള ഭുജംഗാധിപൻ = ഭയങ്കരനായ കൃഷ്ണസപ്പം.

മദ് ഭുജബല....മോത്താൽ; 'കാള കരാള ....പുരുഷൻ' എന്നിവ ബിംബപ്രതിബിംബഭാവത്തിൽ ഘടിപ്പിച്ചിരിക്കുന്നതിനാൽ അലങ്കാരം ദൃഷ്ടാന്തം.

ദക്ഷത = സാമർത്ഥ്യം, ഭിക്ഷാശന സഖി = ഭിക്ഷാശനൻെറ (ശിവൻെറ) സ്നേഹിതൻ, വാതാശനൻ = വായു ഭക്ഷിക്കുന്നവൻ, (സപ്പങ്ങഠം), അഹിരിപു = സപ്പശത്രു (ഗരുഡൻ), ശ്വാസാശനം = ശ്വാസത്തെ (പ്രാണനെ) അശനം = ഭുജിക്കൽ), ഭുജഗാനാം = സപ്പങ്ങഠംക്ക്.

ദക്ഷത.....സമരേ; വാതാശന.....ഭുജഗാനാം, എന്നീവരികളിലെ ആശയങ്ങഠം ബിംബപ്രതിബിംബ ഭാവത്തിലവതരിപ്പിച്ചിരിക്കുന്നതിനാൽ അലങ്കാരം ദൃഷ്ടാന്തം.

ഘസ്മര = എല്ലാററിനെയും നശിപ്പിക്കുന്ന, ഭുജവീര്യാനലൻ = കൈയ്യൂക്കാകുന്ന അഗ്നി, ഭുജവീര്യത്തിനും അഗ്നിക്കും അഭേദകല്പന. രൂപകാലങ്കാരം.

ശ്ലോകം. 22

സംവത്തോദ്രിക്ത സംകർഷണ വദന ഹുതാ—
ശോലബണ ജ്വാല മാലാ
ദന്ദഹ്യദ് ഭൂത ജാത പ്രതിഭയ വിപുലോ—
ദ്ധൂമ ധൂമ്രാ മവസ്ഥാം
യദ്ദോർ ദണ്ഡ പ്രതാപാനല പിഹിത ജഗ—
ന്മണ്ഡലം സഞ്ജഗാഹേ
സോ ƒ യം ഗാഢാവലിപ്തോദ് ഭട ഭട പടല
പ്രൗഢി മാദ്ധൌ കതേ സ്മ

അർത്ഥം: — യദ് = യാതൊരുവൻെറ, ദോർ ദണ്ഡ പ്രതാപാനല = ദീർഘങ്ങളായ ഭുജങ്ങളുടെ പ്രതാപമാകുന്ന അഗ്നിയിൽ, പിഹിത ജഗന്മണ്ഡലം = മറയ്ക്കപ്പെട്ട ഭൂമണ്ഡലം, സംവർത്ത...... ദ്ധൂമ്രാ = സംവർത്തത്തിൽ (പ്രളയകാലത്തിൽ) ഉദ്രിക്തമായ (വർദ്ധിച്ച) സങ്കർഷണ വദന ഹുതാശൻെറ (സങ്കർഷണൻ എന്ന സംഹാരമൂർത്തിയുടെ വായിൽ നിന്നു പുറപ്പെടുന്ന അഗ്നിയുടെ കഠിനമായ ജ്വാലാസമൂഹം കൊണ്ടു്,) ദന്ദഹ്യദ് = അത്യന്തം ദഹിക്കുന്ന, ഭൂതജാത = ജന്തു സമൂഹത്തോടു കൂടിയതായി, പ്രതിഭയ വിപുലോദ്ധൂമ = ഭയങ്കരമായി പൊങ്ങുന്ന പുക കൊണ്ടു്, ധൂമ്രവർണ്ണമായ (കറുപ്പും ചെമപ്പും കലന്ന) അവസ്ഥയെ, സഞ്ജഗാഹേ = സംഗാഹനം ചെയ്തു (പ്രാപിച്ചു) വോ സഃ അയം = ആ ഇവൻ (രാവണൻ) ഗാഢാവലിപ്ത = അത്യന്തം അഹങ്കാരികളും, ഉദ്ഭട = സാഹസികരുമായ ഭടപടല പ്രൗഢിം = ഭട സമൂഹത്തിൻെറ പ്രൗഢതയെ, ആഢൗ കതേ സ്മ = പ്രാപിച്ചു. (കാണിച്ചു)

**സങ്കർഷണൻ:**

പ്രളയകാലത്തു് പ്രപഞ്ചം സംഹരിക്കുന്ന തമോ മൂർത്തിയായ വിഷ്ണുരൂപം.

പ്രളയകാലത്തു് പ്രപഞ്ചസംഹാരത്തിനായിത്തുനിയുന്ന സങ്കർഷണമൂർത്തിയെപ്പോലെ സ്വഭുജബലം കൊണ്ടും സേനാബലം കൊണ്ടും രാവണൻ ശത്രുസംഹാര ദക്ഷനായിത്തീന്നു.

പ്രളയകാലത്തെ സങ്കർഷണ മൂർത്തിയുടെ ധമ്മം കോപാക്രാന്തനായ രാവണനിലാരോപിച്ചിരിക്കുന്നതിനാൽ അലങ്കാരം അന്യാനിദശ്ന.

''ഒന്നിൻെറ ധമ്മം മററൊന്നിൽ—
ച്ചൊന്നാലന്യാനിദശ്ന''

വൃത്തം — സ്രഗ്ദ്ധര.

ശ്ലോകം. 23

തരിച്ചീട്ടം ബാഹാബല ദഹന മദ്ധ്യേ രിപുജനം
പൊരിച്ചീട്ടം വണ്ണം ദശമുഖ നണഞ്ഞോരു സമയേ
സ്മരിച്ചീടാതേ കണ്ടപി നിജനാഥം ധനപതിം
തിരിച്ചോടി പ്പേടിച്ച ഖില മപി യക്ഷേശ്വര ബലം.

അർത്ഥം:— ബാഹാബല ദഹന മദ്ധ്യത്തിൽ (കൈയ്യൂക്കാകുന്ന അഗ്നിയുടെ മദ്ധ്യത്തിൽ) തരിക്കുന്ന രിപുജനത്തെ (സ്തംഭിച്ച നില്ക്കുന്ന ശത്രുജനത്തെ) പൊരിക്കുമാറു് ദശമുഖൻ (രാവണൻ) അണഞ്ഞപ്പോറം നിജനാഥനായ (തൻെറ നാഥനിയ) ധനപതിയെ (കുബേരനെ) പ്പോലും സ്മരിക്കാതെ അഖില യക്ഷേശ്വരബലം = കുബേര സൈന്യം മുഴവനും പേടിച്ച തിരിച്ചോടി. ബാഹാബല ദഹനൻ = രൂപകം.

വൃത്തം — ശിഖരിണി.

ശ്ലോകം. 24

(സാരംഗം — ചെമ്പട)

കല്പാന്തോദ് ഭ്രാന്ത സിന്ധു പ്രചുര തര തരം—
ഗാവലീ സംഗ ഭംഗ—
പ്രക്ഷുഭ്യത് ക്ഷീര രാശി ധ്വനി ശമന പടു—
ക്ഷ്വേളിതാ പൂരിതാശഃ
ബദ്ധാ ടോപാതിരേക സ്ഫുര ദധര പുട—
പ്രാന്ത സംഭ്രാന്ത ജിഹ്വോ
യുദ്ധാ യേദം ധനേശം ഘന നിനദ ഘനം
പ്രാഹ രക്ഷോഽധിനാഥഃ

അർത്ഥം:— കല്പാന്ത......പൂരിതാശഃ = കല്പാന്ത (പ്രളയ) ത്തിൽ ഉൽഭ്രാന്ത (ഇളകിമറിഞ്ഞ) മായ സിന്ധു (സമുദ്രം) വിൻെറ പ്രചുരതര (ധാരാളമായുള്ള) ങ്ങളായ തരംഗ (തിരമാലകറം) ങ്ങളുടെ സംഗം (ചേർച്ച, മർദ്ദനം) കൊണ്ടും ഭംഗം (പിരിയൽ) കൊണ്ടും പ്രക്ഷുഭ്യത്തായ (ക്ഷോഭിച്ച) ക്ഷീരരാശി ധ്വനി (പാലാഴി

യുടെ ശബ്ദം) യെപ്പോലും, ശമന പടുവായ (ശമിപ്പിക്കുന്നതിൽ സമർത്ഥമായ) ക്ഷ്വേളിതത്താൽ (ഗർജ്ജനത്താൽ) ആപൂരിതാശ (ചുററും നിറയ്ക്കപ്പെട്ട ദിക്കുകൾ) കളോടു കൂടിയവനും, ബദ്ധാടോപ ... ... ജിഹ്വൻ) ബദ്ധാടോപാതിരേകാൽ (ബദ്ധമായ അഹങ്കാരാധിക്യത്താൽ) സ്ഫുരത്തായ (വിറയ്ക്കുന്ന) അധരപുട പ്രാന്ത (അധരപുടങ്ങളുടെ സമീപം) ത്തിൽ സംഭ്രാന്ത ജിഹ്വ (ചുഴററുന്ന നാക്കുകൾ) യോടുകൂടിയവനും ആയ രക്ഷോധിനാഥഃ (രാക്ഷസരാജാവായ രാവണൻ) യുദ്ധായ (യുദ്ധത്തിനായി) ധനേശം (വൈശ്രവണനോട്) ഇദം വചനം (ഈ വാക്കിനെ) ഘനനിനദഘനം (ഇടിമുഴക്കം പോലെ ഗംഭീരമായി) പ്രാഹ (പറഞ്ഞു).

വൃത്തം: സ്രഗ്ദ്ധര.

## രംഗം 8.

### (രാവണനും കുബേരനും)

പദം. 19

**രാവണൻ.**

(പല്ലവി)

ആഹവ മദ മിഹ തേ കളഞ്ഞിടു–
മേഹി ധനാധിപ തേ

(അനുപല്ലവി)

സാഹസ തര മിദ മറിക 'രണത്തിനു
സോ ƒഹ മേവ' മോഹ മിന്നു വിഫലം —ആഹവ

ചരണം 1.

അഹിതം മമ വിഹിതം
മദ സഹിതം തവ ന ഹിതം
മഹിത ഭുജ പടല വീര്യ മഹാനല–
ഹേതി തന്നിലാഹുതോ ƒ സി നീയതം —ആഹവ

ചരണം 2.

ന പലായന ചപലാ യുധി
നൃ പലാശികരം സബലാ
വിപുല കമ്പ മുമ്പർ കോന്ന സമ്പ്രതി
കിം പ്രയാഹി സംപ്രഹരതോ നഹി —ആഹവ

ചരണം 3.

ജള! കാണിയുമിളകാ ദശ—
ഗള കാമിത മളകാ
പ്രളയ മയതി ദ്രുതഭ്രത നിന്മുഖ—
നിഃസൃതങ്ങരം വിസ്മൃതങ്ങളല്ലെടാ —ആഹവ

ചരണം 4.

മനസാപി ച വചസാ തവ
ശിരസാ കുരു സഹസാ
നമന മമിത സമിതി മദ്പദദ്വയ—
കമലമതിന്നു ശമല മൊഴിയുവാൻ തവ —ആഹവ

അർത്ഥം:

ആഹവ മദം = യുദ്ധമദം, തേ = നിന്റെ, ഏഹി = വരൂ, സോഹമേവ = സ അഹം. ഏവ = ആ ഞാൻ തന്നെ എന്ന ഭാവം. മമ അഹിതം = എനിക്കിഷ്ടമില്ലാത്തതു്, മദ സാഹിതം = അഹങ്കാരത്തോടുകൂടി, ത്വയാ = നിന്നാൽ, വിഹിതം = ചെയ്യപ്പെട്ട, തവ = നിനക്കു്, ന ഹിതം = നല്ലതല്ല. മഹിത.....മഹാനല = ശ്രേഷ്ഠമായ ഭുജസമൂഹത്തിന്റെ വീര്യമാകുന്ന വലിയഅഗ്നിയുടെ, ഹേതി = ജ്വാലയിൽ, നിയതം = നിശ്ചയമായിട്ടും, ആഹുതഃ അസി = ഹോമിക്കപ്പെട്ടവനായിത്തീരും (ആസന്നഭാവിയെ കുറിക്കാൻ വർത്തമാനം പ്രയോഗിച്ചിരിക്കുന്നു)

സ ബലാഃ = ബലശാശികളായ, നൃ പലാശികരം = നരമാംസം ഭക്ഷിക്കുന്നവർ, യുധി = യുദ്ധത്തിൽ, പലായന ചപലാഃ ന = ഓടുന്ന ചപലന്മാരല്ല. സമ്പ്രതി = ഇപ്പോൾ, ഉമ്പർകോൻ = ദേവേന്ദ്രനു്, വിപുലകമ്പം = വലിയ പരിഭ്രമമുണ്ടു്. സംപ്ര—

ഹാരത = യുദ്ധത്തിൽനിന്നു്, നഹി പ്രയാഹി കിം = നീ പ്രയാണം ചെയ്യുന്നില്ലയോ? ('പ്രയാസി' എന്നാണു വേണ്ടതു്.)

കാണിയും ഇളകാ = അല്പം പോലും ഇളകുകയില്ല. ദശഗളകാമിതം = ദശഗളന്റെ (രാവണന്റെ) ആഗ്രഹം, അളകാ പ്രളയം ഇതി = അളക നാശമടയുന്നു (യും), ദൂതഭൃതം = ദൂതനിൽനിന്നും ഭവിച്ച, നിന്മുഖനിഃസൃതങ്ങൾ = നിന്റെ മുഖത്തു നിന്നു പുറപ്പെട്ടവ (വാക്കുകൾ) മറക്കാൻ കഴിയുന്നവയല്ല. (നീ ദൂതൻ വശം പറഞ്ഞയച്ച വാക്കുകൾ മറക്കാൻ കഴിയുന്നവയല്ല.)

അമിത സമിതി = വലിയ യുദ്ധത്തിൽ; തവ ശമലമൊഴിയുവാൻ = നിന്റെ അപരാധം തീരാൻ, മനസാ, (അപി) വ ച സാ ശിരസാ ച = മനസ്സു്, വാക്കു്, ശിരസ്സു് എന്നിവകൊണ്ടു്, സഹസാ = പെട്ടെന്നു്. മൽ പദ കമലമതിന്നു് = എന്റെ കാൽത്താമരകൾക്കു്, നമനം കരു = നമസ്കരിക്കു.

ശ്ലോകം. 25

തദനു തദനുജാത ജാതവേദ–
സ്യധികരണാ സഹ നോരു ഹേതിജാലേ
ജ്വലതി രണമുപേത്യ തദ്രിപൂണാം
സ നിധനദോ ധനദോ ജഗാദ വാചം.

അർത്ഥം:

തദനു = അനന്തരം, തദനുജാത = അവന്റെ (കുബേരന്റെ) അനുജനാകുന്ന, ജാതവേദസി = അഗ്നി, അധികരണാ = ആശ്രയത്തിൽ, അസഹനാ = ഒതുങ്ങാത്ത, ഉരു = വർദ്ധിച്ച, ഹേതി ജാലേ = ഹേതികളുടെ (അഗ്നിജ്വാല; ആയുധം) ജാലേ = കൂട്ടത്തോടു കൂടി. ജ്വലതി (സതി) = ജ്വലിക്കുമ്പോൾ, രിപൂണാം = ശത്രുക്കൾക്കു്, നിധനദഃ = മരണകാരിയായ, സഃ ധനദഃ = ആ കുബേരൻ, തത്‌രണം ഉപേത്യ = ആ യുദ്ധത്തെ പ്രാപിച്ചിട്ടു്, വാചം ജഗാദ = വാക്കിനെ പറഞ്ഞു.

രാവണനും അഗ്നിക്കും അഭേദം കല്പിച്ചിരിക്കുന്നതിനാൽ അലങ്കാരം രൂപകം. ധനദ പദാവർത്തനഭാഗത്തു് യമകം.

വൃത്തം–പുഷ്പിതാഗ്ര.

പദം. 20

(മോഹനം— അടന്ത)

(പല്ലവി)

ഉല്ലംഘിത നീതിമതാ—
മുപകാര മേവ വൈരം

(അനുപല്ലവി)

ഇല്ലെങ്കിലുമിന്നു ഫലം തവ
നല്ലതു ചൊന്നതിനാൽ— ഉല്ലംഘിത

(ചരണം. 1)

ചൊല്ലുള്ള സത്തുക്കരം കല്ലെൽ വളർത്തുക
നല്ലതിനായ് വരുമോ— അതു
കൊള്ളരുതെ ന്നര ചെയ്യയാലേ
വൈരമുള്ളിലുറച്ചു നീയും
തെല്ലും മടിയാതെ പോരിനടുത്തതു
നല്ലതിനല്ല യുദ്ധം—യുധി
നില്ല നില്ലെടാ യിനി യില്ല നീ യെന്നൊരു
ചൊല്ല നടത്തിടുഭവേൻ ദശാനന,
(ഉല്ലംഘിത. . .

അർത്ഥം.

ഉല്ലംഘിത നീതിമതാം = നീതിയെ ഉല്ലംഘിച്ചവർക്കു്, ഉപകാരം ഏവ വൈരം = ഉപകാരം ചെയ്യുന്നതു തന്നെ ശത്രുതയ്ക്കു കാരണമാകും, നീയില്ലയെന്നൊരു ചൊല്ല നടത്തിടുവേൻ = നിന്നെ നാമാവശേഷമാക്കും. ചൊല്ലുനടത്തിടുവേൻ = പേർ പരത്തിയേയ്ക്കാം.

പദം. 21

(പല്ലവി)

രാവണൻ.

രേ രേ ധനനായക! നിൻ മൊഴി
ചേരുവതോ സമരേ?

(അനുപല്ലവി)

പാരേ ജലരാശി പുരോ യുധി
ഭീരുവാ യോടിയ നീ ജളാശയ— രേ! രേ!

(ചരണം. 1)

പോരും പോരും യുധി പൗരുഷം ചൊന്നതു
ധീരമതേ! പഴതേ— അതു
തീരുമിന്നു മമ നേരെ നിന്നു
ക്ഷണനേരം പൊരുതുമെങ്കിൽ
ദാരു കൂടപരിപാടന ചാതുരി
മാരുതനുണ്ടെങ്കിലും ഇന്നു
മേരുവോടു ചെന്നു നേരിടുകി ലൊരു—
സാരമില്ലെന്നു വരും— ജളാശയ
രേ! രേ!

അർത്ഥം.

പാരേ ജലരാശി = സമുദ്രത്തിൻെറ മറുകരയിലുള്ള, പുരഃ = പുരം (ലങ്ക), യുധി = യുദ്ധത്തിൽ.

ദാരു കൂടം = വൃക്ഷക്കൂട്ടം (ദാരു കൊണ്ടുള്ള ഗൃഹം) പരിപാടന ചാതുരി = തകൎക്കാനുള്ള സാമർത്ഥ്യം, മാരുതൻ = കാററു്.

ദാരു. . .വരും. എന്നിടത്തു് അപ്രസ്തുതപ്രശംസ. വൃക്ഷക്കൂട്ടങ്ങളെത്തകൎക്കുന്ന കാററു് മഹാമേരുവിനോടെ തിരിട്ടാൽ തോററു മടങ്ങും എന്ന അപ്രസ്തുതത്തിലൂടെ നിസ്സാരന്മാരായ ഭടന്മാരെ തോല്പിച്ചോടിച്ച അഹങ്കാരം കൊണ്ടു് ശക്തനായ രാവണനോടെ തിരിട്ടാൽ കുബേരൻ തോററു മടങ്ങുമെന്ന പ്രസ്തുതം സൂചിപ്പിച്ചിരിക്കുന്നു.

പദം. 20.

കുബേരൻ.

(ചരണം. 2)

നിൎമ്മല മാനസരാകും മുനികടെ
കർമ്മ വിഘാതം ചെയ്യും— തദപിജ

ധമ്മദാരങ്ങളെ യാശ്രു കവന്നതും
നിർമ്മരിയാദ മഹോ
സമ്മതമല്ലൊരു നാള മേവം കല
ധർമ്മവിരോധം ചെയ്താൽ—യുധി
മർമ്മ വിഭേദി വിപാഠ രണം കൊണ്ടു
ദുർമ്മദം തീർത്തിടുവൻ— ദശാനന
ഉല്ലംഘിത

അർത്ഥം.

കമ്മ വിഘാതം=കർമ്മവിഘ്നം, ദ്വിജധമ്മദാരങ്ങാ = ബ്രാഹ്മണരുടെ ധമ്മപത്നികാ. വിപാഠ രണം=ആയുധസമരം, വിപാഠം=ഒരുതരം വലിയ അമ്പു്.

പദം 21

(ചരണം 2)

കണ്ഠഗത പ്രാണനാകിയ നിന്നുടെ
കണ്ടക വാക്കു വൃഥാ—ദശ
കണ്ഠനോടേററു ജയിപ്പതി നാരാനു—
മുണ്ടാകയില്ല ദൃഢം,
പണ്ടൊരു നാള മീവണ്ണ മായോധനം
കണ്ടതില്ലെന്നു വരും— ചെററു
മിണ്ടൽ കൂടാതെ വരിക രണത്തിൽ നീ
മണ്ടിടൊല്ലാ കമതേ ജളാശയ
(രേ! രേ!.)

അർത്ഥം.

കണ്ഠഗത പ്രാണൻ=മരണ മടുത്തവൻ, കണ്ടക വാക്കു് = മുള്ളുവാക്കു്, ഇണ്ടൽ = ദുഃഖം, ജളാശയൻ = മൂഢൻ, കമതേ= ദുർബുദ്ധേ.

ശ്ലോകം. 26.

ആശേശാ/പി നിശാചരേശ്വര ശരാ—
വേശാവശേ മന്ത്രിണോ—

ƒപ്യാശാ മാശ്രു തദാശ്രുഗാ ശശീത ശരീരാ—
ശോകശക്ത്യാƒവിശൻ;
ശശ്വത്ത്തദ്പിശിതാശ വംശ കലശാം—
ഭോരാശി നൈശാകര—
ഛായാ കാശ നികാശ പേശല യശോ—
രാശി സ്സതോƒജ്രംഭത.

അർത്ഥം.

ആശേശ അപി = ആശയുടെ (ദിക്കിൻെറ) ഈശനും (കുബേരൻ) നിശാചരേശ്വര ശരാവേശവാശേ = രാക്ഷസരാജാവായ രാവണൻെറ അമ്പുകളുടെ ആക്രമണം കൊണ്ടു് അവശനായപ്പോരം, തദ് = അവൻെറ (രാവണൻെറ) ആശ്രുഗ = ബാണങ്ങളാൽ, അശിത ശരീരാഃ = അശിക്കപ്പെട്ട ശരീരത്തോടു കൂടിയവരായ, മന്ത്രിണാഃ അപി = മന്ത്രി മാരും, ശോകശക്ത്യാഃ = ദുഃഖാവേഗത്തോടു കൂടി, ആശ്രു = പെട്ടെന്നു്, ആശാം അവിശൻ = ദിക്കിനെ പ്രാപിച്ചു (ഓടി), തതഃ = അതിൽ നിന്നു്, ശശ്വത് = എല്ലായ്പോഴും, പിശിതാശ വംശം = രാക്ഷസ വംശമാകുന്ന (പിശിതാശർ = മാംസ ഭോജികരം) കലശാംഭോരാശി = പാൽക്കടലിലുദിച്ച, നൈശാകരഛായാ = ചന്ദ്രൻെറ കാന്തിയാൽ, കാശാനികാശപേശല = ആററുദർഭപ്പൂവിനു തുല്യം മനോഹരമായ, യശോരാശി = കീത്തിപടലം അജ്രംഭത = ഉയന്നു.

അലങ്കാരം. രൂപകം, അനുപ്രാസം.

പരുഷമായ 'ശകാരാ വൃത്തിയാൽ' 'ദുശ്രവ' ദോഷം.

വൃത്തം. ശാർദ്ദൂലവിക്രീഡിതം.

**ദണ്ഡകം.**

(പദം 1)

ഏണാങ്ക ചൂഡസഖി ബാണങ്ങളേററുടലിൽ
വീണാശ്രു സംയതി തളന്നു;
പരവശമിയന്നു; പരിജനമുഴന്നു:

നന്ദിയൊടു നവനിധികഠം ചെന്നുട നെടുത്തവനെ
നന്ദനവനത്തിനു നടന്നു.

(പദം. 2)

ഹാ ഹാ രവം കപചന ഹീ ഹീ രവം കപചന
ഹാ ഹന്ത ഹന്ത ജനഘോഷം:
ഹതവിമത ശേഷം ബലമുടനശേഷം
നിശിചരകുലാധിപതി നിശിത ശര പീഡയൊടു—
ദിശി ദിശിനടന്നു ഗത രോഷം.

പദം. 3.

സീമാതിപാതി ഭുജ ഭ്രമാദശാസ്യന ഭി—
രാമാബലാ ജനകദംബം
അധര ജിത ബിംബം സുലളിത നിതംബം
വിവിധ ധനനിചയ മപി വിശദ മണി നിവഹ മിവ
ശിവ! ശിവ! കവന്നു ബത സർവം.

(പദം 4)

പ്രാണാധിപം സമിതി കാണാതെയങ്ങു ചില—
രേണായതാക്ഷികഠം കരഞ്ഞും,
പലവഴിതിരഞ്ഞും ചില മൊഴി പറഞ്ഞും
അണിമതിയൊടവരെ മുഖമണി കരുതി സാശ്രുമഷി—
കണ കലുഷ താന്തമഗ്ലനേരം

(പദം. 5)

നേത്രാംബു പൂര മതിമാത്രം ഗളിച്ചതിനു
പാത്രം ഭവിച്ച കുച കുംഭം
ലുളിതഗിരിഡംഭം, മിളിത ഭയകമ്പം
അതിവിവശമൊടുമുളവതിന്നുടെ ഭരം കൊണ്ടു—
കതിപയ പദങ്ങളവർ നിന്നും

(പദം. 6)

പ്രാസാദ ഭൂമികളിലാസാ ദിതാ വദന—
ഭാസാ ജിതാംബുരുഹ മാലാ—
സ്സുരയുവതി ബാലാ അതിചപ ലശീലാ
ഝണ ഝണിതമണിവലയ മുരസി
കരതാഡനമൊ—
ടണി കുഴലി മാരുടെ വിലാപം

(പദം. 7)

ഉഭയം പദങ്ങളുടെ സഭയം തൊഴുന്ന വയ—
മഭയം തരേണ മവിളംബം
ഇതി രിപുകദംബം ബത നിരവലംബം
വടിവിനൊടു രജനിചര മുടിയിലണിയുന്ന മണി—
യടിമലരിൽ വീണു സകുടുംബം.

അർത്ഥം:— ഏണാങ്ക ചൂഡസഖി = ഏണാങ്ക ചൂഡന്റെ (ശിവന്റെ) സ്നേഹിതൻ, സംയതി = യുദ്ധത്തിൽ, പരിജനം = ഭൃത്യന്മാർ, പരവശമിയന്നു് എന്നതു് ശരിയായ രൂപമല്ല. പരവശതയാന്നു എന്നായാൽ നന്നു്. നന്ദിയൊടു = കൃതഞ്ജതയോടെ, നവനിധികൾ = പത്മം, മഹാപത്മം, ശംഖം, മകരം, കച്ഛപം, മുകുന്ദം, കുന്ദം, നീലം, ചർച്ചം നന്ദന വനം = ദേവേന്ദ്രന്റെ ഉദ്യാനം.

നന്ദിയൊടു...... നടന്നു = നവനിധികളുടെ അധിഷ്ഠാന ദേവതകൾ കൃതജ്ഞതാപൂർവം കുബേരനെ എടുത്തു കൊണ്ടു് നന്ദനോദ്യാനത്തിലേയ്ക്കു തിരിച്ചു'', ''ഉടൻ പദ്മാദി നിധികൾ— ചുഴന്നദ്ധനനാഥനെ, നന്ദനപ്പൂവനേ കൊണ്ടു — പോയാശ്വാസപ്പെടുത്തിനാർ [വാല്മീകി രാമായണം. 15 - 38]
ഉത്തര കാണ്ഡം.

2. ക്വചന = ഒരിടത്തു്, ഹാഹാരവം = ആർത്തനാദം, ഹീഹീരവം = നിന്ദോക്തി, ഹത വിമതശേഷം = കൊല്ലപ്പെട്ട ശത്രു

ക്കളുടെ ശിഷ്ടം, ബലം = സൈന്യം, നിശിതം = മൂർച്ചയുള്ള, ദിശിദിശി = ദിക്കുകൾ തോറും, ഗതരോഷം = കോപംനശിച്ചവരായി.

3. സീമാതിപാതി ഭുജ ഭ്രമാ = അതിരററ ഭുജബലത്തോടു കൂടിയവൻ, അഭിരാമാ ബല ജനകദംബം = സുന്ദരികളായ സ്ത്രീകളുടെക്കൂട്ടം, അധരജിത ബിംബം = അധരത്താൽ ജയിക്കപ്പെട്ട തൊണ്ടിപ്പഴത്തോടുകൂടിയതു്, സുലളിത നിതംബം = മനോഹരമായ പൃഷ്ഠഭാഗം, വിവിധ ധന നിചയം = നാനാതരത്തിലുള്ള ധനസമൂഹം, വിശദമണി നിവഹം = നിർമ്മലമായ രത്നസമൂഹം.

4. പ്രാണാധിപം = പ്രാണനായകനെ, സമിതി = യുദ്ധത്തിൽ, ഏണായതാക്ഷികൾ = സുന്ദരിമാർ, അണിമതിയൊടു് = ചന്ദ്രനൊടു്, മുഖം അണി കരുതി = മുഖം തുല്യത വഹിച്ചു. സാശ്രുമഷി കണ കലുഷിതാന്തം = കണ്ണീരോടു കലൎന്ന മഷിശകലം കൊണ്ടു് കറുപ്പു പററിയ മദ്ധ്യത്തോടുകൂടിയതു് (ഉപമ).

സ്വതേ കളങ്കമുള്ള ചന്ദ്രനു് സുന്ദരിമാരുടെ മുഖത്തോടു സാമ്യമില്ല. ഇപ്പോൾ, മഷിയും കണ്ണീരും കലൎന്നു് അവരുടെ മുഖം കളങ്കിതമായതു കൊണ്ടു്, ചന്ദ്രനു തുല്യമായി.

5. നേത്രാംബു പൂരം = കണ്ണീർ, ഗളിച്ചു = ഒഴുകി, കുചം = സ്തനം, ലുളിത ഗിരിഡംഭം = പർവതത്തിൻെറ അഹങ്കാരത്തെ ഇളക്കുന്നതു്, മിളിത ഭയകമ്പം = ഭയം കൊണ്ടു് വിറയലോടുകൂടിയതു്. കതിപയപദം = ഏതാനുമടി, ഉളവാതിനുടെ = ഉണ്ടാകുന്നതിൻെറ, അതിനുടെ ഭരം = കുചങ്ങളുടെ ഭാരം.

6. പ്രാസാദ ഭൂമികൾ = മാളികകൾ, ആസാദിതാഃ = ചെന്നെത്തപ്പെട്ടവർ, വദന ഭാസാ = മുഖശോഭയാൽ, ജിതാംബുരുഹമാലാ = താമരക്കൂട്ടത്തെ ജയിച്ചവർ, സുരയുവതി ബാലാഃ = ദേവകന്യകകൾ, അതി ചപലശീലാ = ചപല ശീലത്തോടു കൂടിയവർ, ഝണഝണിതമണിവലയം = ശബ്ദത്തോടുകൂടിയ രത്നവള, അണികുഴലിമാർ = സുന്ദരിമാർ.

7. ഉഭയോം പദങ്ങളുടെ = രണ്ടു പദങ്ങളുടെ (വികല്പപ്രയോഗ

ഗം) സഭയം = ഭയത്തോടെ, വയം = ഞങ്ങൾ, അവിളംബം = താമസം കൂടാതെ, രിപുകദംബം = ശത്രുസമൂഹം, നിരവലംബം = നിരാശ്രയം, രജനിചര........സകുടുംബം = രാക്ഷസവംശാലങ്കാരമായ രാവണൻെറ കാൽത്താരിൽ സകുടുംബംവീണു.

വൃത്തം — വംശയഷ്ടിക.

''യുഗ് മൗ ജ പാദേ ഭേദത്താൽ—ഖണ്ഡ ഭേദങ്ങൾ ചൊന്നവ
ഗണിക്കാതെ കലത്തീടി——ലതിൻ പേർ 'വംശയഷ്ടിക''

ഇക്ഷു ദണ്ഡികയിൽ സമപാദത്തിലും വിഷമ പാദത്തിലും ലക്ഷണം ഭിന്നമാണ്. ഈ വിശേഷം വക വയ്ക്കാതെ ഇച്ഛപോലെ തങ്ങളിൽ കലത്താറുള്ള ദണ്ഡകം. വംശയഷ്ടിക'

ശ്ലോകം. 27.

ആരുഹ്യ പുഷ്പക മസൗ സഗണ സ്സലീല—
മാലോകിതും തദനു ശങ്കരശൈല ലക്ഷ്മീം
ആപാദയൻ നഭസി സിദ്ധ വധൂ ജനാനാം
നീലാംബുദാളി ധിഷണാം നിരഗാദകാണ്ഡേ.

അർത്ഥം.

തദനു = അനന്തരം, സഗണ അസൗ = അനുചരരോടുകൂടിയ ഇവൻ, സലീലം = ലീലയാംവണ്ണം, പുഷ്പകം ആരുഹ്യ = പുഷ്പകത്തിൽ കയറിയിട്ട്, സിദ്ധവധൂജനാനാം = വിദ്യാധര സ്ത്രീകൾക്ക്, നഭസി = ആകാശത്തിൽ, അകാണ്ഡേ = അപ്രതീക്ഷിതമായി, നീലാംബുദാളി ധിഷണാം = കാർമേഘനിരയെന്നുള്ള ബുദ്ധിയെ, ആപാദയൻ = ജനിപ്പിച്ചിട്ട്, ശങ്കരശൈല ലക്ഷ്മിയെ = കൈലാസ സൗന്ദര്യത്തെ, ആലോകിതും = കാണുന്നതിനുവേണ്ടി' നിരഗാത് = പുറപ്പെട്ടു.

ആകാശത്തിലൂടെ സഞ്ചരിച്ച രാവണനും അനുചരരും അകാലത്തിലുണ്ടായ കാർ കൊണ്ടൽക്കൂട്ടമാണോ എന്ന ഭ്രമം സിദ്ധവധൂജനങ്ങൾക്കുളവാക്കി.

അലങ്കാരം — ഭ്രാന്തിമാൻ

വൃത്തം — വസന്തതിലകം.

ശ്ലോകം. 28.

ആജൗ ജിത്വാ ജവേന ജ്വലിത നിജഭുജാ—
തേജസാ രാജരാജം
രാരാജ ദ്വാജി രാജീ ഗജ പദജ രജോ
ജാല ശുഷ്യജ്ജലാ ബ്ധിഃ
ജ്യാഘോഷ വ്യാജ ഭാജാ ജഗതി ജയ മയം
ജാപയൻ ചാപവല്ല്യാ
രാജാ സഞ്ജാത മോദ പ്രജ മനുജഭുജാം
രാജതാദ്രിം ജഗാമ.

അർത്ഥം.

ജ്വലിത നിജഭുജാ തേജസാ = കത്തിക്കാളുന്ന തൻെറ ബാഹു പരാക്രമം കൊണ്ടു്, ആജൗ = യുദ്ധത്തിൽ, രാജരാജം = കുബേരനെ, ജവേന ജിത്വാ = വേഗം ജയിച്ചിട്ടു്, രാരാജദ് = നല്ല വണ്ണം ശോഭിക്കുന്ന, വാജി രാജീ = കുതിരക്കൂട്ടത്തിൻെറയും, ഗജപദജ = ആനകളുടെയും കാലടിയിൽ നിന്നുണ്ടായ, രജോജാല = പൊടി പടലത്തെക്കൊണ്ടു, ശുഷ്യത് ജലാബ്ധി = ശോഷിച്ച സമുദ്രത്തോടുകൂടിയവനും, സംജാതമോദ = സന്തുഷ്ടരായ, പ്രജമനുജഭുജാം = പ്രജകളായ രാക്ഷസരുടെ, രാജാ അയം = രാജാവായ ഇവൻ (രാവണൻ) ജ്യാഘോഷ വ്യാജഭാജാ = ഞാണൊലിയെന്ന വ്യാജത്തെ ഭജിക്കുന്ന, ചാപവല്ല്യാ = ചാപവല്ലി കൊണ്ടു് (ഞാൺ), ജഗതി = ലോകത്തിൽ, ജയം ജാപയൻ = ജയമന്ത്രത്തെ ജപിപ്പിക്കുന്നവനായിട്ടു്, രാജതാദ്രിം = കൈലാസത്തെ, ജഗാമ = പ്രാപിച്ചു.

വാസ്തവത്തിലില്ലാത്ത സമുദ്രശോഷണ വർണ്ണിച്ചിരിക്കുന്നതിനാൽ അലങ്കാരം സംബന്ധാതിശയോക്തി.

''അയോഗത്തിങ്കലേ യോഗം
സംബന്ധാതിശയോക്തിയാം''.

ഞാണൊലിയെ ജയമന്ത്ര ജപമായി ഉത്പ്രേക്ഷിച്ചിരിക്കയാൽ ഉത്പ്രേക്ഷ.

വൃത്തം — സ്രഗ്ദ്ധര:

ശ്ലോകം. 29.

ആഹരി — ചെമ്പട

ഉത്തുംഗോരു ജടാകടാഹ കലിതോ
ഭസ്മാവദാത ദ്യുതി—
സ്തന്വാ ജങ്ഗമ രാജതാചല ധിയം
തന്വൻ ജഗദ്വന്ദിതഃ
വിഷ്ടഭ്യ ത്രിശിഖം സലീല മവനൗ
തിഷ്ഠൻ പുരദ്വാരി തം
ദൃഷ്ട്വായാന്ത മചിന്തയത് സ ഭഗവാൻ
നന്ദീശ്വര സ്സാംപ്രതം.

അർത്ഥം.

ഉത്തും ഗോരു ജടാ കടാഹ കലിതഃ=ഏറ്റവും വലിയ ജടാഭാരത്തോടുകൂടിയവനും, ഭസ്മാവദാതദ്യുതി=ഭസ്മം ധരിച്ചതുകൊണ്ടു ധവളകാന്തിയുള്ളവനും, ജഗദ്വന്ദിത=ലോകവന്ദിതനും, തന്വാ=ശരീരം കൊണ്ട്, ജംഗ മരാജതാചല ധിയം=സഞ്ചരിക്കുന്ന വെള്ളിക്കുന്നാണെന്നുള്ള ബുദ്ധിയെ തന്വൻ=ഉണ്ടാക്കുന്നവനും, ത്രിശിഖം=ത്രിശൂലത്തെ, സലീലം=ലീലയോടുകൂടി, അവനൗ=ഭൂമിയിൽ, വിഷ്ടഭ്യ=ഊന്നിയിട്ട്, പുരദ്വാരി=പുരദ്വാരത്തിൽ, തിഷ്ഠൻ=നില്ക്കുന്നവനും, (ആയ) സഃ ഭഗവാൻ= (ആ) ഭഗവാൻ, നന്ദീശ്വരഃ=നന്ദീശ്വരൻ, യാന്തം തം ദൃഷ്ട്വാ=പോകുന്ന അവനെക്കണ്ടിട്ട്, സാം പ്രതം=അപ്പോൾ, അചിന്തയത്=വിചാരിച്ചു.

"ഐശ്വര്യസ്യ സമഗ്രസ്യ
വീരസ്യ യശസഃ ശ്രിയഃ
ജ്ഞാന വൈരാഗ്യയോ ശ്ചൈവ
ഷണ്ണാം ഭഗ ഇതീരണാ".

എന്നു് ഭഗവല്ലക്ഷണം.

അലങ്കാരം — ഉത്പ്രേക്ഷ, വൃത്തം — ശാർദ്ദൂലവിക്രീഡിതം.

## രംഗം 9.

### (കൈലാസം)

### പദം. 22.

(നന്ദികേശ്വരൻെറ വിചാരപ്പദം)

ആരിവന മേയ ഭുജ വീര്യ മദശാലീ
മാരാരി ശൈലമതിലാരാൽ വരുന്നതും
നാനായുധോജ്ജ്വലിത സേനായുതൻ വ്യോമ—
യാനാധിരൂഢ നഭിമാന നിധി പാർത്താൽ
ശീതാംശുബിംബ രുചിജാതം ജയിച്ചൊരു—
ശ്വേതാതപത്ര മപി കാണുന്നു ദൂരവേ.
കണ്ഠീരവങ്ങൾ ഗജകണ്ഠേ പതിച്ചളവു
കണ്ടിതു ഭയം പൂണ്ടു മണ്ടുന്നു ദൂരവേ
ഖിന്നത കലൎന്നു ബഹു കിന്നര വധൂ കുലം
ഉന്നത കുചാതി ഭര മന്ദമോടുന്ന ഹോ!
കാലാരി തന്നുടയ ഫാലാക്ഷിയിൽ ശലഭ—
ലീലാരസം കരുതി വരുകയോ ഇന്നിവൻ
കുണ്ഠമതിയായ ദശകണ്ഠനിവനിന്നു ശിതി—
കണ്ഠസഖി ജയഗർവ്വു കൊണ്ടിഹ വരുന്നതും.

അർത്ഥം:—

അമേയ ഭുജ വീര്യ മദശാലി = അളവററ ബാഹുപരാക്രമത്തെ കൊണ്ടുള്ള അഹങ്കാരത്തോടുകൂടിയവൻ, ആരാൽ = ദൂരത്തുനിന്നു് മാരാരി ശൈലം = കൈലാസം, നാനായുധോജ്വലിത സേനായുതൻ = പല തരത്തിലുള്ള ആയുധങ്ങൾ കൊണ്ടു ശോഭിക്കുന്ന സേനയോടു കൂടിയവൻ, വ്യോമയാനാധിരൂഢൻ = പുഷ്പക വിമാനത്തിൽ കയറിയവൻ, ശീതാംശുബിംബ രുചിജാതം = ചന്ദ്രബിംബത്തിൻെറ കാന്തിസമൂഹം, ശ്വേതാതപത്രം = വെൺകൊററക്കുട കണ്ഠീരവം = സിംഹം, ഗജകണ്ഠം = ആനയുടെ കഴുത്തു്, കിന്നര വധൂ കുലം = കിന്നരസ്ത്രീജനങ്ങൾ, ഉന്നത കുചാതി ഭര മന്ദം = വലിയ കുചങ്ങളുടെ അതിയായ ഭാരം കൊണ്ടു മന്ദമായി, കാലാരി

= ശിവൻ, ഫാലാക്ഷി = നെററിയിലെകാണ്ണു്, ശലഭലീലാരസം = ഈയാംപാററയെന്ന പോലെ, ശിതി കണ്ഠൻ = ശിവൻ, ശിതി കണ്ഠജയഗർവ്വ് = കുബേരനെ ജയിച്ചതു കൊണ്ടുള്ള ഗർവ്വ്, ''രാജഹ സ്സഖിഭ്യഷ്ടച'' എന്ന പാണിനീ സൂത്ര പ്രകാരം ശിതികണ്ഠസഖൻ എന്നു വേണം. ശിതികണ്ഠസഖിഷ്ഠ് ച്യുതസംസ്കാര ദോഷമുണ്ടു്.

കാലാരി..... ഇന്നീവൻ എന്നിടത്തു് നിദശ്നാലങ്കാരം.

ശ്ലോകം. 30

(ഘണ്ടാരം — അടന്ത)

പജ്ജന്യ ധ്വനി പടുഭിർ വചോഭിരുച്ചൈ—
സ്തർജ്ജന്യാ ദശവദനഞ്ച തജ്ജയൻ സഃ
ഉദ്വല്ഗത് ത്രിശിഖ സനാഥ ബാഹു ദണ്ഡോ
ഹ്യദ്വൃത്ത ഭ്രുകുടി കരാള മാചചക്ഷേ

അർത്ഥം:—

പജ്ജന്യ ധ്വനിപടുഭിഃ = മേഘനാദം പോലെ ഗംഭീരമായ, വചോഭിഃ = വാക്കുകളോടുകൂടി, തർജ്ജന്യാഃ = ചൂണ്ടുവിരൽ കൊണ്ടു്, ദശവദനം = രാവണനെ. ഉച്ചൈഃ തജ്ജയൻ = ഉച്ചത്തിൽ പേടിപ്പിച്ചു കൊണ്ടു (ചൂണ്ടുവിരൽ കൊണ്ടു് നോക്കിക്കോ എന്നു ഭിഷണിപ്പെടുത്തിക്കൊണ്ടു്). ഉദ്വല്ഗത് = മേലോട്ടിളകുന്ന, ത്രിശിഖ സനാഥ = ത്രിശ്ശൂലത്തോടുകൂടിയ, സഃ = അവൻ (നന്ദികേശ്വരൻ) ഉദ്വൃത്ത = മേല്പോട്ടു വളഞ്ഞ, ഭ്രുകുടി = പുരികം കൊണ്ടു്, കരാള = ഭീഷണമാകും വണ്ണം, ആചചക്ഷേ ഹി = പറഞ്ഞു.

വൃത്തം — പ്രഹർഷിണി

''ത്രിഛ്ഛിന്നം മ ന ജ ര ഗം പ്രഹർഷിണിക്കു''

പദം. 23.

(ചരണം. 1)

യാഹി യാഹി നിശാചരാധമ
സാഹസം തുടരായ്ക നീ
ദേഹികൾക്കു ദുരാസദം
സ്മര ദേഹ ദാഹക മന്ദിരം
തുഹിന കുലഗിരി സുതയൊടൊത്തു
തുഷാര ഭാനു കലാധരൻ
രഹസി വസതി ധരിക്കെടോ!
ജഗ ദേക നായക നവ്യയൻ

(ചരണം 2.)

കാലകാല നശേഷ ജന പരി—
പാലനൈക പരായണൻ
ലീലയാ കമലാസനോരു
കപാല മാല ധരിച്ചവൻ
നിടില തട പടുനയന ചണ്ഡ
ഹുതാശ കുണ്ഡ കരണ്ഡകേ
ത്രിജഗ ദണ്ഡ കടാഹ കോടി
കരിച്ചിടുന്ന മഹേശ്വരൻ

(ചരണം 3)

ശൂലസൂചി നിവിഷ്ട ദിക്കരി
ജാല ഭീഷണ നർത്തനം
ഹേലയാ തുടരുന്ന മദ്ഗുരു
നീലലോഹിത നോക്ക നീ
വികട കടില ജടാ വിഘട്ടന
വിധുത ജലദ ഘടാകുലം
പ്രകട പദഹതി ചട ചടായിത
കമ്ഠാഭ്ര ദ്രുഢ കർപ്പരം

ചരണം. 4.

ആരുമീ വഴി പോകയില്ല
ചരാ ചരാന്തര വാസികാം
നീരജോദ് ഭവനെങ്കിലും
സുരവാര പരി വൃഢനെങ്കിലും
ചരണയുഗ പരിചരണപര ജനി—
മരണ സങ്കട നാശനം
ദുരിതഭര നിര തിമി രഖരകര
ഹരനെ യോൎത്ത തിഭീതിയാൽ

ചരണം. 5

കാളക്കൂട വിഷാനലാശന കേളി
ചെയ്ത ദയാപരൻ
കാളികാ രുചി കണ്ഠനുടെ ശുചി
കാള മളിക വിലോചനം
ത്രിപുര സുമശര തൂണ കുലങ്ങടെ
ഭസിത ഭാസിതമാകയാൽ
സപദി പാര മറിഞ്ഞിടാതെ നീ
സപദി ചെന്നതിൽ വീഴ്കയോ?

അൎത്ഥം:—

യാഹി യാഹി = പോയാലും പോയാലും, ദേഹികാം = ജീവികാം, ദുരാസദം = പ്രാപിക്കാൻ പ്രയാസമുള്ളതു്, സ്മരദേഹ ദാഹക മന്ദിരം = സ്മരദേഹത്തെ (കാമശരീരത്തെ) ദഹിപ്പിച്ചവൻെറ ഭവനം, തുഹിന കുലഗിരി = ഹിമാലയം, തുഹിന കുലഗിരിസുത = പാൎവതി, തുഷാരഭാനു കലാധരൻ = ചന്ദ്രക്കലാധരൻ, രഹസി = ഏകാന്തത്തിൽ, വസതി = വസിക്കുന്നു, അവ്യയൻ = നാശഹീനൻ.

2) അശേഷ ... ... പരായണൻ = എല്ലാ ജനങ്ങളെയും രക്ഷിക്കുന്നതിൽ താത്പൎയ്യമുള്ളവൻ. കമലാസനോരു ... ധരിച്ചവൻ = ബ്രഹ്മാവിൻെറ വലിയ തലയോട്ടുകൊണ്ടു് മാല ധരിച്ചവൻ,

നിടില തടം = നെററിത്തടം, പടുനയനം = രൂക്ഷമായ കണ്ണു്, ചണ്ഡ ഹുതാശൻ = ഘോരാഗ്നി, കുണ്ഡകരണ്ഡകേ = കരണ്ഡകാകൃതിയിലുള്ള ഘോരാഗ്നി കുണ്ഡത്തിൽ, ത്രിജഗദ് = മൂന്നു ലോകം, അണ്ഡകടാഹ കോടി = അനേകം ലോകങ്ങൾ.

3) ശൂല സൂചി നിവിഷ്ട = ശൂലത്തിൻെറ മുനയിൽ തറച്ച, ദിക്കരിജാലഭീഷണ നർത്തനം = ദിഗ്ഗജങ്ങളെക്കൊണ്ടു് ഭീഷണമായ നൃത്തം, ഹേലയാ = വിനോദരൂപത്തിൽ, മദ്ഗുരു = എൻെറ സ്വാമി, നീലലോഹിതൻ = ശിവൻ, വിഘട . . . . . . കുടിലം = വിസ്തൃതവും (ഇടതൂന്നതും) വളഞ്ഞതും ആയ ജടയുടെ ഉരസൽകൊണ്ടു് വിധുതമായ [ഇളക്കപ്പെട്ട] ജലദഘടാകുലം = മേഘക്കൂട്ടംകൊണ്ടു് ആകുലമാം [വ്യാപിച്ചതു്] വണ്ണം, പ്രകട പദഹതി = പ്രകടമായ കാൽച്ചവിട്ടുകൊണ്ടു്, ചടചടായിത = ചടചട ശബ്ദത്തോടുകൂടി ഞെരിയുന്ന, കമഠവര ദൃഢ കർപ്പരം = ആദികൂർമ്മത്തിൻെറ നല്ലവണ്ണം ഉറച്ച പുറംതോടോടുകൂടി [നൃത്തം തുടരുന്നു]

4) ചരാചരാന്തരവാസികരം = ചരാചര രൂപമായിരിക്കുന്ന ലോകത്തിനുള്ളിൽ വസിക്കുന്നവർ, നീരജോദ്ഭവൻ = ബ്രഹ്മാവു്, സുരവാര പരിവൃഢൻ = ദേവ നായകൻ (ഇന്ദ്രൻ), ചരണ യുഗ പരിചരണ = രണ്ടു ചരണങ്ങളെയും പരിചരിക്കുന്നതിൽ, പരന്മാരായ = താത്പര്യമുള്ളവരുടെ, ജനി മരണ സങ്കട നാശനം = ജനന മരണ ദുഃഖത്തെ നശിപ്പിക്കുന്നവനായ, ദുഃരിത ഭര നിര തിമിര = പാപസമൂഹമാകുന്ന ഇരുട്ടിനു്, ഖര കര (സൂര്യൻ) നായ ഹരനെ = ശിവനെ, ഓർത്തു് = വിചാരിച്ചു് (അതിഭീതിയാൽ ഇതുവഴി ആരും വരാറില്ല)

5) കാളകൂട . . . . ദയാപരൻ = കാളകൂടവിഷമാകുന്ന അഗ്നിയെ കളിയായി ഭക്ഷിച്ച ദയാലു, കാളികാ രുചികണ്ഠൻ = മേഘനിറമുള്ള കഴുത്തോടുകൂടിയവൻ, ശുചി കാളം = അഗ്നിജ്വലിക്കുന്ന, അളിക വിലോചനം = നെററിയിലുള്ള കണ്ണു്, ത്രിപുര സുമശര തൃണകുലങ്ങടെ = ത്രിപുരന്മാരും, കാമദേവനുമാകുണ പുൽക്കൂട്ടങ്ങളുടെ, ഭസിത ഭാസിതം = ഭസ്മംകൊണ്ടുശോഭിക്കുന്ന, ത്രിപുര . . . ഭാസിതം—എന്നിടത്തു് അഭവന്മതയോഗം' എന്ന കാവ്യദോഷ

പദം 24.

പന്തുവരാടി — അടന്ത

**രാവണൻ:**

ചരണം 1.

പ്രാകൃത! വാനരാകൃതേ! ചാകവേണ്ട വൃഥാമൂഢ!
പോക! പോക! ചൊന്നതെല്ലാം പോരു മിന്നറിയും—
ഞാനും.

ചരണം 2.

കല്പകാലാനലൻ പോലും മത്പ്രതാപേ ദഹിച്ചു പോം
അല്പസാരനാം നീ യെന്നോടപ്രിയം ചൊല്വതു മഹോ!

ചരണം 3.

ശങ്കരനെന്നാലു മോർത്തും ശങ്ക യില്ല്'ങ്ങവനുടെ
കിങ്കരനാം നീയോ പിന്നെ കിം വൃഥാ കഥന മേവം?

ചരണം 4.

ഇത്ത്രിലോകീനാഥൻ ഞാനെന്നതും—
ത്തളിരിൽ നിൻെറ നാഥ—
നിത്ര നാളു മുള്ള ഗർവ മത്ര തീരു മറിഞ്ഞാലും.

അർത്ഥം:

പ്രാകൃത വാനരാകൃതി=പ്രാകൃതനായ കുരങ്ങൻെറ രൂപം. കല്പകാലാനലൻ=പ്രളയകാലാഗ്നി, അല്പസാരൻ=നിസ്സാരൻ.

ശങ്കരനായാലും എനിക്കു ശങ്കയില്ല. പിന്നെയാണോ ശങ്കര കിങ്കരനായ നീ?

അലങ്കാരം: അർത്ഥാപത്തി.

''അർത്ഥാപത്തിയിതോ പിന്നെ–
ച്ചൊല്ലാനില്ലെന്ന യുക്തിയാം''

കിം വൃഥാ കഥന മേവം = എന്തിനിങ്ങനെ വെറുതേ പറയുന്നു. ത്രിലോകീനാഥൻ = ലോകത്രയത്തിനും നാഥനായിട്ടുള്ളവൻ,

ശ്ലോകം 31.

നിരാകൃതിം യദകൃത വാനരാകൃതിം
സ നന്ദിനം ശിഖരിശരാസന നന്ദിനം
തദാഹവോ ƒ സ്ത്വിതി ഭയദ സ്തദാഹവോ
യുഗാന്തരാത് സ കപിഭുജായുഗാന്തരാത്.

അർത്ഥം:

യത്=യാതൊന്നു ഹേതുവായിട്ട്, സഃ=ആ (രാവണൻ) വാനരാകൃതിം = വാനരാകൃതിയും, ശിഖരിശരാസ നനന്ദിനം= പർവതം വില്ലായുള്ളവനെ സന്തോഷിപ്പിക്കുന്നവനും ആയ, നന്ദിനം=നന്ദികേശ്വരനെ, നിരാകൃതിം അകൃത=വിരൂപിയെന്നു പറഞ്ഞവമാനിച്ചു (വോ), തത്=ആ കാരണത്താൽ, വഃ=നിങ്ങൾക്ക് (രാക്ഷസർക്ക്), യുഗാന്തരാത് = ഇനിയൊരു യുഗത്തിൽ, കപിഭുജയുഗാന്തരാത് = വാനരന്മാരുടെ ബാഹുദണ്ഡമദ്ധ്യത്തിൽ, ഭയദഃ ആഹവ = ഭയങ്കരമായ യുദ്ധം, അസ്തു ഇതി = ഭവിക്കട്ടെ. എന്ന് സഃ നന്ദികേശ്വരൻ = ആ നന്ദികേശ്വരൻ, തദാ ആഹ = അപ്പോൾ പറഞ്ഞു. (ഈശാപഫലമായാണ് ഹനുമദാദി കപികളോട് രാവണാദികൾക്ക് യുദ്ധം ചെയ്യേണ്ടിവന്നതു്)''

''വാനരാകൃതിന്നെയെന്നെപ്പച്ഛരിച്ച ദശകന്ധരാ
പൊട്ടിച്ചിരിച്ചു വല്ലോ നീയിടിത്തീ വീഴൽ പോലവേ
അതിനാലെൻെറ വീര്യം ചേന്നെന്മെയ്യൊത്ത
മഹസ്സൊട്ടം
പിറക്കും വാനരർ; കുല ത്തോടെ നിന്നെ മുടിക്കുവാൻ''
(വാ രാ. ഉത്തരകാണ്ഡം—16—16—17)

വൃത്തം: അതിരുചിര.

''ചതുര്യതിർഹ്യതിരു ചിരാ ജഭസ് ജഗം''

ശ്ലോകം 32.

നിസ്സീമസാര ഭുജദണ്ഡ വിഘൂർണ്ണിതാദ്രി—
നൃത്യത്സുരാസുര ഗണോരഗ സത്വജാലം
ചക്രേതദാ ഹരപുരം സതു യാതുനാഥ—
ശ്ചക്രാനിലാകുലിത തൂലക പിണ്ഡ ശോഭം.

അർത്ഥം:

സഃയാതു നാഥഃ = ആ യാതു നാഥനാകട്ടെ, നിസ്സീമ സാര ഭുജദണ്ഡ = അതിരററ ബലമുള്ള ബാഹുദണ്ഡത്താൽ. വിഘൂർണ്ണിത = ഇളക്കപ്പെട്ട, അദ്രി = പർവതത്തിൽ, നൃത്യത് = നൃത്തം ചെയ്യുന്ന, സുരാസുരഗണോരഗ സത്വജാലം = ദേവന്മാർ, അസുരന്മാർ, ഗണദേവതകൾ, നാഗങ്ങൾ തുടങ്ങിയ പ്രാണിജാലത്തോടുകൂടിയ, ഹരപുരം = കൈലാസം, ചക്രാനിലാകുലിത = ചുഴലിക്കാററിൽപ്പെട്ടു കറങ്ങുന്ന, തൂലിക പിണ്ഡ ശോഭം = പഞ്ഞിക്കെട്ടിൻെറ ശോഭയുള്ളതാക്കിത്തീർത്തു.

രാവണൻെറ കരങ്ങൾ കൊണ്ടിളക്കി ചുഴററപ്പെട്ട കൈലാസാചലം ചുഴലിക്കാററിൽ കറങ്ങുന്ന ഒരു പഞ്ഞിക്കെട്ടാണോ എന്നു തോന്നി. ഉത്പ്രേക്ഷ.

വൃത്തം:— വസന്തതിലകം.

ശ്ലോകം. 33

ആലോലാകുലിതാന്ധകാര പടലം
പീയൂഷ ബിന്ദൂൻ കരൈ-
രീഷന്മൃഷ്ട കളങ്കിത ച്ഛിഗ്ഗുണിത
ശ്രീകേന്ദു ലേഖം തദാ
സോദ്വേഗം സമുപാഗതാ ഗിരിസുതാ
സൗദാമിനീ ശാശ്വതി
സാ കാണ്ഡേ ഹര ശാരദാംബുദ മഹോ!
ഗാഢം സമാലിങ്ഗ്ഗത"

അർത്ഥം:- തദാ=അപ്പോൾ, ശാശ്വതീ=നാശമില്ലാത്ത, സാ ഗിരിസുതാ സൗദാമിനി=ആ ശ്രീപർവതിയാകുന്ന മിന്നൽ ക്കൊടി, ആലോലാകുലിതാന്ധകാരപടലം=ഇളകിച്ചിതറിയ ഇരുട്ടിൻ കൂട്ടത്തോടുകൂടിയതും, പീയൂഷബിന്ദൂക്കരൈ=അമൃതബിന്ദുക്കളുടെ കൂട്ടങ്ങളാൽ, ഈഷൻ മൃഷ്ടഃ=അല്പം കഴുകപ്പെട്ട, കളങ്കിത ച്ഛിഗ്ഗുണിത=കറപ്പ് നിറംകൊണ്ട് ഇരട്ടിക്കപ്പെട്ട ശ്രീകേന്ദുലേഖം=കാന്തിയുള്ള ചന്ദ്രക്കലയോടുകൂടിയതുമായ, ഹര ശാരദാംബുദം=ശിവനാകുന്ന ശരത്ക്കാലമേഘത്തെ, സ ഉദ്വേഗം = പരിഭ്രമത്തോടുകൂടി, അകാണ്ഡേ = അനവസരത്തിൽ, സമുപാഗതാ=അടുത്തു ചെല്ലുന്നവളായി, ഗാഢം സമാലിംഗത=നല്ലവണ്ണം ആശ്ലേഷിച്ചു.

ശരത് കാല മേഘത്തെ മിന്നൽപ്പിണർ ആശ്ലേഷിക്കുന്നതു് അപൂർവ സംഭവമത്രെ ശരത്കാലമേഘം കാളിമ നിശ്ശേഷം അകന്നതും, ശരത്കാലസ്ഥിതമായ ചന്ദ്രലേഖ അത്യന്ത ശുഭ്രവും ആയിരിക്കും; മാത്രമല്ല ചന്ദ്രനിലെ കളങ്കം പീയൂഷംകൊണ്ടു് ക്ഷാളനം ചെയ്യപ്പെട്ടതിനാൽ കൂടുതൽ കാന്തി ചൊരിയുന്നതുമാണു്.

പാർവതിയെ മിന്നൽക്കൊടിയായും ശിവനെ ശാരദാംബുദമായും രൂപണം ചെയ്തിരിക്കുന്നതിനാൽ രൂപകം. ശാശ്വതിയായ സൗദാമിനി എന്നിടത്തു് വ്യതിരേകം. പാർവതിക്കും മിന്നൽപ്പിണരിനും അന്ധകാര ദൂരീകരണം, അംബുദാലിംഗനം മുതലായവയിൽ സാമ്യം.

"വിശേഷം വ്യതിരേ കാഖ്യം
വർണ്ണ്യാ വർണ്ണ്യങ്ങളം തങ്ങളിൽ."

ഇന്ദുലേഖ ദ്വിഗുണിതശോഭയോടു കൂടിയതു് പീയൂഷം കൊണ്ടു കഴുകിയതിനാലായിരിക്കുമെന്നു ശങ്കിച്ചിരിക്കുന്നതിനാൽ ഉത്പ്രേക്ഷ.

ശ്ലോകം: 34

തത്കാലേ ƒ ഥ പുരാരിണാ ഭഗവതാ
പാദാഗ്ര നിഷ്പീഡിതേ
ശൈലേ ശൈലസുതാ സ സംഭ്രമ പരീ–
രംഭ പ്രഹൃഷ്ടാത്മനാ
ലങ്കാനാഥ വിശങ്കടോദ് ഭട ഭുജാ–
പംക്തി സ്തദന്തർഗതാ
യന്ത്രാന്തർ വിദലിക്ഷു കാണ്ഡ പടലീ
ലീലാം സമാഗാ ഹത

അർത്ഥം:- അഥ=അനന്തരം, തത്കാലേ = അപ്പോൾ, ശൈലസുതാ = പാർവതിയുടെ, സസംഭ്രമപരീരംഭ=സംഭ്രമത്തോടുകൂടിയ ആലിംഗനം കൊണ്ടു്, പ്രഹൃഷ്ടാത്മനാ=സന്തുഷ്ട ചിത്തനായ, പുരാരിണാ ഭഗവതാ=പുരാരിയായ ശിവനാൽ, ശൈലേ പാദാഗ്ര നിഷ്പീഡിതേ=(സതി)പർവതം, പാദാഗ്രത്താൽ അമർത്തപ്പെട്ടപ്പോൾ, ലങ്കാനാഥ=രാവണന്റെ വിശങ്കടോദ്ഭടഭുജാപംക്തിഃ=വിസ്തൃതവും ദൃഢവുമായ ബാ

ഹ്രപംക്തി, തദ് അന്തർഗതാ=അതിനിടയിൽ പെട്ട്, യന്ത്രാന്തർ.......... ലീലാം=ചക്കിനകത്തു പെട്ട കരിമ്പിൻ തണ്ടുകളുടെ ലീലയെ സമാഗാഹത=പ്രാപിച്ച

KOTTAYAM.

വൃത്തം—ശാർദ്ദൂലവിക്രീഡിതം.

അലങ്കാരം - ഉത്പ്രേക്ഷ.

ശ്ലോകം: 35

മലഹരി—ചെമ്പട

സാമഗാന പരിമോദമാനമഥ
നാമ നാശിത ജനാമയം
ശ്യാമളാംബുരുഹ രാമണീയക വി-
രാമദാമല ഗളാഞ്ചിതം
കാമിനീ കലിത സാമി ദേഹ മഹി-
ദാമ ശോഭിത ഭുജാന്തരം
യാമിനീചര ലലാമ മാന മദ സീമ
ഭൂമ വിഭവം ഭവം

അർത്ഥം: അഥ=അനന്തരം, സാമഗാന പരിമോദമാനം=സാമവേദ ഗാനത്താൽ സന്തോഷിക്കുന്നവനും, നാമനാശിത ജനാമയം=നാമസങ്കീർത്തനംകൊണ്ട് ജനങ്ങളുടെ ദുഃഖത്തെ ശമിപ്പിക്കുന്നവനും, ശ്യാമളാംബുരുഹ രാമണീയക വിരാമദാ=നീലത്താമരയുടെ ഭംഗിക്ക് വിരാമം വരുത്തുന്ന (ഭംഗം വരുത്തുന്ന), അമലഗളാഞ്ചിതം=പരിശുദ്ധമായ കഴുത്തുകൊണ്ടു ശോഭിക്കുന്നവനും, കാമിനീ കലിത സാമിദേഹം=സ്ത്രീയുടെ വടിവു പൂണ്ട പകുതിശരീരത്തോടുകൂടിയവനും (അർദ്ധനാരീശ്വരൻ) അഹി ദാമ ശോഭിത ഭുജാന്തരം=സർപ്പമാലകൊണ്ടു ശോഭിക്കുന്ന മാറിടത്തോടു കൂടിയവനും, അസീമ ഭൂമ വിഭവം=അതിരററതും മഹിമാവിഭവത്തോടുകൂടിയവനുമായ, ഭവം=ശിവ

നെ, യാമിനീചര ലലാമഃ=രാക്ഷസ കുലാലങ്കാരമായ രാവണൻ ആനമദ്=നന്നായി നമിച്ചു.

വൃത്തം—കുസുമ മഞ്ജരി

"രംനരം നരനരം നിരന്നു വരു-
മെങ്കിലോ കുസുമ മഞ്ജരി"

## രംഗം 10

(ശിവനും രാവണനും)

പദം. 25

**രാവണൻ**

(പല്ലവി)

പരമ കൃപാലയ പാലയ ഭഗവൻ

(അനുപല്ലവി)

കുരു മയി ദയാ മിഹ നിരുപമ തരാകൃതേ

(ചരണം—1)

അപരി മേയനാം നിന്നെ-
യറിയാതെ ഞാൻ ചെയ്തൊ-
രപരാധം ക്ഷമിക്കയെന്ന-
നുചിതം പറവതും;
ജാര സംഗത ശിശു ജാനു
പീഡനം കൊണ്ടു
ജനനീ മാനസ താരിൽ ജാതമാകുമോ രോഷം
(പരമ)

(ചരണം, 2)

പ്രതിദിന മടിയൻ നിൻ പാദപങ്കജം തന്നെ
ശ്രുതിവേദ്യാ കൃതേ! ചിത്തേ ഗതിയെന്നു കരുതിനേൻ
അതിമൂഢമതികളാ മാശ്രിതന്മാരിൽ ഒണ്ഡം
മതി ചൂഡാമണേ! ചെയ്കിൽ മഹിത കാരുണ്യമത്രേ.
(പരമ)

(ചരണം. 3)

പ്രത്യക്ഷം വിധായേദം പ്രകട രാജസ മൂർത്ത്യാ
സത്വ ശോഭിതാകൃതേ! സകലം പാലനം ചെയ്തും
അധ്യക്ഷി ദഹിപ്പിച്ചു മന്തേ താമസാത്മനാ
അധ്യക്ഷൻ ഭവാനേക നപര നില്ലഹോ പാർത്താൽ
(പരമ......)

അർത്ഥം: പരമ കൃപാലയ=വലിയ കൃപയ്ക്കു് ഇരിപ്പിടമായിട്ടുള്ളവനേ, പാലയ=നീ രക്ഷിച്ചാലും, മയി ദയാം കരു= എന്നിൽ ദയ ചെയ്താലും.

അപരി മേയൻ=നിർണ്ണയിക്കാൻ കഴിയാത്തവൻ, ജഠര സംഗത ശിശു=ഗർഭസ്ഥ ശിശുവിൻെറ, ജാനുപീഡനം=മുട്ടുകൊണ്ടുള്ള ഇടികൊണ്ടു്, ജനനീ മാനസതാരിൽ=അമ്മയുടെ മനസ്സിൽ, രോഷം ജാതമാകുമോ=കോപം ജനിക്കുമോ?

ഗർഭസ്ഥ ശിശു ചെയ്യുന്ന പീഡ ഒരു വിധത്തിലും മാതാവിനു് ഉപദ്രവകരമല്ല. അതുപോലെ ഭക്തന്മാർ ചെയ്യുന്നതൊന്നും ഈശ്വരനും പീഡാകരമല്ല. അലങ്കാരം=അർത്ഥാന്തരന്യാസം

ശ്രുതി വേദ്യാകൃതേ=വേദങ്ങളാൽ അറിയപ്പെടത്തക്ക രൂപത്തോടുകൂടിയവനേ, മതി ചൂഡാമണേ=ചന്ദ്രശേഖരാ, ഗതി=ശരണം

പ്രകട രാജസ മൂർത്ത്യാ=പ്രകാശിക്കുന്ന രജോഗുണ സ്വരൂപത്തോടുകൂടിയ (ബ്രഹ്മാകൃതിയിൽ) ഇദം=ഇതിനെ (ഈ ലോകത്തെ) പ്രത്യക്ഷം വിധായ=പ്രത്യക്ഷമായിച്ചമച്ചിട്ടു്, സത്വ ശോഭിതാകൃതേ=സത്വഗുണ പ്രധാനമായ ആകൃതിയുള്ളവനേ (വിഷ്ണുസ്വരൂപാ) അന്തേ=പ്രളയ കാലത്തു് അധ്യക്ഷി=അക്ഷിയിൽ (കണ്ണിൽ) ദഹിപ്പിച്ചും (നശിപ്പിച്ചും) താമസാത്മനാ=തമോഗുണമൂർത്തിയായി, ഭവാനേക നപര നില്ല=എല്ലാം ഭവാൻ തന്നെ, മററാരുമില്ല അദ്ധ്യക്ഷൻ=നായകൻ

ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർ മൂവരും ഒന്നു തന്നെ

പദം 26

മധ്യമാവതി–ചെമ്പട

ശിവൻ:–

(പല്ലവി)

വീര ദശാനന വരിക സമീപേ
ഭൂരി പരാക്രമ ജലധേ!

(അനുപല്ലവി)

പാര മഹോ! വിസ്മയ മിഹ നിൻ ഭുജ–
സാര മിതോർത്ത കതാരി ലിദാനീം (വീര ദശാനന.)

(ചരണം 1)

കുണ്ഠേതര മാകുന്നൊരു നിൻ ഘന
കണ്ഠ രവേണ ജനങ്ങൾ
ഇണ്ട ലിയന്നിഹ 'രാവണ' നെന്നതു
കൊണ്ടൊരു നാമവു മുണ്ടാ മിനി മേൽ (വീരദശാനന)

(ചരണം 2)

തുഷ്ടോ ƒ ഹം തവ സ്തുതിവചനാ ലിനി
ഇഷ്ട വരം തേ തരുവൻ ഞാൻ;
ദുഷ്ട ചരേ മയി നഹി പുനരപി ബഹു–
കഷ്ട ദശാ നുഭവോ ജീവാനാം– (വീര ദശാനന)

അൎത്ഥം:– ഭൂരിപരാക്രമജലധേ=വലിയ പരാക്രമത്തിന് സമുദ്രമായിട്ടുള്ളവനേ. ഭുജസാരം=കൈയൂക്ക്, കുണ്ഠേതരം =തടവില്ലാതെ, നിൻഘന കണ്ഠ രവേണ=നിൻെറ ശക്തിമത്തായ കണ്ഠനാദത്താൽ (നിൻെറ അതിഗംഭീരമായ കണ്ഠനാദത്താൽ രാവണനെന്ന പേരു് പ്രസിദ്ധമായിത്തീരും)

"രാവം തവദീയം നിറഞ്ഞു ജഗത്ത്രയേ
രാവണനെന്നതിനാൽ തവ നാമവും"

(ഉത്തരരാമായണം'

"വൻഘോരാരാവമിട്ടല്ലോ–കുന്നിന്നടിയിലാണ്ട നീ
അതിൽ പ്പേടിച്ചു മൂപ്പാരും–രാവമേററതുമില്ലയോ,
അതിനാൽത്തവ രാജാവേ–വരും രാവണനെന്നു പേർ

(ഉ. കാ. 16–37–38)

"വിശ്രവസോ വിശ്രവണ രവണൗ" എന്ന സൂത്രപ്രകാരം വിശ്രവണാദേശവും രവണാദേശവും വരും. വിശ്രവസ്സിൻെറ മകൻ എന്ന അർത്ഥത്തിൽ വിശ്രവണ എന്ന ആദ്യരൂപത്തിൽനിന്നു വൈശ്രവണ ശബ്ദവും, രവണ എന്ന രണ്ടാം രൂപത്തിൽനിന്നു രാവണ ശബ്ദവുമുണ്ടാകുന്നു.

അഹം തുഷ്ടഃ=ഞാൻ തുഷ്ടനായിത്തീർന്നിരിക്കുന്നു. മയി ദൃഷ്ടചരേ=ഞാൻ കാണപ്പെട്ടവനായിക്കഴിഞ്ഞാൽ, പുനഃ=പിന്നീട്, ജീവാനാം=ജീവകൾക്ക്, ബഹു കഷ്ടഭേദാനുഭവഃ അപി നഹി=പലവിധത്തിലുള്ള കഷ്ടപ്പാടുകൾ ഉണ്ടാകുന്നതുമല്ല.

പദം 27

പുറനീര–ചെമ്പട

രാവണൻ:–

(പല്ലവി)

പാലയ പരമ കൃപാലയ! മാ മിഹ
ഫാല വിലോചന ഭഗവൻ!

(അനുപല്ലവി)

കാളകൂട വിഷ കബളന പാലിത–
കാന്ദിശീക കമലാസന! ഭഗവൻ

(ചരണം. 1)

ആയുധമൊന്നരുളീടേണം മയി പര–
മായുരപി തവ പാദാബ്ജം

ആയതുപോലെ ഭജിച്ചീടുവതി-
ന്നായൊരു കരുണാ ലേശവുമധുനാ- (പാലയ)

അൎത്ഥം: പരമകൃപാലയ=വലിയ ദയയ്ക്കു് ഇരിപ്പിടമായിട്ടുള്ളവനേ, പാലയ=രക്ഷിച്ചാലും, ഫാലവിലോചനൻ=നെററിയിൽ കണ്ണുള്ളവൻ, കാളകൂട.........കമലാസന=കാളകൂട വിഷത്തിൻെറ ഭക്ഷണത്താൽ, ഭയന്നോടിയ ബ്രഹ്മാവിനെ രക്ഷിച്ചവനേ, (ശിവൻ കാളകൂടം ഭക്ഷിച്ചു് ബ്രഹ്മഭയം തീൎത്തു) കാന്ദിശീകൻ=ഭയപ്പെട്ടോടിയവൻ, കബളനം=ഉരുളയാക്കി ഭക്ഷിക്കൽ.

പരം ആയുരപി=ശേഷിച്ച ആയുസ്സും

പദം. 26

ശിവൻ:-

(ചരണം. 3)

ചന്ദ്രഹാസ മരികുല കമലാകര-
ചന്ദ്ര ഹാസ മിതു സമരേ
ഇന്ദ്രമുഖ വിബുധ വിജയ ചണം ഹൃദി
നന്ദിപൂണ്ടു തന്നു തേ ദശാനന (വീര ദശാനന)

(ചരണം. 4)

ഉത്സുകമയി മമ നിങ്ക ലപാരം
ഉത്ഥിതമായതു മൂലം
മത്സരമുള്ള രിപുക്കളെ വെന്നിഹ
വത്സര മനവധി ജീവിച്ചീടുക (വീര ദശാന)

(ചരണം 5)

സംഗര ചതുരത കലരുന്നൊരു ചതു-
രംഗ ബലേന നീ സാകം
തുംഗമോദമൊടു വാഴുക ലങ്കയിൽ
മംഗല മിനിയും വരുമിഹ!, മേലിൽ (വീര ദശാന)

അൎത്ഥം:- അരികുലകമലാകര ചന്ദ്രഹാസം=ശത്രു സമൂഹമാകുന്ന താമരപ്പൊയ്കൾക്കു് നിലാവെന്നതുപോലെ (ചന്ദ്രിക താമരയുടെ ശോഭയെ ഹരിക്കുന്നതാണല്ലോ) ഇന്ദ്ര.........ചണം=ഇന്ദ്രൻ തുടങ്ങിയ ദേവന്മാരെയും ജയിക്കുന്നതിനു് സമൎത്ഥമായതിനെ, നന്ദിപൂണ്ടു = സന്തോഷത്തോടെ, തേ=നിനക്കു്

ഉത്സുകം=തത്പരം (ഇതു് വിശേഷണമാണു് 'ഉത്സുകത്'-നാമം) ഉത്ഥിതം=ഉണ്ടായതു്. സംഗര ചതുരത = യുദ്ധസാമൎത്ഥ്യം. ചതുരംഗബലേനസാകം=ചതുരംഗ (ആന, കുതിര, തേർ, കാലാൾ) പ്പടയോടൊരുമിച്ചു്, തുംഗമോദം=വലിയ സന്തോഷം

ശ്ലോകം. 36

ചന്ദ്രചൂഡ പദമഞ്ജരീ രജഃ-
പുഞ്ജമാർജ്ജിത ലലാട ദുർല്ലിപിഃ
ചന്ദ്രികാ വിശദ സൌധ രാജിതേ
മന്ദിരേ സുഖ മുവാസ രാവണഃ

അൎത്ഥം: ചന്ദ്ര.........പുഞ്ജമാർജ്ജിത = ചന്ദ്രശേഖരന്റെ പാദമാകുന്ന പൂങ്കുലയിലെ പൂമ്പൊടി സമൂഹത്താൽ മാച്ചുകളയപ്പെട്ട, ലലാട ദുർല്ലിപി=നെററിത്തടത്തിലെ ദുർവിധിയോടുകൂടിയവനായ, രാവണഃ=രാവണൻ, ചന്ദ്രികാ വിശദ സൌധ രാജിതേ=നിലാവുകൊണ്ടു തെളിഞ്ഞ വെൺമേടകളാൽ ശോഭിതമായ, മന്ദിരേ സുഖം ഉവാസ=മന്ദിരത്തിൽ സുഖമായി വസിച്ചു.

വൃത്തം-രഥോദ്ധത

"രം നരം ല ഗുരുവും രഥോദ്ധത"

ശ്ലോകം. 37

ആരാമാങ്ക ഭുവം വിഹൃത്യ സുചിരം
ധാവന്ത മന്യാശയാ
കിഞ്ചിന്മൂഢ ഗതിം തു കന്ദുക ശതൈർ
വിദ്ധം ഭവാനീ പതേ!

ഹൃത്സാരംഗ മിമം വിഭോ നിയമിതും
ദക്ഷം മമൈവം വിധം
സ്വാമിൻ! ത്വത് പദ പുണ്ഡരീകയുഗളാ–
ദന്യം ന മന്യാമഹേ.

അത്ഥം: സ്വാമിൻ ഭവാനീപതേ=പർവതീ കാന്താ! ആരാമാങ്ക ഭുവം=ഒരു പൂന്തോട്ട പ്രദേശത്തിൽ. സുചിരം വിഹൃത്യ=ഏറെക്കാലം വിഹരിച്ചിട്ട്, അന്യാശയാ ധാവന്തം=മറെറാന്നിലുള്ള ആശയോടുകൂടി ഓടുന്നവനായി, തു=എന്നാൽ. കണ്ടക ശതൈ വിദ്ധം=മുൾക്കൂട്ടങ്ങളാൽ മുറിക്കപ്പെട്ടതായി, കിഞ്ചിൽ മൂഢഗതിം=അല്പം അജ്ഞാതമായ ഗതിയോടുകൂടിയ, ഇമം ഹൃത്സാരംഗം=ഈ ഹൃദയമാകുന്ന വണ്ടിനെ, നിയമിതും=നിയന്ത്രിക്കുന്നതിന്ന്, ഏവം വിധം=ഇപ്രകാരം, ദക്ഷം= സാമത്ഥ്യമുള്ളതായിട്ട്, ത്വത്പദ പുണ്ഡരീക യുഗളാത്=അങ്ങയുടെ പാദമാകുന്ന താമരപ്പൂക്കളിൽ നിന്നു് അന്യം (വയം) ന മന്യാമഹേ=മറെറാന്നു് ഞങ്ങളറിയുന്നില്ല

വൃത്തം: ശാർദ്ദൂല വിക്രീഡിതം

ശ്ലോകം 38

വിജ്ഞാനം വിവിധാഗ മേഷു ഭണിതൗ
ഭങ്ഗ്യോപി ചേത് തം ബുധാ
മൃഷ്യന്തേ ഖലു "ഗച്ഛതസ്ഖലന"മി–
ത്യാപാദയന്തോ ഗുണാൻ
അജ്ഞാനാമിഹ സാഹിതീ പ്രലപനേ
കാ വാ കഥാ മാദൃശാ–
മവ്യക്താക്ഷര കോമളാം ശിശുഗവീം
നോദാഹരിഷ്യന്തി ചേത്.

അത്ഥം: വിവിധാഗമേഷു=വിവിധ ശാസ്ത്രങ്ങളിൽ, വി

ജ്ഞാനാം ഭണിതൗ=അറിവുള്ളവരുടെ വാക്കിൽ, ഗുണാൻ ആ പാദയന്തഃ=ഗുണങ്ങളെ കല്പിക്കുന്നവരായ, ബുധാഃ=വിദ്വാന്മാർ, ഭംഗ ഭവതി ചേദ്‌അപി=എന്തെങ്കിലും ഭംഗം ഭവിക്കുന്നുവെങ്കിലും, തം=ആ ഭംഗത്തെ "ഗഛതഃ സ്ഖലനം"=നടക്കുന്നവൻെറ കാൽ പതറൽ ("ഗച്ഛതഃ സ്ഖലനം ധ്രുവം" എന്ന ചൊല്ലാണിതു്. പ്രവൎത്തിക്കുന്നവനു് തെററു പററുമെന്നു സാരം)എന്നു, മൃഷ്യന്തേ ഖലു=ക്ഷമിക്കുന്നുണ്ടല്ലോ. മാദൃശാം=എന്നെപ്പോലുള്ള, അജ്ഞാനാം=അറിവില്ലാത്തവരുടെ, സാഹിതീ പ്രലപനേ=സാഹിത്യ ജല്പനത്തിൽ, ഇഹ=ഇവിടെ (ഈ ലോകത്തു്) അവ്യക്താക്ഷര കോമളാം=അവ്യക്താക്ഷര മധുരമായ, ശിശുഗവീം=കുഞ്ഞുങ്ങളുടെ കൊഞ്ചലിനെ, തേ=ആ പണ്ഡിതന്മാർ, ന ഉദാഹരിഷ്യതി ചേത്=ഉദാഹരിക്കയില്ലെങ്കിൽ, കാ വാ കഥാ=എന്താണു കഥ?

വൃത്തം: ശാർദ്ദൂല വിക്രീഡിതം.

(ലളിതാൎത്ഥ ദീപിക.)

— * —

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MA5 Acc. No. 48109

This book should be returned on or before the date last stamped below.

16 OCT 1973
10 JUN 1975
4 JUL 1974
19 JUL 1975
22 JUN 1976
9 JUL 1979
7 FEB 1980
26 FEB 1980
8 JUN 1985
26 APR 1990

MAS — 48109

ശോചിനാമചിഞ്ഞ വത്ഥചരനവിൽ

രാവണവിജയം.

## വ്യാഖ്യാതാവിൻെറ ഇതര കൃതി

1. കർണ്ണപർവം (വ്യാഖ്യാനം)
2. സൗഭദ്രികകഥ ( ” )
3. കുചേലസദ്ഗതി ( ” )
4. നളചരിതം ആട്ടക്കഥ (മൂന്നാം ദി:) ( ” )
5. രാവണവിജയം ആട്ടക്കഥ ( ” )
6. ഭാഷാവ്യാകരണസൂത്രം
7. മലയാള വ്യാകരണവും രചനയും.


പ്രസാധകർ,

എസ്സ്. എച്ച്. ബുക്ക് ഡിപ്പോ

ചങ്ങനാശ്ശേരി